
# കാർമ്മേൽ

ഏപ്രിൽ 1963 ത്രൈമാസികം



# CARMEL

APRIL 1963 QUARTERLY

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്കു്

കാർമ്മലിൻെറ വരിപ്പണം ഇനിയും അടച്ചിട്ടില്ലാത്തവർ കുടിശ്ശികയുൾപ്പെടെ അയച്ചുതന്നു് ദയവായി സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

മാനേജർ "കാർമ്മെൽ"
സെൻറു് ജോസഫ്സു് പ്രസ്സു്,
തിരുവനന്തപുരം-14.

കവർ ചിത്രം
ചെറുപുഷ്പഭവൻ, പാറോലിക്കൽ
(ഏററുമാനൂർ)
S. S. L. C പാസ്സായിട്ടുള്ള
ഞങ്ങളുടെ യോഗാർത്ഥികൾ പഠിക്കുന്ന സ്ഥലം.

വഷം 16 പു. 16 } ഏപ്രിൽ 1963 { ലക്കം 2

DHARMARAM COLLEGE BANGALORE 16164

പത്രാധിപക്കുറിപ്പ്

# വൊക്കേഷൻ(ദൈവവിളി)സെമിനാർ

വൊക്കേഷൻ (ദൈവവിളി) ലഭിച്ചവർ സെമ്മിനാരിയിൽ പോയി പഠിക്കുന്നതു് മനസ്സിലാക്കാം. എന്നാൽ എന്താണീ വൊക്കേഷൻ സെമിനാർ? അതു് ദൈവവിളി ലഭിച്ചവക്കെന്നതിനേക്കാൾ ലഭിക്കേണ്ടവക്കുള്ളതാണു്.

ഇന്നേതുകാര്യങ്ങൾക്കും സെമിനാർ നടത്തുക ഒരു പതിവായി തീന്നിരിക്കയാണല്ലോ. അദ്ധ്യാപക സെമിനാർ, ഇന്ത്യൻ പ്രതിരോധസെമിനാർ, കുടുംബ സംവിധാനസെമിനാർ മുതലായി പലതരത്തിലുള്ള സെമിനാർകളെക്കുറിച്ചു് നാം കേൾക്കുന്നുണ്ടു്. ആ സ്ഥിതിക്കു് ദൈവവിളിയെക്കുറിച്ചു് എന്തുകൊണ്ടു് ഒരു സെമിനാർ പാടില്ല എന്നൊരാശയം ഞങ്ങൾക്കു് ജനിച്ചതിൻെറ ഫലമാണീ വൊക്കേഷൻ സെമിനാർ.

ജീവിതത്തിൻെറ വഴിത്തിരിവിലെത്തിയിരിക്കുന്ന യുവലോകത്തിനു തങ്ങളുടെ ഭാവിജീവിതാവസ്ഥ തെരഞ്ഞെടുക്കുക വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമാണല്ലോ. ജീവിത സൗഭാഗ്യം മുഴവൻ ആ തെരഞ്ഞെടുപ്പിനെ ആശ്രയിച്ചാണിരിക്കുന്നതു്. ഇക്കാര്യത്തിൽ ഇക്കൊല്ലം S. S. L. C. പരീക്ഷക്കു് ചേരുന്നവരും കോളേജിൽ പഠിക്കുന്നവരുമായ കത്തോലിക്കാ യുവ വിദ്യാത്ഥികൾക്കു് പ്രകാശവും മാഗ്ഗനിദശനവും നൽകണമെന്ന ലക്ഷ്യത്തോടുകൂടി ഞങ്ങൾ ഒരു ത്രിദിന വൊക്കേഷൻ (ദൈവവിളി) സെമിനാർ ആസൂത്രണം ചെയ്യുകയാണു്.

ദിവസങ്ങൾ: 1963 ഏപ്രിൽ 15-ാംനു- വൈകുന്നേരം 6-30 നു ആരംഭിച്ചു് ഏപ്രിൽ 19-ാംനു- കാലത്തു് 7 മണിക്കു് അവസാനിക്കും.

സ്ഥലം: ചെറുപുഷ്പഭവൻ, പാറോലിക്കൽ, (ഏററുമാനൂർ–കോട്ടയം റോഡിൽ ഒന്നര മൈൽ തെക്കു്)

പ്രോഗ്രാം: ദൈവവിളിയുടെ പ്രാധാന്യം, പശ്ചാത്തലം, ലക്ഷണങ്ങൾ, മനോഭാവങ്ങൾ, അതിൻെറ വളച്ച്യുടെ അടിസ്ഥാനതത്വങ്ങൾ, മാഗ്ഗങ്ങൾ, പ്രതിബന്ധങ്ങൾ, വിവിധ സന്യാസ സഭകളുടെ ഉത്ഭവം, ചരിത്രസംക്ഷേപം, ചൈതന്യം മുതലായ വിഷയങ്ങളെക്കുറിച്ചു് കോൺഫെറൻസുകളും ചച്ചകളും ഉണ്ടായിരിക്കും. ചില്ലറ വിനോദ പ്രകടനങ്ങളും ഉണ്ടായിരിക്കുന്നതാണു്.

വ്യവസ്ഥകൾ: ബോർഡിംഗ് ഫീസ് ആവശ്യമില്ല; പങ്കെടുക്കുവാൻ താല്പയ്യമുള്ളവർ ഏപ്രിൽ 8-ാം തിയതിക്കു് മുമ്പു് താഴെക്കാണുന്ന മേൽ വിലാസത്തിൽ അപേക്ഷിച്ചു് പ്രവേശനകാർഡ് വാങ്ങിച്ചിരിക്കണം. വരുന്നവർ ബെഡ് ഷീററുകൾ കൊണ്ടുവരണം.

N. B. ഇതു സംബന്ധിച്ചുള്ള എല്ലാ കത്തിടപാടുകളും താഴെ കാണുന്ന വിലാസത്തിൽ നടത്തുക:

Rev. Fr. Director
Cherupushpa Bhavan
Parolickal (Ettumanoor)
P. O. Athirampuzha

# നിഷ്പാദുക കർമ്മേലസഭയും മിഷ്യൻ ചൈതന്യവും

(ഫാ. ഫിലിപ്പ് ഒ. സി. ഡി.)

## അമ്മത്രേസ്യായും മിഷ്യൻ ചൈതന്യവും

"സൈന്യങ്ങളുടെ നാഥനായ ദൈവത്തിനുവേണ്ടി തീക്ഷ്ണതയാൽ എരിഞ്ഞുകൊണ്ടിരുന്ന വി. ഏലിയാസാണ്", കർമ്മേലസഭയുടെ പിതാവും നേതാവും. 1515 മാർച്ച് 8-ാംതിയതി ആവിലായിൽ ജനിച്ച വി. അമ്മത്രേസ്യാ ഏലിയാസിൽ ജ്വലിച്ചിരുന്ന ആ ചൈതന്യത്തിന്റെ മാംസം ധരിച്ച രൂപംതന്നെയായിരുന്നു. ജനനംമുതൽ അവൾ ദൈവമഹത്വത്തിനും ദൈവരാജ്യത്തിനുംവേണ്ടി തീക്ഷ്ണതയാൽ എരിയുകയായിരുന്നു.

കേവലം ഏഴുവയസ്സുമാത്രം പ്രായമുള്ളപ്പോൾ ത്രേസ്യാ സ്വസഹോദരനുമൊന്നിച്ച് മൂർവംശജരായ മഹമ്മദീയരുടെ നാട്ടിലേക്ക് പുറപ്പെടുകയുണ്ടായി, അവിടെ മിശിഹായ്ക്കുവേണ്ടി ശിരച്ഛേദനം ചെയ്യപ്പെടുന്നതിന്. എന്നാൽ, രാത്രിസമയം വീട്ടിൽനിന്നൊളിച്ചോടിയ ഈ ബാലികാബാലന്മാരെ അവരുടെ ഇളയപ്പൻ വഴിക്കുവച്ചു തടഞ്ഞ് സ്വഭവനത്തിലേക്ക് തിരിച്ചുകൊണ്ടുപോയതുകാരണം, ത്രേസ്യായുടെ അഭിലാഷം സാധിക്കാതെപോയി.

1536, നവംബർ 2-ാംതിയതി ത്രേസ്യാ ആവിലായിലെ കർമ്മേലമഠത്തിൽ പ്രവേശിച്ചു. എന്നാൽ അവിടത്തെ ജീവിതരീതി അവളെ തൃപ്തയാക്കിയില്ല. കൂടുതൽ തീക്ഷ്ണമായ, കൂടുതൽ പ്രാർത്ഥനയും തപശ്ചര്യകളുമുള്ള, ഒരു ജീവിതമാണ് അവൾ ആഗ്രഹിച്ചത്. തന്മൂലം 1562, ആഗസ്റ്റ് 24-ാംതിയതി അവൾ നവീകൃത കർമ്മേലസഭയുടെ പ്രഥമ ഭവനം ആവിലായിൽ സ്ഥാപിച്ചു. എന്നാൽ ഈ പ്രാർത്ഥനകളുടേയും തപസ്സിന്റേയും എല്ലാം ഉദ്ദേശം ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും മാത്രമായിരുന്നു.

അക്കാലത്തു ഫ്രാൻസിലും ജർമ്മനിയിലും പ്രോട്ടസ്റ്റന്റ് മതവിപ്ലവക്കാർ വളരെയധികം നാശങ്ങൾ തിരുസ്സഭയ്ക്കും ആത്മാക്കൾക്കും വരുത്തുന്നുണ്ടായിരുന്നു. തിരുസ്സഭയെ അത്യധികം സ്നേഹിക്കുകയും ആത്മാക്കളുടെ രക്ഷ തീവ്രമായി ആഗ്രഹിക്കുകയും ചെയ്തിരുന്ന ത്രേസ്യായുടെ ഹൃദയത്തെ ഈ സംഭവങ്ങൾ വളരെ വേദനിപ്പിച്ചു.

അമ്മത്രേസ്യായുടെ പ്രേഷിതചൈതന്യം വർദ്ധിപ്പിക്കുന്നതിനുതകുന്ന മറെറാരു സംഭവവും ആയിടയ്ക്കുണ്ടായി. മൽദോനാദോ എന്നു പേരുള്ള ഒരു ഫ്രാൻസിസ്കൻവൈദികൻ ത്രേസ്യായുടെ മഠം സന്ദർശിക്കുകയും, അമേരിക്കയിലന്നുണ്ടായിരുന്ന അനേകായിരം അനാഗതർ, വേദസത്യങ്ങൾ അറിയാതെ നശിച്ചുപോകുന്ന വിവരം ആ മഠത്തിലെ കന്യാസ്ത്രീകളെ ഗ്രഹിപ്പിക്കുകയും ചെയ്തു. ആ വന്ദ്യവൈദികന്റെ വാക്കുകൾ ശ്രവിച്ചശേഷം മഠം വക തോട്ടത്തിലുണ്ടായിരുന്ന ഒരു കപ്പേളയിൽ, ദിവ്യനാഥന്റെ സ്വരൂപത്തിൻ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട് വിശുദ്ധ ഇങ്ങനെ വിലപിച്ചു: "ഹാ ദൈവമെ, ഞാൻ ഒരു സ്ത്രീയായിപ്പോയല്ലൊ, അല്ലെങ്കിൽ എനിക്കും അന്യദേശങ്ങളിൽ പോയി ദൈവരാജ്യം പ്രസംഗിക്കുകയും ആത്മാക്കളെ രക്ഷിക്കുകയും തിരുസ്സഭയ്ക്കുവേണ്ടി പൊരുതുകയും ചെയ്യാമായിരുന്നല്ലൊ." ഇങ്ങനെ വിലപിച്ചുകൊണ്ടിരുന്ന വിശുദ്ധയുടെ ചെവിയിൽ ഒരശരീരിവാക്യം മുഴങ്ങി: "മകളെ ധൈര്യമായിരിക്കുക. അധികം താമസിയാതെ നീ വലിയ കാര്യങ്ങൾ ദർശിക്കും." ദിവ്യനാഥന്റെ വാക്കുകളായിരുന്നു അവ.

"ഈ വലിയ കാര്യങ്ങൾ ദർശിക്കുന്നതിനു" അവൾ അധികംനാൾ കാത്തിരിക്കേണ്ടിവന്നില്ല. യോഹന്നാൻ ക്രൂസ് പുണ്യവാന്റെ നേതൃത്വത്തിലും, വി. അമ്മത്രേസ്യായുടെ സഹകരണത്തിലും 1568, നവംബർ 28-ാംതിയതി നവീകൃത കർമ്മലീത്താസഭയിലെ ഒന്നാമത്തെ ആശ്രമം ദുരുവേലോ എന്ന സ്ഥലത്തു സ്ഥാപിതമായി. ഒരു സ്ത്രീ ആയിപ്പോയതുമൂലം ത്രേസ്യായ്ക്ക് അന്ന് അപ്രാപ്യമായിരുന്ന പ്രേഷിതപ്രവർത്തനങ്ങൾ ഏറെറടുത്തുനടത്തി, ലോകം മുഴുവനും കർമ്മേലസഭയുടെ മിഷ്യൻചൈതന്യം വിളംബരം ചെയ്യുന്നതിന് ദൈവത്താൽ നിയുക്തരായിരുന്ന ഈ നിഷ്പാദുക സന്യാസികൾ.

ദുരുവേലോയിൽത്തന്നെ ആ പ്രഥമ സന്യാസികൾ നിർവ്വഹിച്ച പ്രേഷിതപ്രവർത്തനങ്ങളെ സംബന്ധിച്ച് ആത്മസംതൃപ്തിയോടെ അമ്മത്രേസ്യാ രേഖ

പ്പെടുത്തുന്നതു് ഇപ്രകാരമാണ്: "ചുററമുള്ള പല സ്ഥലങ്ങളിലും അവർ പ്രസംഗിക്കുന്നതിനുപോയിരുന്നു. അവിടത്തെ ജനങ്ങൾക്ക് വേദപഠനം വളരെ ആവശ്യമായിരുന്നു. തന്മൂലം ആ ഭവനം അവിടെ സ്ഥാപിതമായതിൽ ഞാൻ അത്യധികം ആനന്ദിച്ചു. അവിടെ അടുത്തെങ്ങും വേറെ ഒരു സന്യാസഭവനം ഉണ്ടായിരുന്നില്ല...........ഏററവും ചുരുങ്ങിയ കാലയളവിൽ അവർ വളരെ നല്ല ഒരു പേരു അവിടെ സമ്പാദിച്ചു. അതേപ്പററി കേട്ടപ്പോൾ എനിക്കുണ്ടായ സന്തോഷത്തിനതിരില്ല. പലപ്പോഴും നാലഞ്ചുമൈൽ ദൂരം നിഷ്പാദുകരായി നടന്നുപോയിട്ടാണ് അവർ പ്രസംഗങ്ങൾ നടത്തിയിരുന്നതു്."

പുരുഷന്മാർ ഇങ്ങനെ പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തുടങ്ങിയപ്പോൾ അമ്മത്രേസ്യായുടെ പ്രിയ പുത്രികൾ അലസരായിരുന്നില്ല. പ്രാർത്ഥനയും പരിത്യാഗവുംമൂലം പ്രേഷിതരെ സഹായിക്കുകയെന്ന പദ്ധതിയാണ് അവർ ആവിഷ്ക്കരിച്ചതു്. വി. അമ്മത്രേസ്യാ തത്സംബന്ധമായി സ്വപുത്രികൾക്കു നൽകിയ ഉപദേശം ഇപ്രകാരമാണ്.

"നവീകൃതസഭയുടെ മഠങ്ങളിൽ ഇത്രകഠിനമായ തപസ്സുകൾ അനുഷ്ഠിക്കണമെന്ന് ആരംഭത്തിൽ എനിക്കുദ്ദേശമുണ്ടായിരുന്നില്ല. അക്കാലത്തു് ഫ്രാൻസിലെ കഷ്ടപ്പാടുകളെപ്പററിയും അവിടെ ലൂഥറൻ പാഷണ്ഡമതക്കാർ വരുത്തിയിരുന്ന കെടുതികളെപ്പററിയും, ആ നശീകരണപ്രസ്ഥാനത്തിൻെറ വളർച്ചയെപ്പററിയും ഞാൻ കേൾക്കാൻ ഇടയായി. ഇതെല്ലാം എന്നെ വളരെയധികം വേദനിപ്പിച്ചു........അവിടെ നശിച്ചുകൊണ്ടിരുന്ന ആത്മാക്കളിൽ ഒന്നിനെ രക്ഷിക്കുന്നതിന് ഒരായിരം പ്രാവശ്യം മരിക്കുന്നതിനു ഞാൻ തയ്യാറായിരുന്നു. എന്നാൽ ഞാൻ ബലഹീനയും പാപിനിയുമായ ഒരു സ്ത്രീമാത്രമായിരുന്നതുകൊണ്ടു്, ഞാൻ ആഗ്രഹിച്ചതുപോലെ ദൈവത്തെ സേവിക്കുന്നതിന് എനിക്കു കഴിഞ്ഞില്ല. തന്മൂലം കഴിവുള്ളതു ചെയ്യുന്നതിനു ഞാൻ നിശ്ചയിച്ചു. സുവിശേഷ സാരോപദേശങ്ങളെ പരിപൂർണ്ണമായി പാലിക്കുകയും എൻെറ കൂടെ ഇവിടെയുള്ള കന്യാസ്ത്രീകളും അപ്രകാരം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുക എന്നതായിരുന്നു അതു്"........അങ്ങനെ, നമ്മുടെ സ്നേഹനാഥന് ലോകത്തിൽ ഒരു സങ്കേതംപോലും നല്കാതെ, തന്നെ വീണ്ടും കുരിശിൽ തറയ്ക്കുന്നതിനു, തന്നിൽനിന്നു വലിയ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നവർതന്നെ പരിശ്രമിക്കുന്നു എന്നു തോന്നിപ്പോകുന്ന ഇക്കാലത്തു് തിരുസഭയ്ക്കു വേണ്ടിയും, സഭയെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രസംഗകർക്കും വേദശാസ്ത്രജ്ഞന്മാർക്കും വേണ്ടിയും നിരന്തരം പ്രാർത്ഥിച്ചുകൊണ്ടു്, അവിടുത്തെ അല്പമെങ്കിലും സഹായിക്കാമെന്നായിരുന്നു എൻെറ പ്രതീക്ഷ."

കർമ്മലീത്താ കന്യാസ്ത്രീകളുടെ യഥാർത്ഥജീവിതാദർശം എന്താണെന്ന് ഈ വാക്കുകൾ വിളംബരം ചെയ്യുന്നുണ്ടു്. പ്രേഷിതത്വം, ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടിയുള്ള ദാഹം, ഇതാണ് അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന കാന്തസൂചി. കർത്താവിൻെറ മുന്തിരിത്തോട്ടത്തിൽതന്നെയാണ് അവർക്കും സ്ഥാനം. എന്നാൽ ബാഹ്യമായ മിഷ്യൻ പ്രവർത്തനങ്ങൾ മുഖേനയല്ല, പ്രത്യുത പ്രാർത്ഥനയും പരിത്യാഗവുംവഴിയുള്ള സ്വജീവിതബലിസമർപ്പണം മുഖേനയാണ് അവിടെ അവർ സ്വകൃത്യം നിർവഹിക്കുന്നതു്.

വി. ത്രേസ്യായുടെ പുത്രികൾ ഈ തത്വം നന്നായി ഗ്രഹിച്ചിട്ടുണ്ടു്. അതുകൊണ്ടാണ് ആധുനികലോകത്തിലെ ഏററവും വലിയ വിശുദ്ധയും വി. ത്രേസ്യായുടെ ഉത്തമപുത്രിയുമായ ചെറുപുഷ്പം ഇപ്രകാരം ഉദ്ഘോഷിക്കുന്നതു്. "ഓ, ഈശോയെ, എൻെറ സ്നേഹമെ, എൻെറ ദൈവവിളി ഞാനിതാ അവസാനം കണ്ടുപിടിച്ചിരിക്കുന്നു. എൻെറ ദൈവവിളി സ്നേഹമാണ്. തിരുസ്സഭയുടെ മടിയിൽ എനിക്കുള്ള സ്ഥാനം ഞാൻ കണ്ടെത്തിയിരിക്കുന്നു. ആ സ്ഥാനം എനിക്കു നൽകിയതു്, എൻെറ ദൈവമേ, അങ്ങുതന്നെയാണ്. എൻെറ അമ്മയായ തിരുസ്സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും."

അതെ, തിരുസ്സഭയുടെ ഹൃദയത്തിൽ സ്നേഹമായിരുന്നുകൊണ്ടു്, പ്രേഷിതരെ പ്രസംഗിക്കുന്നതിനും, രക്തസാക്ഷികളെ രക്തം ചിന്തുന്നതിനും, ചുരുക്കത്തിൽ, ബാഹ്യമായ ഓരോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തിരുസഭയുടെ വിവിധ അവയവങ്ങളെ പ്രവർത്തനോന്മുഖമാക്കുന്നതിനും, പരിശ്രമിക്കുക എന്നതാണ് അമ്മത്രേസ്യാ തൻെറ പുത്രികൾക്ക് നല്കിയിരിക്കുന്ന ദൌത്യം. ഇതു് എത്ര വിജയപ്രദമായി അവർ നിർവ്വഹിക്കുന്നുണ്ടെന്നുള്ളതിന് തെളിവാണ്, വി. കൊച്ചുത്രേസ്യായെ സകല മിഷ്യൻ രാജ്യങ്ങളുടെയും മദ്ധ്യ

യായി നിർദ്ദേശിച്ചുകൊണ്ടുള്ള ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ പ്രഖ്യാപനം.

എന്നാൽ സ്വപുത്രികൾ ഇങ്ങനെ മതിൽക്കെട്ടുകൾക്കുള്ളിൽ ജീവിച്ചുകൊണ്ട് അവരുടെ ദൗത്യം നിർവഹിക്കുമ്പോൾ പ്രവർത്തനരംഗത്തിറങ്ങി അടരാടണമെന്നാണ് വി. അമ്മ സ്വപുത്രന്മാരെ ഉദ്ബോധിപ്പിക്കുന്നത്. വിശുദ്ധയുടെ കാലത്തുതന്നെ, നവീകൃത സഭയുടെ പ്രഥമ പ്രോവിൻഷ്യൽ ആയിരുന്ന ഫാ. ജെറോം ഗ്രാസിയാൻ മിഷ്യനറിമാരെ കോംഗോയിലേക്കും മെക്സിക്കോയിലേക്കും അയക്കുകയുണ്ടായി. അമ്മത്രേസ്യായുടെ നിർബന്ധപൂർവ്വമായ പ്രേരണയുടെ ഫലമായിട്ടാണ് ആ വന്ദ്യവൈദികൻ അപ്രകാരം പ്രവർത്തിച്ചത്. എന്നാൽ വിശുദ്ധയുടെ മരണശേഷം മിഷ്യൻ ചൈതന്യം സ്പെയിനിലെ നിഷ്പാദുക കർമ്മലീത്തരുടെയിടയിൽ വാദപ്രതിവാദങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമായി. മാത്രമല്ല, ഫാ. ഗ്രാസിയാനെത്തന്നെ സഭാഭ്രഷ്ടനാക്കുകയും, അദ്ദേഹത്തിന്റെ പിൻഗാമിയും സഭയുടെ പ്രഥമ വിക്കർ ജനറലും ആയിരുന്ന ഫാ. നിക്കൊളാസ് ദോറിയാ തന്റെ സഭാംഗങ്ങൾ ബാഹ്യമായ മിഷ്യൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനെ പൂർണ്ണമായി നിരോധിക്കുകയുമുണ്ടായി. മാത്രമല്ല, നിഷ്പാദുക കർമ്മലസഭയുടെ ആശ്രമങ്ങൾപോലും സ്പെയിനിലും, സ്പെയിനിന് കീഴിലുള്ള രാജ്യങ്ങളിലുംമാത്രമെ സ്ഥാപിക്കാൻ പാടുള്ളു എന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ സ്പെയിൻ രാജാവായ ഫിലിപ്പ് രണ്ടാമന്റെ പിന്തുണയും അദ്ദേഹത്തിനുണ്ടായിരുന്നു.

## ഇറ്റലിയിലെ നിഷ്പാദുക കർമ്മലസഭ

അക്കാലത്ത് സ്പെയിനിന് പുറമേ, ഇറ്റലിയിൽ ജനോവാ നഗരിയിൽ, ഒരു നിഷ്പാദുക കർമ്മലീത്താ ആശ്രമം സ്ഥിതി ചെയ്തിരുന്നു. അത് സ്ഥാപിച്ചത് ജനോവാ സ്വദേശിയായിരുന്ന ഫാ. നിക്കൊളാസ് ദോറിയാതന്നെയായിരുന്നു. സ്പെയിനിന് പുറമെ, നിഷ്പാദുക സഭയുടെ ആശ്രമങ്ങൾ സ്ഥാപിക്കാൻ മേലധികാരികൾ വിസമ്മതിക്കുന്നു എന്നറിഞ്ഞപ്പോൾ അന്ന് തിരുസ്സഭയെ ഭരിച്ചിരുന്ന, ക്ലെമെന്റ് എട്ടാമൻ മാർപ്പാപ്പാ ഇപ്രകാരം പ്രസ്താവിച്ചു. "സംഗതികളുടെ നില അപ്രകാരമാണെങ്കിൽ നമുക്ക് ഇറ്റലിയിലെ നിഷ്പാദുക കർമ്മലീത്തരെ സ്പെയിനിലെ സഭയിൽനിന്ന് വേർപെടുത്താം. സ്പെയിൻകാർ അവരുടെ രാജാവിന്റെ അഭിമതം അനുസരിക്കട്ടെ. എന്നാൽ ഇറ്റലിയിൽ ഉള്ളവർ മേലിൽ നമ്മുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരിക്കും. അവരുടെ സഹകരണത്തോടുകൂടെ നാം വി. അമ്മത്രേസ്യായുടെ നവീകരണം ലോകം മുഴുവൻ വ്യാപിപ്പിക്കും."

അന്ന് ഇറ്റലിയിൽ മുപ്പതു് നിഷ്പാദുക കർമ്മലീത്താ സന്ന്യാസികൾ മാത്രമെയുള്ളു എന്ന് ഗ്രഹിച്ചപ്പോൾ പരിശുദ്ധ പിതാവ് അരുളിച്ചെയ്തു, രണ്ട് കർമ്മലീത്താ സന്ന്യാസികളാണ് സ്പെയിനിലെ നവീകരണം വിജയകരമായി നടത്തിയതെങ്കിൽ, മുപ്പതു പേരെക്കൊണ്ട് തനിക്കും അതേ കൃത്യം ഇറ്റലിയിലും വിജയകരമായി നടത്താൻ സാധിക്കുമെന്ന്.

ഉടനെതന്നെ ഇറ്റലിയിലെ കർമ്മലീത്തക്കായി ഒരു പുതിയ നിയമം ക്രോഡീകരിക്കപ്പെടുകയും, 1599, മെയ് 28-ാം തിയതി കാർഡിനൽ വിനേല്ലി അതു് പരിശോധിച്ചംഗീകരിക്കുകയും ചെയ്തു. അതേ സമയം പരിശുദ്ധ പിതാവിന്റെ നിർദ്ദേശപ്രകാരം, സാൻതാ മരിയാ ഡെല്ലാ സ്കാളാ എന്ന പേരിൽ, മാർപ്പാപ്പായുടെ ചെലവിൽത്തന്നെ, ഒരു ഭവനം പണികഴിക്കപ്പെടുകയുണ്ടായി. അതായിരുന്നു അന്നു മുതൽ ഇറ്റലിയിലെ നവീകൃത കർമ്മലീത്തരുടെ മാതൃഭവനം. 1600, നവംബർ 13-ാംതിയതി, പരിശുദ്ധ പിതാവ് ഇറ്റലിയിലെ ആശ്രമങ്ങളെ ഒരു സഭയായി ഉയർത്തുകയും വി. ഏലിയാസിന്റെ നാമത്തിൽ അതു പ്രതിഷ്ഠിക്കുകയും ചെയ്തു. പെ. ബ. ഫാ. പീറ്റർ ആയിരുന്നു അന്നു അതിന്റെ പ്രഥമ ശ്രേഷ്ഠൻ. ഈ പുതിയ സഭ തന്റെ മുദ്രാവാക്യമായി സ്വീകരിച്ചത് "സൈന്യങ്ങളുടെ നാഥനായ ദൈവത്തിനുവേണ്ടി ഞാൻ തീക്ഷ്ണതയാൽ എരിയുന്നു" എന്ന വി. ഏലിയാസിന്റെ ഉദീരണമാണ്.

അധികം താമസിയാതെ, സഭയുടെ ഒരു പുതിയ ഭവനം നേപ്പിൾസിൽ സ്ഥാപിതമായി. അതിന്റെ സുപ്പീരിയർ ആയി നിയമിതനായ ഫാ. ജോൺ സ്പെയിൻകാരനായിരുന്നെങ്കിലും മിഷ്യൻ പ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെ ഉത്സുകനായിരുന്നു. പ്രത്യേകിച്ച്, പലസ്തീനായിൽ, കർമ്മലസഭയുടെ പിള്ളത്തൊട്ടിയായിരുന്ന കർമ്മലമലയിൽ ഒരാശ്രമം

സ്ഥാപിക്കണമെന്ന് അദ്ദേഹത്തിനു വളരെ താല്പര്യമുണ്ടായിരുന്നു. (പതിമ്മൂന്നാം നൂററാണ്ടിൽ, സാരസൻ വർഗ്ഗക്കാരായ മഹമ്മദീയരുടെ ആക്രമണംമൂലം കർമ്മേലമലയിൽനിന്ന് പലായനം ചെയ്തതു മുതൽ, അവിടത്തെ ആശ്രമം നാമാവശേഷമായിരിക്കുകയായിരുന്നു). എന്നാൽ അദ്ദേഹത്തിൻെറ ഈ മിഷ്യൻ ചൈതന്യം ആശ്രമാംഗങ്ങളുടെ ഇടയിൽ തർക്കങ്ങൾക്കും ഭിന്നതകൾക്കും അവസരം നൽകി. ഈ അഭിപ്രായവ്യത്യാസങ്ങൾ സഭയുടെ മററാശ്രമങ്ങളിലേക്കും വ്യാപിക്കുകയും ചെയ്തു.

തന്മൂലം സഭയുടെ മേലധികാരിയായിരുന്ന ഫാ. പീററർ ഇക്കാര്യത്തിൽ ഇടപെടേണ്ടിവന്നു. "അനാഗതരുടെ ദേശത്ത് പ്രേഷിതവേല ചെയ്യുന്നത് നവീകൃത കർമ്മേലസഭയുടെ ചൈതന്യത്തിന് അനുയോജ്യമാണോ?" എന്ന ഒരു ചോദ്യം അദ്ദേഹം സഭയിലെ മൂന്നാശ്രമങ്ങളിലുമുണ്ടായിരുന്ന എല്ലാ വൈദികർക്കും അയച്ചുകൊടുത്തു. ദൈവതിരുമുമ്പാകെ, ഈ കാര്യം ഭക്തിപൂർവ്വം ആലോചനചെയ്തു പഠിച്ചശേഷം രേഖാമൂലമായ ഒരു മറുപടി എല്ലാവരും അയക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹത്തിനു ലഭിച്ച മറുപടികൾ പലവിധമായിരുന്നു.

അതുകൊണ്ട് അദ്ദേഹം മാർപ്പാപ്പായെത്തന്നെ സമീപിച്ചു ഈ പ്രശ്നം അദ്ദേഹത്തിൻെറ മുമ്പിൽ ഉന്നയിച്ചു. പരിശുദ്ധ പിതാവാകട്ടെ, നേരിട്ട് ഒരു മറുപടി നൽകുന്നതിനുപകരം, സഭയിലെ ഏററവും വിശുദ്ധനും പണ്ഡിതനുമായ ഒരു വൈദികനെ ഈ വിഷയത്തെപ്പററി അവഗാഢം പഠനം നടത്തി ഒരു നിഗമനത്തിൽ എത്തുന്നതിന് നിയമിക്കണമെന്ന് ഫാ. പീററിനെ ഉപദേശിക്കുകയാണ് ചെയ്തത്. ഇപ്രകാരം നിയമിക്കപ്പെട്ടത് ഫാ. ജോൺ ഓഫ് ജീസസ് മേരി എന്ന വൈദികനാണ്.

ആ വന്ദ്യ വൈദികൻ, വി. അമ്മത്രേസ്യായുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ഈ വിഷയത്തെപ്പററി ഗാഢമായിപഠനംനടത്തി. ഈ പഠനത്തിൻെറ ഫലം "Tractatus quo asseruntur Missiones et Rationes adversae Refelluntur" (മിഷ്യൻ ആവശ്യമാണെന്ന് സമർത്ഥിക്കുകയും എതിർവാദങ്ങൾ ശിഥിലീകരിക്കുകയും ചെയ്യുന്ന ഗ്രന്ഥം) എന്ന പേരിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥമായിരുന്നു. ഈ ഗ്രന്ഥത്തിൽ, അദ്ദേഹം സമർത്ഥിച്ചത്, സഭയുടെ സ്ഥാപകയായ അമ്മത്രേസ്യായുടെ പ്രബോധനങ്ങൾ സ്വീകരിക്കുന്ന ഏതൊരുവനും മിഷ്യൻ പ്രവർത്തനങ്ങൾ സഭയ്ക്ക് അനുവദനീയം മാത്രമല്ല, അവശ്യം കൂടെയാണെന്ന് സമ്മതിക്കാതെ നിവൃത്തിയില്ലെന്നായിരുന്നു.

ഫാ. പീററർ ഈ ഗ്രന്ഥം എട്ടാം ക്ലെമെൻറ് മാർപ്പാപ്പായ്ക്ക് സമർപ്പിച്ചു. പരിശുദ്ധ പിതാവ് ഇതിൽ അത്യധികം സംപ്രീതനാകുകയും ഉടൻതന്നെ കർമ്മലീത്താ സന്ന്യാസികളെ പേർസ്യായിലെ ഷാ രാജാവിൻെറ അടുക്കലേക്ക് തൻെറ പ്രതിനിധികളായും മിഷ്യനറിമാരായും അയക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഇററാലിയൻ നിഷ്പാദുക കർമ്മലസഭയുടെ പ്രഥമ പൊതുസംഘം, 1605 മെയ് 1–ാം തിയതി റോമിൽ ആരംഭിച്ചു. മെയ് 4–ാംതിയതി സന്ന്യാസസഭാംഗങ്ങളെ പ്രേഷിതപ്രവർത്തനങ്ങൾക്കായി അന്യരാജ്യങ്ങളിലേക്ക് അയക്കുന്നതിന് സംഘാംഗങ്ങൾ ഐകകണ്ഠ്യേന തീരുമാനിച്ചു. മാത്രമല്ല, "അനാഗതരുടെ രാജ്യങ്ങളിലേക്ക് മിഷ്യൻപ്രവർത്തനങ്ങൾക്കായി മേലധികാരികൾ ആവശ്യപ്പെടുമ്പോൾ പൊയ്ക്കൊള്ളാമെന്ന്" ഒരു വ്രതം എല്ലാ സന്ന്യാസികളും വ്രതാനുഷ്ഠാനസമയത്ത് എടുക്കണമെന്ന് ഒരു നിശ്ചയവും ആ സംഘത്തിൽ സ്വീകരിക്കപ്പെടുകയുണ്ടായി.

അടുത്ത ദിവസമായ മെയ് 5–ാംതിയതി ഫാ. പീററർ മിഷ്യൻ പ്രോക്കുറേറർ ആയി തെരഞ്ഞെടുക്കപ്പെട്ടു. റോമിൽ മിഷ്യനറിമാരെ പരിശീലിപ്പിക്കുന്നതിന് ഒരുസെമ്മിനാരി സ്ഥാപിക്കണമെന്നും സംഘാംഗങ്ങൾ തീർച്ചചെയ്തു.

എട്ടാം ക്ലെമെൻറ് മാർപ്പാപ്പായ്ക്ക് ഈ തീരുമാനങ്ങൾ എല്ലാം വളരെ പ്രീതിജനകമായി അനുഭവപ്പെട്ടു. അദ്ദേഹം ഉടൻതന്നെ ഫാ. പീററിനെ കത്തോലിക്കാ രാജ്യങ്ങളിലെ സകല മിഷ്യൻ പ്രവർത്തനങ്ങളുടെയും അധിപനായി നിയമിച്ചു. ഈ സ്ഥാപനമാണ് പില്ക്കാലത്ത് പ്രോപ്പഗാന്തത്തിരുസ്സംഘമായി രൂപാന്തരപ്പെട്ടത്.

### പ്രൊപ്പഗാന്താതിരുസംഘവും കർമ്മലീത്തരും

ഈ തിരുസ്സംഘത്തിൻെറ ഉത്ഭവത്തെ സംബന്ധിച്ച് നിഷ്പാദുക കർമ്മലീത്താ സഭയ്ക്കുണ്ടായി

രുന്ന പങ്കെന്താണെന്ന് ഇവിടെ സൂചിപ്പിക്കുന്നത് ഉചിതമാണെന്നു തോന്നുന്നു.

സ്പെയിനിലെ നിഷ്പാദുക കർമ്മലീത്താസഭയുടെ പ്രഥമ പ്രൊവിൻഷ്യൽ ആയിരുന്ന ഫാ. ജെറോം ഗ്രാസിയാൻ, സഭയിൽനിന്നു നിഷ്ക്കാസിതനായ വിവരം മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ അതുകൊണ്ടൊന്നും അദ്ദേഹത്തിന്റെ പ്രേഷിതചൈതന്യം കുറഞ്ഞുപോയില്ല. സഭയിൽനിന്നു പിരിഞ്ഞ ഫാ. ഗ്രാസിയാൻ കുറച്ചുനാൾ റോമിൽ താമസിക്കാൻ ഇടയായി. അനാഗതരുടെ രാജ്യങ്ങളിൽ നശിച്ചുപോകുന്ന അനേകം ആത്മാക്കളെപ്പറ്റി അദ്ദേഹത്തിനു അനുഭവപ്പെട്ടുകൊണ്ടിരുന്ന മനോവ്യഥ, എട്ടാം ക്ലെമെൻറ് മാർപ്പാപ്പായ്ക്കു് സമർപ്പിച്ച നിരവധി അപേക്ഷകൾ മുഖേന അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. ഈ അപേക്ഷകളും, പല കർദ്ദിനാളന്മാരെയും സന്ദർശിച്ച് അദ്ദേഹം നടത്തിയ നിവേദനങ്ങളുമാണ് പില്ക്കാലത്ത് സ്ഥാപിതമായ പ്രോപ്പഗാന്ത തിരുസംഘത്തിന് വിത്തുപാകിയതെന്ന് അദ്ദേഹം തന്നെ സമർത്ഥിക്കുന്നുണ്ട്.

യഥാർത്ഥത്തിൽ അങ്ങനെ ഒരു തിരുസ്സംഘം സ്ഥാപിക്കുന്ന കാര്യത്തിൽ എട്ടാം ക്ലെമെൻറ് മാർപ്പാപ്പാ വിമുഖനായിരുന്നു. തന്റെ മുൻഗാമിയായിരുന്ന വി. അഞ്ചാം പീയൂസ് മാർപ്പാപ്പാ ഏതാദൃശമായ ഒരു തിരുസ്സംഘം സ്ഥാപിക്കുന്നതിന് പരിശ്രമിക്കുകയുണ്ടായി. എന്നാൽ അതു ചില ക്രിസ്തീയ രാജ്യങ്ങളുടെ എതിർപ്പുമൂലം പരാജയമടയുകയാണ് ചെയ്തതു്. ഇതുപോലെയുള്ള ഒരനുഭവം തനിക്കും ഉണ്ടായേക്കുമെന്ന് ചിന്തിച്ച മാർപ്പാപ്പാ, തിരുസ്സംഘത്തിനു പകരം ഒരു സെക്രട്ടറിയേററ് സ്ഥാപിക്കുകയാണ് ചെയ്തതു്. ഈ സെക്രട്ടറിയേററിന്റെ ഭാരവാഹിത്വമാണ് മേൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഫാ. പീററിനെ ഏല്പിച്ചതു്.

ആ വന്ദ്യവൈദികൻ ഉടൻതന്നെ കത്തോലിക്കാ സഭയിലെ സകല മിഷ്യൻ കേന്ദ്രങ്ങളുമായി സമ്പർക്കം പുലർത്തുകയും വേദപ്രചാരസംരംഭങ്ങൾ സംബന്ധിച്ച സകല വിവരങ്ങളും നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഈജിപ്റ്റ്, പലസ്തീനാ, പേർസ്യാ, ജപ്പാൻ മുതലായ പല രാജ്യങ്ങളിൽനിന്ന് അദ്ദേഹത്തിന് മറുപടിക്കത്തുകൾ ലഭിച്ചു. മിഷ്യൻ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളോടൊപ്പം, ആ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനുള്ള മാർഗ്ഗങ്ങളും പ്രസ്തുത കത്തുകളിൽ പ്രതിപാദിക്കപ്പെട്ടിരുന്നു. ഈ കത്തുകൾ ഇന്നും പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അലമാരകളിൽ സൂക്ഷിക്കപ്പെടുന്നുണ്ട്.

ഫാ. പീററിന്റെ പ്രവർത്തനങ്ങൾക്കു ശക്തിയുക്തമായ പിന്തുണ നല്കിയ ഒരു വ്യക്തി ഫാ. തോമസ് ഓഫ് ജീസസ് എന്ന നിഷ്പാദുക കർമ്മലീത്താ വൈദികനായിരുന്നു. 1608-ലാണ് അദ്ദേഹം റോമിൽ എത്തിയതു്. 1613-ൽ **"De Procuranda Salute Omnium Gentium"** (സകലമാന ജനങ്ങളുടെയും രക്ഷ സാധിക്കേണ്ടതെങ്ങനെ) എന്ന ഒരു വലിയ ഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ ഗ്രന്ഥത്തിൽ, മിഷ്യൻ പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്നതിനു ഒരു തിരുസ്സംഘം 'അത്യാവശ്യമാണെന്ന് അദ്ദേഹം സമർത്ഥിച്ചിരുന്നു. എങ്കിലും 1610 മുതൽ 1623 വരെ റോമാ നഗരത്തിനു വെളിയിൽ കഴിച്ചുകൂട്ടേണ്ടിവന്ന അദ്ദേത്തിനു 1622-ൽ സ്ഥാപിതമായ തിരുസ്സംഘത്തിന്റെ രൂപീകരണത്തിൽ വ്യക്തിപരമായ പ്രേരണ ചെലുത്തുന്നതിന് സാധിച്ചില്ല.

1608-ൽ ഫാ. പീററർ നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമിയായി നിയമിതനായ ഫാ. ഡോമിനിക്ക് **(of Jesus Mary)** തന്റെ മുൻഗാമിയുടെ പ്രവർത്തനങ്ങളെ സകല വിധത്തിലും പരിപോഷിപ്പിക്കുന്നതിനു ശ്രമിച്ചു. പല രാജാക്കന്മാരുമായി അദ്ദേഹത്തിനുണ്ടായിരുന്ന മൈത്രീബന്ധം മിഷ്യൻ പ്രവർത്തനങ്ങൾക്കുവേണ്ടി വളരെ പണം ശേഖരിക്കുന്നതിന് സഹായകമായി ഭവിച്ചു.

കത്തോലിക്കാ സഭയിലെ സകല മിഷ്യൻ കേന്ദ്രങ്ങൾക്കും വേണ്ട നേതൃത്വവും സഹായവും നൽകുന്നതിന് അദ്ദേഹം മാത്രം പ്രയത്നിച്ചാൽ മതിയാവുകയില്ലെന്ന് അചിരേണ ഫാ. ഡോമിനിക്കിന് ബോധ്യമായി. പതിനഞ്ചാം ഗ്രീഗോരിയൂസ് മാർപ്പാപ്പായുടെ കുമ്പസ്സാരക്കാരനായിരുന്ന ആ വന്ദ്യവൈദികൻ വേദപ്രചരണാർത്ഥം ഒരു തിരുസ്സംഘം സ്ഥാപിക്കണമെന്ന് തിരുമേനിയെ ഉപദേശിച്ചു. തൽഫലമായി 1922 ജനുവരിമാസം 6-ാംതിയതി അതിന്റെ പ്രഥമ യോഗം നടക്കുകയും ചെയ്തു. പ്രസ്തുത വർഷം ജൂൺ 22-ാംതിയതി പ്രസിദ്ധീകരിച്ച ഒരു തിരുവെഴുത്തു

മുഖേന, പരിശുദ്ധ പിതാവ്, ഫാ. തോമസിന്റെ ഗ്രന്ഥത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്നതുപോലെയുള്ള സകല അധികാരങ്ങളും ഈ തിരുസ്സംഘത്തിനു് നൽകുകയുണ്ടായി.

കർദ്ദിനാളന്മാരോടും മററു വൈദികശ്രേഷ്ഠന്മാരോടും ഒരുമിച്ച് ഫാ. ഡോമിനിക്ക പ്രൊപ്പഗാന്ത തിരുസ്സംഘത്തിന്റെ ഒരംഗമായിരുന്നു. 1622 മാർച്ച് മാസത്തിൽ അദ്ദേഹം തിരുസ്സംഘത്തിന്റെ കളക്ടർ (പണം ശേഖരിക്കേണ്ടയാൾ) ആയി നിയമിക്കപ്പെട്ടു. 1629 വരെ അദ്ദേഹം ആ ജോലിയിൽ വ്യാപൃതനായിരുന്നു. അക്കൊല്ലം രഹസ്യവും അതിപ്രധാനവുമായ ഒരു കാര്യനിർവഹണത്തിനായി അദ്ദേഹം വിയന്നായിലേക്ക് അയക്കപ്പെടുകയും അവിടെവച്ച് അടുത്ത കൊല്ലം നിര്യാതനാകുകയും ചെയ്തു. ഫാ. ഡോമിനിക്കിന്റെ ഒരു വലിയ ഛായാപടം, തിരുസ്സംഘത്തിനു് അദ്ദേഹം നൽകിയ സേവനങ്ങളെ പരിഗണിച്ച്, ഈ സ്ഥാപനത്തിന്റെ ഒരു പ്രധാനപ്പെട്ട ഹാളിൽ സ്ഥാപിതമായിട്ടുണ്ട്.

## മിഷ്യൻ പ്രവർത്തനം സംബന്ധിച്ച അവസാന തീരുമാനങ്ങൾ

ഇററാല്യൻ നിഷ്പാദുക കർമ്മലസഭയുടെ പ്രഥമ പൊതുസംഘതീരുമാനമനുസരിച്ച് സഭാംഗങ്ങൾ എല്ലാവരും മിഷ്യൻ പ്രവർത്തനങ്ങളെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്വാൻ ആരംഭിച്ചു. റോമിൽത്തന്നെ മിഷ്യനറിമാരുടെ പരിശീലനത്തിനായി വി. പൗലോസിന്റെ നാമത്തിൽ ഒരു സെമിനാരിയും സ്ഥാപിക്കപ്പെട്ടു.

എങ്കിലും സഭയിലെ ചില വൈദികർക്ക് പിന്നെയും ഈ വിഷയത്തെ സംബന്ധിച്ച് ചില മനസ്സാക്ഷിക്കടികൾ അനുഭവപ്പെടാൻ തുടങ്ങി. സഭ നിർദ്ദേശിക്കുന്ന ഏകാന്തതയ്ക്കും പ്രാർത്ഥനയ്ക്കും മിഷ്യൻ പ്രവർത്തനങ്ങൾ തടസ്സമാണെന്നായിരുന്നു അവരുടെ വാദം. തൽഫലമായി 1632, മെയ് 11-ാംതിയതി റോമിൽ കൂടിയ പൊതുസ്സംഘത്തിൽ ഈ വിഷയം വീണ്ടും ആലോചനയ്ക്കെടുത്തു. മിഷ്യൻ പ്രവർത്തനങ്ങൾ നിഷ്പാദുക കർമ്മലസഭയ്ക്കും, വി. അമ്മത്രേസ്യായുടെ ചൈതന്യത്തിനും അനുയോജ്യമാണോ എന്നു് എല്ലാ സഭാംഗങ്ങളും ദൈവതിരുമുമ്പാകെ പഠിക്കുകയും പര്യാലോചിക്കുകയും ചെയ്യണമെന്നു് പെ. ബ. ജനറാളച്ചൻ സംഘാംഗങ്ങളെ ഉദ്ബോധിപ്പിച്ചു.

ദീർഘമായ പ്രാർത്ഥനയുടേയും പരിചിന്തനത്തിന്റേയും ഫലമായി മിഷ്യൻ പ്രവർത്തനങ്ങൾ സ്വീകരിക്കുകതന്നെ വേണമെന്നു് സംഘാംഗങ്ങളായ പിതാക്കന്മാർ നിശ്ചയിച്ചു. എന്നാൽ മിഷ്യൻ പ്രവർത്തനങ്ങളിൽപ്പോലും സഭയുടെ പ്രഥമ അന്ത്യമായ പ്രാർത്ഥനയും ദൈവൈക്യജീവിതവും അവഗണിക്കരുതെന്നും അവർ അഭിപ്രായപ്പെട്ടു. തന്മൂലം, മിഷ്യൻ പ്രദേശങ്ങളിൽ ക്രമാനുഷ്ഠാനജീവിതത്തിനുപയുക്തമായ ആശ്രമങ്ങൾ സ്ഥാപിക്കണമെന്നും മിഷ്യനറിമാർ ഇടയ്ക്കിടയ്ക്ക് അവിടെപ്പോയി താമസിച്ചു തങ്ങളുടെ ആന്തരികജീവിതം ഉദ്ദീപിപ്പിക്കണമെന്നും അവർ നിർദ്ദേശിച്ചു.

ഈ ആലോചനകൾ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ പ്രീഫക്ട് ആയിരുന്ന കർദ്ദിനാൾ ജിന്നേററി തിരുമനസ്സുകൊണ്ടു് സംഘത്തിൽ ആഗതനാകുകയും പിതാക്കന്മാർ മിഷ്യൻ പ്രവർത്തനം ഉപേക്ഷിക്കരുതെന്നു് തിരുസ്സംഘത്തിന്റെ നാമത്തിൽ അഭ്യർത്ഥിക്കുകയും ചെയ്തു. പിതാക്കന്മാർ കർദ്ദിനാൾ തിരുമേനിയെ യഥോചിതം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ ഉപദേശം കൃതജ്ഞതാപൂർവ്വം ആദരിച്ചുകൊണ്ടു്, തിരുസ്സംഘത്തിന്റെ മഹത്തായ പ്രവർത്തനങ്ങൾക്കു് സർവ്വവിധ സഹകരണവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

അങ്ങനെ കർമ്മലീത്താ നിഷ്പാദുകസഭ, തിരുസ്സഭയുടെ നിർദ്ദേശപ്രകാരം, ഗാഢമായ ആലോചനയുടെയും തീവ്രമായ പ്രാർത്ഥനയുടെയും ഫലമായി മിഷ്യൻ പ്രവർത്തനം ഔദ്യോഗികമായി സ്വീകരിച്ചുകൊണ്ടു് അനാഗതരുടെ മാനസ്സാന്തരത്തിനുവേണ്ടി ഉത്സാഹപൂർവ്വം പ്രവർത്തിക്കാൻ തുടങ്ങി.

---

**മരണം**

ശ്രീ വക്കീമുത്തേടൻ എം. ഏ; ബി. എൽ, പ്രൊ എക്ളേസേസിയാ എത്തു് പൊന്തിഫിച്ചേ 1963 ജാനുവരി 29-ാംനു- ചൊവ്വാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു: പരേതനുവേണ്ടി പ്രാർത്ഥിക്കുമാറാകണം.

---

# കത്തോലിക്കസഭയും പ്രോട്ടസ്ററൻറുമതവും

(ജെ. സി. പാലക്കി എം. എ.)

ആധുനിക ചരിത്രത്തിൻെറ ഗതിയെ സാരമായിസ്സൂർതിച്ചിട്ടുള്ള ഒരു വലിയ സംഭവമാണ് 16-ാം നൂററാണ്ടിലെ മതപരിവത്തനം അഥവാ പ്രോട്ടസ്റ്റൻറമതം.

ഒരു മേഘഗജ്ജനംപോലെ 16-ാം നൂററാണ്ടിലെ മതപരിവത്തനം ലോകത്തിൻെറ മുഴുവൻ ശ്രദ്ധയും ആകഷിച്ചു. ഒരു വശത്തുകൂടി അതു് ഭയത്തേയും മറുവശത്തുകൂടി അനുകമ്പയേയും ഉളവാക്കി. അപ്രതീക്ഷിതവും വിസ്മയാവഹവുമായവിധം വളർന്നുവന്നതിനാൽ, മുളയിൽത്തന്നെ ഈ വിപത്തിനെ പ്രതിരോധിക്കുവാൻ പല ശ്രമങ്ങളും നടന്നിട്ടും ഫലമൊന്നുമുണ്ടായില്ല. യുക്തിവാദങ്ങളും ശാസ്ത്രീയമായ സമീപനരീതികളുംകൊണ്ടു വലിയ ഫലമൊന്നും കൈവന്നില്ല. പ്രഥമ ദൃഷ്ടിയിൽ ആകഷണീയങ്ങളായ ആദശ്ങ്ങളെയും നവംനവങ്ങളായ താല്പയ്യങ്ങളെയും വശീകരണസമർത്ഥമാംവിധം ഉയത്തിപ്പിടിച്ചുകൊണ്ടു് ഈ പ്രസ്ഥാനം മുമ്പോട്ടു പ്രയാണംതുടങ്ങി. അങ്ങനെ അനേകായിരം ജനങ്ങളെ ഈ പ്രസ്ഥാനത്തിൻെറ നേതാക്കൻമാക്കു വശീകരിക്കാൻ കഴിഞ്ഞു. സാഹചയ്യങ്ങളും സമയവും അനുശാസിച്ചതനുസരിച്ച് തന്ത്രങ്ങളും, വാഗ്ദാനങ്ങളും, യുക്തിയും അധികാരശക്തിയുംകൊണ്ടു് ജനഹൃദയങ്ങളെ ഈ പ്രസ്ഥാനം ആകഷിച്ചു. പ്രസ്ഥാനത്തിൻെറ പുരോഗതിയ്ക്കു പ്രതിബന്ധമായി നിന്നിരുന്ന കായ്യങ്ങളെ നശിപ്പിച്ചിട്ടോ, അഥവാ അനുനയങ്ങൾകൊണ്ടു് പാട്ടിലാക്കിയിട്ടോ ആണു് പ്രോട്ടസ്റ്റൻറമതം അതിൻെറ പ്രയാണം തുടന്നതു്.

ഒരു പ്രസ്ഥാനത്തിൻെറ യഥാർത്ഥ നിലവാരവും മഹത്വവും പൂണ്ണമായി മനസ്സിലാക്കണമെങ്കിൽ, അതിൻെറ കാതലായ തത്വം അറിയുകയോ, കുറഞ്ഞപക്ഷം, ബാഹ്യരൂപത്തിൽനിന്നു് ആന്തരികഭാവം കാണുവാൻ കഴിയുമോ എന്നു പരിശോധിച്ചുനോക്കുകയോ ചെയ്യണം.

മതപരിവത്തനത്തിനുള്ള പരിശ്രമത്തിൽ നാം ചില കാരണങ്ങൾ അനുസ്മരിക്കേണ്ടിയിരിക്കുന്നു. സുദൃഢവും സ്ഥായിയുമായ എന്തെങ്കിലും തത്വം മതനവീകരണയത്നത്തിൽ ഏപ്പെട്ടിരുന്നവക്കു ഉണ്ടായിരുന്നുവോ? ഇല്ലതന്നെ. ചഞ്ചലങ്ങളായ അഭിപ്രായങ്ങളോടും തത്വങ്ങളോടും കൂടി പ്രോട്ടസ്റ്റൻറമതം കാലത്തിൻെറ ആവശ്യത്തിനൊത്തു് ആദശങ്ങളേയും അഭിപ്രായങ്ങളേയും തത്വസംഹിതയേയും മാററിക്കൊണ്ടിരുന്നു. വിഭിന്നങ്ങളായ രീതികളേയും, വിവിധങ്ങളായ വഴിത്തിരിവുകളേയും അതു് സ്വീകരിച്ചുകൊണ്ടിരുന്നു. എല്ലാക്കാലത്തിനും ദേശത്തിനും പററിയ ഒരു തത്വസംഹിത പ്രോട്ടസ്റ്റൻറമതത്തിനു് കേവലം അജ്ഞാതമാണു്.

കത്തോലിക്കമതപണ്ഡിതന്മാരും താത്വികന്മാരും പ്രോട്ടസ്റ്റൻറമതത്തെ–അതിൻെറ തത്വസംഹിതയെ–പരിശോധിച്ചു വിമർശിച്ചിട്ടുണ്ടു്. സദാ മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന പ്രോട്ടസ്റ്റൻറമത തത്വങ്ങളെ എവിടെത്തുടങ്ങി, ഏതുവിധമാണു് നേരിടേണ്ടതെന്നു കണ്ടുപിടിക്കാൻ ആക്കും കഴിഞ്ഞിട്ടില്ല. ഒന്നിൻെറ ബുദ്ധിശൂന്യതയേയും അത്ഥരാഹിത്യത്തേയും തെളിയിക്കുമ്പോൾ പ്രോട്ടസ്റ്റൻറകാർ മറെറാരു തത്വത്തെ മുറുകെപ്പിടിക്കുന്നു. അതിൻേറയും യുക്തിശൂന്യതയെ തെളിയിക്കുമ്പോൾ അവർ മറെറാരു തത്വത്തിൽ കടന്നുപിടിക്കുന്നു. സ്ഥിരതയില്ലാത്ത തത്വങ്ങൾ സത്യങ്ങളായിരിക്കാൻ ഇടയില്ലല്ലോ. സത്യമുള്ളതെങ്കിൽ തത്വങ്ങളെ മാറിമാറി സ്വീകരിക്കുന്നതിൻെറ ആവശ്യമെന്തു്? സുപ്രസിദ്ധചരിത്രകാരനായ ഗിബൺ അഭിപ്രായപ്പെടുന്നതുപോലെ പ്രോട്ടസ്റ്റൻറമതം "മാററങ്ങളുടെ ഒരു ചരിത്രമാണു്". അദ്ദേഹം തുടന്നുപറയുന്നതു് ഇപ്രകാരമാണു്, "മാററങ്ങളുടെ ചരിത്രമായ പ്രോട്ടസ്റ്റൻറമതം യുക്തിഹീനങ്ങളും, അനിശ്ചിതങ്ങളും അബദ്ധപൂണ്ണവുമാണെന്നു് ഞാൻ സമ്മതിക്കുന്നു. സുദൃഢങ്ങളും എക്കാലത്തും സ്വീകായ്യങ്ങളുമായ ഒരു തത്വസംഹിതയാണു് കത്തോലിക്കാമതത്തിനുള്ളതെന്നു് ഞാൻ സമ്മതിക്കുന്നു. ഞാൻ ആ തത്വസംഹിത ശരിക്കുപഠിച്ചു. ഞാൻ ആയതു സമ്മതിച്ചു. ഞാൻ അവയിൽ വിശ്വസിക്കുകയും ചെയ്തു."

(ശേഷം 57–ാം പേജിൽ)

# നവീകരണം

(പി. എക്സ്. പല്ലുവില)

## നവീകരണം ആധ്യാത്മികജീവിതത്തിൽ അനുപേക്ഷണീയം

ആധ്യാത്മികജീവിതത്തിൽ സമതലങ്ങളില്ല. ഉള്ളവ ഗിരികളും ഗർത്തങ്ങളുമാണ്. ഒന്നുകിൽ ഗിരി കയറണം അല്ലെങ്കിൽ ഗർത്തത്തിലേക്കു നിപതിക്കണം. ഏകാഗ്രവും ജാഗരൂകവുമായി ഇടമുറിയാതെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നെങ്കിൽ മാത്രമേ ആധ്യാത്മിക ജീവിതത്തിൽ പുരോഗതി ഉളവാകൂ. നേരേ മറിച്ചു അലസത, അലംഭാവം—അതു് നെടുനാൾകൊണ്ടു് നേടിവച്ച പുണ്യസമ്പത്തിനെ കപ്പലുടക്കുകയായിരിക്കും ചെയ്യുക.

ഭിന്നഭാവങ്ങളായ ബോധപ്പുതപ്പുകളുടെ മൂർപ്പടപ്പിലാണ് നിർഭാഗ്യവശാൽ മനുഷ്യജീവിതം കുടുങ്ങി കിടക്കുക. നന്നേ ശ്രമകരമാണ് സംസാരജീവിതത്തിൽ ഏകാഗ്രത പാലിക്കുകതന്നെ. മനുഷ്യാത്മാവിൽ ഏതു നേരവും ഒന്നുപോലെ ഈശ്വരോപാസനയുടേയും ദൈവസ്നേഹത്തിന്റേയും തീനാളങ്ങൾ കത്തിനിന്നുകൊള്ളണമെന്നില്ല. ചില ദുർബലനിമിഷങ്ങളിൽ ഏററം പുണ്യസമ്പന്നമായ ഹൃദയംപോലും മൃഗീയമായിത്തന്നെ അധഃപതിച്ചെന്നുവരാം. ഇതു വ്യക്തിഗതമായ ജീവിതത്തിൽ പരിപൂർണ്ണതയുടെ പഥത്തിലേക്കു പറന്നുയരുവാൻ ചിറകിട്ടടിക്കുന്ന ആത്മാക്കളുടെ ചെയ്തിയാണ്.

സാമൂഹികജീവിതത്തിനും സന്യാസഭകൾക്കും ഇതേ അനുഭവംതന്നെ ഉണ്ടാകും. ചില ഘട്ടങ്ങളിൽ പരിപൂർണ്ണതയുടെ തീപ്പൊരി ചിതറി പ്രാന്തപ്രദേശങ്ങളെ പ്രദീപ്തമാക്കിയിട്ടുള്ള സന്യാസസഭകൾ മററു ചില ഘട്ടങ്ങളിൽ തണുത്തു തീകെട്ടുനിശ്ശേഷ്ടങ്ങളായി കിടന്നുപോകുന്നതും ചരിത്രം കണ്ടിട്ടുള്ളതാണ്.

## ഇസ്രായേലിന്റെ ചരിത്രം അസ്ഥിരതയുടെ നിദർശനം

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേലിന്റെ കഥതന്നെ നോക്കുക. നാല്പതു സംവത്സരം മരുഭൂമിയിലൂടെയുള്ള അതിന്റെ പ്രയാണം. ദൈവം നേരിട്ടാണ് അവരെ നടത്തിയിരുന്നതു്. ദൈവം തന്റെ പ്രതാപത്തിന്റെ കതിരുകളിൽ അവർക്കു ദർശനമരുളിയപ്പോൾ അവിടുത്തെ നേർക്കു നോക്കുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല. 'നീ ഞങ്ങളിൽനിന്നു അകന്നുപോകുക' നീ മോസസിനോടുമാത്രം സംഭാഷിക്കുക' എന്നു പറഞ്ഞു അവർ തങ്ങളുടെ വിഭ്രാന്തിയെ വെളിവാക്കുകമാത്രമാണുണ്ടായതു്. മന്നാ വർഷിച്ചു ദൈവം അത്ഭുതകരമായി അവരെ പോററി. പാറപിളർന്നു അവർക്കായി ജലംപ്രവഹിപ്പിച്ചു. പകൽ തണലും രാത്രി വെളിച്ചവും നൽകി മാർഗ്ഗദർശനമരുളുവാൻ മേഘസ്തൂപത്തെ സ്ഥാപിച്ചു. എന്നിട്ടും അവർ പിറുപിറുക്കുകയാണുണ്ടായതു്. വിഗ്രഹാരാധനയിലേക്കു തിരിയുകയാണുണ്ടായതു്. കാളക്കുട്ടിയെ വാർത്തുവച്ചാരാധിക്കുകയാണുണ്ടായതു്. അതിനു ദൈവം അവരെ ശിക്ഷിച്ചു. ഒന്നല്ല, പലതവണ. സർപ്പദംശനംകൊണ്ടവർ ഒടുങ്ങി. ഭൂമി പാദങ്ങൾക്കു് കീഴ് പിളർന്നു തങ്ങളെ വിഴുങ്ങുന്നതു കണ്ടു് അവർ നടുങ്ങി. കോപാക്രാന്തനായ മോസസ് നേരിട്ടുതന്നെ ഒട്ടധികംപേരെ തട്ടിവീഴ്ത്തി. അതേ, മനുഷ്യന്റെ ആന്തരികജീവിതത്തിന്റെ അസ്ഥിരതയുടെ ശരിയായ ഒരു പ്രതിരൂപമാണ് ഇസ്രായേൽ ജനതയുടെ ചരിത്രത്തിൽ പ്രതിബിംബിക്കുക.

## ഒരു പൗരാണികസഭ— അതിനുംവേണ്ടിവന്നു നവീകരണം

ക്രിസ്തുവിന്റെ ജനനത്തെക്കാൾ പഴക്കമുള്ളതാണ് കർമ്മലസഭ. ആ സഭക്കും ഒരു നവീകരണം വേണ്ടിവന്നു. [illegible] ഔദ്യോഗികമായി നിറവേറിയതു പതിനാറാം നൂററാണ്ടിലാണ്. അമ്മത്രേസ്യായും കുരിശിന്റെ വിശുദ്ധ യോഹന്നാനുമാണ് ഈ നവീകരണത്തിന്റെ അറിയപ്പെടുന്ന സാരഥികൾ. 1962 ഓഗസ്റ്റ് 24-ാംതിയതി ഈ നവീകരണത്തിന്റെ നാലാം നൂററാണ്ടു് പൂർത്തിയായി.

## കർമ്മലഭക്തിയുടെ ഉറവിടം

ഭൂഗോളത്തിന്റെ ഒത്ത നടുവിൽ ചക്രവാളത്തെ മുട്ടിയുരുമ്മിക്കിടക്കുന്ന ചേതോഹരമായ ഒരു പ്രദേശ

മാണ് പാലസ്തീനാ-മധ്യധരണിക്ക ഒരു താരംപോലെ ഈ പലസ്തീനായുടെ മുനമ്പത്തു സദാകുസുമിതമായി എഴന്നൂറടി ഉയരത്തിൽ എഴന്നുകാണുന്ന ഒരു പർവതമാണ് കാർമൽ. ക്രിസ്തുവിനു 900 വർഷം മുമ്പ് ആഗ്നേയപ്രവാചകനായ ഏലിയാസ് സ്വന്തം ശിഷ്യന്മാരോടൊത്തു ഇവിടെ വസിച്ചിരുന്നു.

വിജാതീയരായ ധർമ്മദാരങ്ങളുടെ പ്രേരണക്ക് കീഴ്പെട്ട വിഗ്രഹാരാധനയിൽ വീണുപോയ അക്കാബിൻെറ നാളുകളിൽ അനാവൃഷ്ടിമൂലം ദൈവംതൻെറ ശിക്ഷയുടെ ദണ്ഡു ഇസ്രായേലിൻെറ മേൽ പതിപ്പിച്ചു. പക്ഷേ, പ്രവാചകനായ ഏലിയാസ് സഹായത്തിനെത്തി. ദൈവത്തിനു ബലിപീഠം പണിതു വർഷത്തിനായി പ്രാർത്ഥിച്ചു. ആറുതവണ പ്രാർത്ഥിച്ചിട്ടും വർഷം ഉണ്ടായില്ല. ഏഴാമത്തെ തവണ ദീർഘദർശി കണ്ട ലവണമയമായ സാഗരത്തിൻെറ ഹൃദയത്തിൽ നിന്നു ശുദ്ധശുഭ്രവും പാദാകൃതിയായതുമായ ഒരു മേഘത്തുണ്ട് ഉയന്നു വരുന്നതും കർമലമലയുടെ മൗലിയിൽ തങ്ങിവളന്നു വലുതായി വൻവൃഷ്ടിപൊഴിക്കുന്നതും. ഈ മേഘവലയത്തിൽ ഏലിയാസ് വ്യക്തമായി ദർശിച്ചു കാലത്തിൻെറ തികവിൽ ഉദയംകൊള്ളുവാനിരുന്ന അമലോത്ഭവദൈവജനനിയേയും അവിടുത്തെ പരിശുദ്ധിപ്രാഭവങ്ങളേയും. പ്രപഞ്ചത്തിൻെറ പ്രാരംഭത്തിൽ ഞങ്ങൾ 'മനുഷ്യപുത്രനെ' സേവിക്കുകയില്ല എന്ന നിഷേധവാക്യം മുഴക്കികൊണ്ട് സ്വർഗ്ഗീയ സേനാനിവഹത്തിൽ ഒരുവിഭാഗം പിളന്നകന്നു. ഇപ്പോഴിതാ മനുഷ്യപുത്രൻെറ മാതാവിനെ ഞാൻ പരിസേവിക്കാം എന്ന സമ്മതവാക്യം മുഴക്കികൊണ്ട് ദൈവത്തിൻെറ പ്രവാചകൻ സ്വന്തം അന്തേവാസികളുടെ വിഭാഗത്തോടൊത്തു കർമലസഭയിൽ അണിനിന്നുടക്കുന്നു. 1919 ഓഗസ്റ്റ് 13-ാംതിയതി പരിശുദ്ധ പിതാവ് പതിനഞ്ചാംബനദിക്തോസിൻെറ അംഗീകാരം സിദ്ധിച്ച കർമലമാതാവിൻെറ കുർബാനയിലേ 'ആമുഖ' പ്രാർത്ഥനയിൽ കാണുന്ന 'സമുദ്രത്തിൽനിന്നുയന്ന ഒരു മേഘവലയത്തിൽ അമലോത്ഭവനാഥയെ അത്ഭുതകരമാംവിധം വിശുദ്ധ ഏലിയാസിനു കാട്ടികൊടുക്കുകയും അദ്ദേഹത്തിൻെറ അനുയായികളാൽ ആ നാഥ വണങ്ങപ്പെടുവാൻ തിരുവുള്ളമാവുകയും ചെയ്ത ............' എന്നീ വരികൾ പരമ്പരാഗതമായ ഈ വിശ്വാസത്തിനു മുദ്രയമത്തുന്നുമുണ്ട്.

## പലസ്തീനായിൽനിന്നു പലായനം

അപ്പസ്തോലികകാലംവരെ കർമലസഭ പലസ്തീനായിൽ നിലനിന്നു. രാജാക്കന്മാരുടെ പുസ്തകങ്ങൾ 3-ാം 4-ാം, De Institutione primorum Monachorum' അദ്ധ്യായം 19-ാം ഇതിന്നു സാക്ഷ്യങ്ങളാണ്. 12-ാം ശതകംവരെയുള്ള സഭാഭരണത്തെക്കുറിച്ചു ഒരുവിവരവും നമുക്കു ലഭിക്കുന്നില്ല. പന്ത്രണ്ടാം നൂററാണ്ടിൽ വിശുദ്ധ ബർത്തോൾഡ് പ്രിയോർ ജനറളായി. തുടന്നു വിശുദ്ധ ബ്രൊക്കാർഡു വന്നു. ഇദ്ദേഹം ജറുസലേമിലേ പത്രിയക്കീസായിരുന്ന വി. അൽബത്തോസിൽനിന്നു കർമലീത്താ സന്യാസികൾക്കു നിയമസംഹിത എഴുതി വാങ്ങി. 1238 വരെ കർമലസഭ പലസ്തീനായിൽ പുഷ്ടിപ്രാപിച്ചു. പക്ഷേ, പെട്ടെന്നുണ്ടായ സാരസന്മാരുടെ ആക്രമണം സഭാംഗങ്ങളെ ചിതറിച്ചുകളഞ്ഞു. അവർ യൂറോപ്പിലേക്കോടി. നിക്കാസിയാ, മെസീനാ, മാഴ്സെയ്, ലറീഡാ, ഐൽസ്ഫോർഡ് തുടങ്ങിയ ദിക്കുകളിൽ താവളമുറപ്പിച്ചു. 1244-ൽ സഭാജനറാളായി വന്ന അലാൻ മുഹമ്മദീയരുടെ അത്യുഗ്രമായ ആക്രമണംമൂലം ഇംഗ്ലണ്ടിലേക്കു പലായനം ചെയ്തു. കർമലമലയിൽ അവശേഷിച്ച സന്യാസികൾ 1291 മേയ് മാസം 'Salve Regina'-'രാജകന്യക'--- എന്ന ഗാനം ആലപിച്ചുകൊണ്ടിരിക്കവേ സാരസന്മാരാൽ നിഷ്കരുണം വധിക്കപ്പെടുകയാണുണ്ടായത്.

## ഉത്തരീയദാനം

1245-ൽ വിശുദ്ധ സൈമൺ സ്റ്റോക് പ്രിയോർ ജനറാളായി. വനവാസികളായിരുന്ന ഇവക്കു ഗ്രാമങ്ങളിൽ ആശ്രമം നിഷിദ്ധമാണെന്നു ചില രൂപതാധ്യക്ഷന്മാർ വാദിച്ചു. തിരസ്കൃതരായ ഈ തപോധനക്കുവേണ്ടി 1248-ൽ പരിശുദ്ധ പിതാവ് നാലാം ഇന്നസെൻറ് ഭിക്ഷാടനസന്യാസസഭകൾക്കുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു. അങ്ങനെ ആദിമസഭയിലേ നിയമകാക്കശ്യത്തിന്നു അയവു സംഭവിച്ചു. എങ്കിലും ഇതര സഭകളും ഇടവകവൈദികരും ഈ താപസന്മാരെ പലപ്രകാരത്തിലും വേട്ടയാടികൊണ്ടേ ഇരുന്നു. ആത്മീയാത്മജരുടെ ഈ നിർഭാഗ്യനില കണ്ട കരളുരുകിയ സൈമൺസ്റ്റോക് കർമലാംബികയോട് സങ്കടമുണത്തിച്ചു. 1251 ജൂലായ് 16-ാംതിയതി കർമലസഭാവസ്ത്രധാരിണിയായി തിരുകുമാരനെ ഒരു കര

ത്തിലും കർമല ഉത്തരീയം മറകരത്തിലും ഏന്തി സ്വർഗ്ഗീയപാരിഷദന്മാരുടെ അകമ്പടിയോടുകൂടി പ്രതാപപൂർണ്ണയായി ദിവ്യാംബിക ദർശനമരുളി ഇപ്രകാരം അരുൾചെയ്തു! 'ഇതാ, നിൻെറ സഭയ്ക്കുള്ള വിശുദ്ധ വസ്ത്രം. ഇതു ഞാൻ കർമലീത്തക്കായി നേടിയിരിക്കുന്ന വിശേഷാശിസ്സുകളുടെ കൊടിയടയാളമാകുന്നു. ഈ വസ്ത്രം ധരിച്ചുകൊണ്ടു് മരിക്കുന്ന ഒരാളും നരകാഗ്നിയിൽ നിപതിക്കുന്നതല്ല. ഇതു രക്ഷയുടെ മുദ്രയും ആപത്തിൽ ആലംബവും ശാശ്വതികമായ സ്നേഹസമാധാനങ്ങളുടെ ചിഹ്നവുമാകുന്നു'.

1316-ൽ പരിശുദ്ധപിതാവു് ജോൺ 22-ാമനു് കർമലനാഥ 'ശനിയാഴ്ചവരം' പ്രഖ്യാപിച്ചു. ഇതു ഉത്തരീയഭക്തരെ ശുദ്ധീകരാഗ്നിൽനിന്നു അതിവേഗം മോചിപ്പിക്കുമെന്നതിനുറപ്പായിരുന്നു.

### അത്ഭുതങ്ങൾ

സ്വർഗ്ഗദത്തമായ ഈ ഉത്തരീയത്തെ വിശ്വാസികൾ സാഹ്ലാദം സ്വാഗതംചെയ്തു. ഇതുവഴി അനുഗ്രഹങ്ങളുടെ ഒരത്ഭുതമാരിതന്നെ വർഷിച്ചു. സൈമൺ ഗ്രാസി പരിശുദ്ധപിതാവു് പതിമൂന്നാം ബനദിക്ടോസിനു് സമർപ്പിച്ചിട്ടുള്ള 'Miracoli e Grazie della Santissima Vergine Maria' എന്ന ഗ്രന്ഥത്തിൽ അംഗീകൃതമായ നിരവധി അത്ഭുതങ്ങളെക്കുറിച്ചു ആധികാരികമായിത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. 150 കൊല്ലങ്ങൾക്കുൾ 336 അത്ഭുതങ്ങൾ നടന്നതായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. അവയിൽ 37 അഗ്നിയിൽനിന്നും 45 വെടിയുണ്ടയിൽനിന്നും 17 കടലപകടങ്ങളിൽനിന്നും ശേഷിച്ചവ വിവിധങ്ങളായ വിപത്തുകളിൽനിന്നുമുള്ള അത്ഭുതകരമായ മുക്തികളുടെ വിവരങ്ങളാണു്.

### ഉത്തരീയഭക്തി

ഉത്തരീയഭക്തിയാണല്ലോ കർമലസഭയെ ഇന്നു സർവജനമനോഹരമാക്കിയിരിക്കുക. ഉത്തരീയഭക്തി ക്രിസ്തീയപരിപൂർണ്ണതയുടെ മുഖ്യഘടകങ്ങൾ ഉൾക്കൊള്ളുന്നുണ്ടു്. പ്രാർത്ഥന, പ്രായശ്ചിത്തം, ജീവിതവിശുദ്ധി ഇതാണല്ലോ പരിപൂർണ്ണതയുടെ മർമ്മങ്ങൾ. ഉത്തരീയാംഗങ്ങൾ 'ഓഫീസ്' എത്തിക്കണം. അതു പ്രാർത്ഥന, മാംസം വർജ്ജിക്കണം: അതു പ്രായശ്ചിത്തം; ജീവിതാന്തസ്സിനൊത്തു ബ്രഹ്മചര്യം അനുഷ്ഠിക്കണം, അതു ജീവിതവിശുദ്ധി.

### തീക്ഷ്ണത കുറയുന്നു

ഇങ്ങനെ ക്രിസ്തീയ ജീവിതത്തോടു് ആത്യന്തികമായി ഇഴുകി ചേരുന്ന ഒരു സഭയുടെ നവീകരണത്തിനാണു് അമ്മത്രേസിയാ സ്വന്തം ജീവിതം ആഹുതി ചെയ്തതു്. കർമലസഭ ഉത്തരീയദാനത്തോടുകൂടി ആളിപ്പടർന്നെങ്കിലും പതിന്നാലാം നൂററാണ്ടിൽ യൂറോപ്പിൽ ബാധിച്ച 'മഹാമാരി' കർമലസഭയെ ഗ്രസിച്ചുകളഞ്ഞു.

തുടർന്നു 13-ം 14-ം ശതകങ്ങളിൽ വന്നേർപ്പെട്ട വിപത്തുകളും സഭയെ തളർത്തി. ഇന്നിലയിൽ പ. പിതാവു് ഇന്നസെൻറു് നാലാമൻെറ നിയമങ്ങൾ അതികഠിനമായി ഗണിക്കപ്പെട്ടു. 1431-ൽ പ. പിതാവു എവുജിൻ നാലാമൻ പ്രാഥമിക നിയമങ്ങളെ ഒട്ടേറെ ലഘൂകരിച്ചു. ഈ രീതി അമ്മത്രേസ്യായുടെ കാലത്തോളവും തുടർന്നു. ഇവിടെ എത്തിയപ്പോഴേയ്ക്കും സഭയുടെ നിലപാടു് ഒട്ടേറെ വിലപനീയമായിവന്നു. പ്രാരംഭത്തിൽ ഉണ്ടായിരുന്ന തീക്ഷ്ണത ആറിത്തണുക്കുകയും ലോകാരൂപി മഠങ്ങളിൽ കടന്നു ചെല്ലുകയും ചെയ്തു. ലൗകികരുമായി ഇടപഴകുകയും സന്ദർശകരുമായി അധികസമയം സംഭാഷിക്കുകയും സഭാനിയമങ്ങളിൽ വേണ്ടതിലധികം ഒഴികഴിവുകൾ വരുത്തുകയും ചെയ്തിരുന്നു. ഈ പോക്കിനുപോയാൽ ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയില്ലെന്നും സഭാംഗങ്ങൾ ക്രമേണ മന്ദതീക്ഷ്ണരും ഭോഗാസക്തരുമായി അധഃപതിക്കുമെന്നും പുണ്യവതി കണ്ടുവച്ചു. അതുകൊണ്ടാണു് അവർ താൻകൂടി അംഗമായ ആ സഭയെ പൂർവ്വികമായ അതിൻെറ തപോനിഷ്ഠയിലേക്കു പുനരുദ്ധരിക്കുവാൻ മുന്നോട്ടുവന്നതു്.

### അമ്മത്രേസിയാ

1515 മാർച്ചു് 28-ാംതിയതി സ്പെയിനിലെ ആവിലായിൽ അമ്മത്രേസിയാ ജനിച്ചു. 1582 ഒക്ടോബർ 4-ാംതിയതി അവർ മരിക്കുകയും ചെയ്തു. ഉഗ്രമായ സംഘട്ടനങ്ങളുടേതായിരുന്നു അവരുടെ ജീവിതം മുഴുവൻ. ഏഴുവയസ്സുള്ളപ്പോൾതന്നെ അവർ മൂർജാതികളുടെ ഇടയിൽ വേദം പ്രസംഗിച്ചു മരിക്കുവാൻ വേണ്ടി ഒളിച്ചോടി. എനിക്കു മരിക്കണം. എനിക്കു ദൈവത്തെ കാണണം എന്നു ആ കൊച്ചുകുട്ടി ഉറക്കെ പറയുമായിരുന്നു. സ്വന്തം തോട്ടത്തിൽ ഒരാശ്രമം പണുതു 'എന്നന്നേക്കും എന്നന്നേക്കും' എന്നു പറഞ്ഞു

ആ കുട്ടി പ്രാർത്ഥിച്ചിരുന്നു. ബാല്യത്തിൽതന്നെ മാതാവു പുണ്യവതിയെ വിട്ടുപിരിഞ്ഞു. യൗവനാരംഭത്തോടുകൂടി രസകരമായ നോവലുകൾ വായിക്കുവാൻ തുടങ്ങി. അണിഞ്ഞൊരുങ്ങുന്നതിനും വ്യർത്ഥാഭിമാനംപുലർത്തുന്നതിനും താത്പര്യം ഉദിച്ചു. പക്ഷേ, 1535-ൽ അവർ ഇൻകാർണേഷൻ മഠത്തിൽ പ്രവേശിച്ചു. അവിടെവച്ചാണു് പുണ്യവതിസഭയുടെ പ്രാഥമികനിയമങ്ങൾ പഠിച്ചതു്. ഈ ഗദ്ധവിലാണു് തനിക്കു ഏററം ആകർഷകമായി തോന്നിയ ആവക നിയമങ്ങൾ പിന്തുടൻ് ജീവിക്കുവാൻ തക്ക ഒരു പുതു മഠം പണിയുവാൻ പുണ്യവതി കൊതിച്ചതും.

പുണ്യവതിയുടെ ആധ്യാത്മികജീവിതത്തിലും ചില്ലറ ഉലച്ചിലുകൾ ഉണ്ടാകാതിരുന്നില്ല. പുരുഷസുഹൃത്തുക്കളുമായുള്ള സമ്പർക്കവും ആലോചന കൂടാത്ത സംഭാഷണവും അവരെ മന്ദഭക്തയാക്കി. അല്പപാപങ്ങളിൽ അങ്ങനെ തുടന്നാൽ തനിക്കു വന്നേഷ്പെട്ടുവാനിരിക്കുന്നവിപത്തു—നരകത്തിൽ തനിക്കായി സജ്ജമാക്കപ്പെട്ടുന്ന സ്ഥാനം—ദൈവം അവൾക്കു കാട്ടിക്കൊടുത്തു. അങ്ങനെ 31–ാമത്തെ വയസ്സിൽ അവൾക്കു പരിപൂർണ്ണ പരിവർത്തനം സംഭവിച്ചു. അവളുടെ ഹൃദയം ദൈവസ്നേഹംകൊണ്ടു് അത്യുഗ്രമായി ജ്വലിച്ചു. Pati aut mori-സഹനം അല്ലെങ്കിൽ മരണം—എന്നവൾ മുറവിളിച്ചു. കർമലീത്താസഭയെ നവീകരിക്കുവാൻ ഈശോ അവളോടാജ്ഞാപിച്ചു.

## തുണസ്സ്കാരാൾ

മൗതികവേദപാരംഗതനായ കുരിശിന്റെ വിശുദ്ധ യോഹന്നാനാണു് നവീകരണസംരംഭത്തിൽ പുണ്യവതിക്കു ഒത്താശയായി നിന്നതു്. 1542-ൽ സ്പെയിനിൽ ആവില്ലായ്ക്കടുത്തു ഫോൻതിവേറോസ് എന്ന ഗ്രാമത്തിൽ യോഹന്നാൻ ജനിച്ചു. ദാരിദ്ര്യംമൂലം വളരെ ഏറെ കഷ്ടപ്പെട്ടു. 23-ാമത്തെ വയസ്സിൽ കർമലസഭയിൽ സ്വീകരിക്കപ്പെട്ടു. അമ്മത്രേസ്യായുടെ ക്ഷണപ്രകാരം നിഷ്പാദുക കർമലീത്താസഭയുടെ പ്രഥമാംഗമായി. നവീകരണയത്നങ്ങൾ കൂട്ടുസന്ന്യാസിമാർക്കു് ഇഷ്ടപ്പെട്ടില്ല. അവർ സന്മാർഗ്ഗത്യാഗി, സഭവിട്ടോടിപ്പോയവൻ എന്നീ കുററങ്ങൾ ചുമത്തി അദ്ദേഹത്തെ തടവിൽ പാർപ്പിച്ചു. ഒമ്പതു മാസത്തിനുശേഷമേ ആ കാരാഗൃഹത്തിൽനിന്നു മുക്തി ലഭിച്ചുള്ളൂ. മരണത്തിനുമുമ്പു് രണ്ടു പ്രാവശ്യംകൂടി അദ്ദേഹം സ്വന്തം സഭാംഗങ്ങളാൽ മർദ്ദിക്കപ്പെടുകയും പരസ്യമായ അപമാനത്തിനു് വിധേയനാക്കപ്പെടുകയും ചെയ്തു. 1591-ൽ അദ്ദേഹം മരണം പ്രാപിച്ചു. ഈ മഹാവിശുദ്ധൻ തന്റെ മൗതികകൃതികളിൽ സംസാരബന്ധത്തിൽനിന്നു സമ്പൂർണ്ണമായി വിട്ടകലുന്ന ആത്മാവിന്റെ ആന്തരികമായ പരീക്ഷണങ്ങളേയും അന്ധകാരമയമായ രാത്രികളേയും സമാശ്വാസനങ്ങളേയുംക്കുറിച്ചു് ഹൃദയസ്പർശകവും വിസ്മയകരവുമായ വിധം ഗാനംചെയ്യുന്നുണ്ടു്.

## ഒരു ചുഴലിക്കാററു്

1562 ഓഗസ്റ്റ് 24-ാംതിയതി ആവിലാനഗരം ഒന്നടങ്കം പ്രക്ഷുബ്ധമാവുകയാണു്. അന്നു അപകടത്തിൽ ഒരു ചെറിയ മഠം സ്ഥാപിതമായി. അമ്മത്രേസിയായും മററു നാലു കന്യകകളുംകൂടി അങ്ങോട്ടു മാറി താമസിച്ചു. അതാണു് ആ ചുഴലിക്കാററിനു കാരണം. ജനങ്ങൾ സംഘടിച്ചു. ആർത്തുവിളിച്ചു. കൂട്ടംകൂട്ടമായി മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു് തെരുവീഥികളെ കിടിലംകൊള്ളിച്ചു. അവരെ ശിക്ഷിക്കണം. അവരെ പോലീസിൽ ഏല്പിക്കണം. അവർ അപകടഭക്തർ, അഹംകാരികൾ, ധിക്കാരികൾ. അവരെ വിട്ടുകൂടാ. ഇനി ഒട്ടും വച്ചുവാഴിച്ചുകൂടാ. അവരുടെ മഠത്തിനു തീകൊളുത്തണം. അവരെ തുറുങ്കിലടയ്ക്കണം എന്നിങ്ങനെ അത്യുഗ്രമായി അട്ടഹസിച്ചു. കർമലസഭയുടെ പൗരാണികാനുഷ്ഠാനങ്ങൾ പുനരുദ്ധരിക്കണമെന്നും തദനുസാരം നിഷ്കൃഷ്ടമായ മതാനുഷ്ഠാനവും തപശ്ചര്യയുമായി മുന്നോട്ടുപോകണമെന്നും മാത്രം തീർച്ചപ്പെടുത്തി മഠം മാറിയതിന്റെ പേരിലായിരുന്നു ഈ വിപ്ലവവും കോളിളക്കവും.

സാമാന്യജനത അല്ല നഗരസഭതന്നെ മുൻ കൈ എടുത്തു. മഠത്തിന്റെ വാതില് തല്ലിപ്പൊളിക്കുവാൻ ഒരുമ്പെട്ടു. പക്ഷേ, വാതിലിനു തൊട്ടടുത്തു പരസ്യാരാധനക്കായി പരിശുദ്ധ കർബാന സ്ഥാപിച്ചിരിക്കുന്നതു കണ്ടു് അവർ പിന്മാറി.

വീണ്ടും ആ പുതിയ മഠം നിലം പരിശാക്കുന്നതിനുവേണ്ടി പ്രഭുക്കന്മാരും സന്ന്യാസികളും ഇടവകകളും വിശ്വാസികളും ഒരു സംഘടിതശ്രമംകൂടി നടത്തി. നഗരാധിപൻ ഒരു മഹായോഗം വിളിച്ചുകൂട്ടി. ആ കന്യകകളെ ഉടനടി ബഹിഷ്ക്കരിക്കണമെന്നു തീരുമാനിച്ചു.

തുടന്ന് പുതിയ മഠത്തെക്കുറിച്ച് ഈ ആവലാതി മന്ത്രിസഭയിൽ സമപ്പിച്ചു. അവിടെനിന്ന് കോടതിയിലേക്കുപോയി. രൂപതാദ്ധ്യക്ഷൻ, ഡോമിനിക്ബാഞ്ഞസ്, ഡോക്ടർ ദാസാ ആദിയായവർ മഠത്തിനും മററുള്ളവർ മഠത്തിനെതിരായും വാദിച്ചു. തീവ്രമായ വാദങ്ങൾക്കുശേഷം നഗരസഭയ്ക്കുതന്നെ അടിയറവു പറയേണ്ടിവന്നു.

1568-ൽ കർമലീത്താ സന്യാസികളുടെ നവീകൃതമായ പ്രഥമ മന്ദിരം ഡുറവേലോ നഗരത്തിൽ സ്ഥാപിതമായി. കൂടാതെ നവീകൃതമായ നിലയിൽ അമ്മത്രേസ്യാ എണ്ണിയാലൊടുങ്ങാത്ത യാതനകൾ അനുഭവിച്ചുകൊണ്ട് അനേകം മഠങ്ങൾ സ്ഥാപിക്കുകയും ദീർഘദീർഘവും ക്ലേശകരവുമായ അനേകം യാത്രകൾ നടത്തുകയും ചെയ്തു. സ്പെയിൻ, ഇററലി, ഫ്രാൻസ്, ബൽജിയം തുടങ്ങിയ നാടുകളിൽ മഠങ്ങൾ ഉയന്നു. ഇന്നു കർമലസഭ ലോകമാസകലം പടന്നു പന്തലിച്ചു പൂവണിഞ്ഞുലസുകയാണ്.

### സഭ വികസിക്കുന്നു

സഭയുടെ ഇററാലിയൻശാഖ മിഷൻ പ്രവത്തനങ്ങളിൽ ഔൽസുക്യം പ്രദർശിപ്പിച്ചു. പ്രഥമ ഗണം 1604-ൽ ഫാദർ പോൾ സൈമൻെറ നേതൃത്വത്തിൽ പേർഷ്യായിലേക്കു പുറപ്പെട്ടു. 1633-ൽ കർമലീത്തരുടെ ഒരാശ്രമം ഗോവായിൽ സ്ഥാപിതമായി. കേരളത്തിലും അതിൻെറ ശിഖരങ്ങൾ തളിത്തു. 1634-ൽ ഫാദർ ജോസഫ് ഏലിയാസ് കുറവിലങ്ങാട്ട് ഉത്തരീയസഖ്യം സ്ഥാപിച്ചു. 1657-ൽ അതു 5000 അംഗങ്ങളുംകൊണ്ടു വളന്നു.

ഇന്ത്യയിൽ കത്തോലിക്കാസഭ പ്രചരിപ്പിക്കുവാനും ഏതദ്ദേശീയവൈദികരെ വാത്തെടുക്കുവാനും കർമലീത്താസന്യാസികൾ പെട്ടപാടിനെ ചൊല്ലി മൊൺസിഞ്ഞോർ L. M. സലേസ്കി ആശ്ചര്യപ്പെടുന്നുണ്ട്. അവരുടെ അപ്പസ്തോലികതീക്ഷ്ണത തീ പാളുന്നതുതന്നെയാണ്.

1928 മാച്ച് 19-ാംതിയതി കർലീത്താ ഒന്നാം സഭ നാട്ടുകാക്കായി തിരുവനന്തപുരത്തു കാമ്മൽഹില്ലിൽ തുടങ്ങി. ഇപ്പോൾ തിരുവനന്തപുരം, തക്കല, ഗോവ, എറണാകുളം, ഏററുമാന്നൂർ, ബാംഗ്ലൂർ, മംഗലാപുരം, വരാപ്പുഴ മുതലായ സ്ഥലങ്ങളിലായി 14 ആശ്രമങ്ങൾ ഒന്നാം സഭയായുണ്ട്. രണ്ടാം സഭ വക 12 മഠങ്ങൾ മംഗലാപുരം, ബാംഗ്ലൂർ, കോട്ടയം, കൊളംമ്പ്, കൽക്കട്ടാ, പോണ്ടിച്ചേരി, കാരിയ്ക്കൽ, കുംഭകോണം, തിരുവല്ലാ മുതലായ സ്ഥലങ്ങളിൽ സ്ഥാപിതമായിരിക്കുന്നു. പണ്ട് മൂന്നാം സഭയായിരുന്ന മഞ്ഞുമ്മേൽ, പെരുമ്പടപ്പു, കുമ്പളങ്ങി എന്നിവിടങ്ങളിലുള്ള ആശ്രമങ്ങളും ഇപ്പോൾ ഒന്നാം സഭയിൽ ലയിച്ചിരിക്കുകയാണ്.

കർമലസഭയും ഉത്തരിയഭക്തിയും നാൾക്കുനാൾ പുഷ്കലമാവുകയാണ്. നിഷ്പാദുക കർമലീത്താ സഭ കേരളത്തിൽ നവീകരണത്തിൻെറ നാലാം നൂററാണ്ട് ആഘോഷിച്ചുകഴിഞ്ഞിരിക്കുന്ന ഈ നാളുകളിൽ നമ്മുടെ കണ്ണും കരളും തുളഞ്ഞു കടക്കേണ്ട ഒരു യാഥാത്ഥ്യമുണ്ട്: കർമലസഭയിൽ അമ്മത്രേസ്യായുടെ ദിനങ്ങളിൽ ഉണ്ടായിരുന്ന ആ ചൂടും തിളപ്പും അഗ്നിയും ആവേശവും ഇന്നും ഉണ്ടോ? ഇല്ലെങ്കിൽ ആരാണതിനുത്തരവാദികൾ? അമ്മത്രേസ്യാ ഇനിയും നമ്മുടെ നടുവിലേക്കു വരേണമെന്നാണോ? നമ്മുടെ ഇടയിൽനിന്നുതന്നെ വേണ്ടത്ര അമ്മത്രേസ്യാമാരും അപ്പൻ ത്രേസ്യാമാരും കുരിശിൻെറ യോഹന്നാന്മാരും ഉണ്ടാകരുതോ? ഉണ്ടാകണം. എങ്കിൽമാത്രമേ നാലു നൂററാണ്ടുകളുടെ മരവിപ്പു ബാധിച്ച നമ്മുടെ സഭയും നവീകൃതമാകൂ. അങ്ങനെ ! ഒരു നവീകരണത്തിൻെറ—പുനരുത്ഥാനത്തിൻെറ—കാഹളം മുഴക്കുവാനാകട്ടെ ഈ നവീകരണജൂബിലിവർഷം എന്നു നമുക്കു പ്രാത്ഥിക്കുക.

---

**നിഷ്പാദുക കമ്മലീത്താസഭയുടെ പെ. ബ. ജനറാളച്ചൻെറ പ്രാത്ഥനാനിയോഗങ്ങൾ**

ഏപ്രിൽ: സഭയുടെ സ്വന്തം പ്രേഷിതപ്രവത്തനങ്ങളുടെ അഭിവൃദ്ധി.

മെയ്: പ്രേഷിതചൈതന്യത്തിൻെറയും തീക്ഷ്ണതയുടെയും വള്ർച്ച.

ജൂൺ: യുവസന്യാസികളുടെ പരിശീലനാത്ഥം സ്വർഗ്ഗീയസഹായം യാചിക്കുക.

---

# മാതൃകാ വിദ്യാർത്ഥി

(ജോസ്സ് ചാക്കോ കോതവഴിക്കൽ, പത്താം സ്റ്റാൻഡേർഡ്, ഹൈസ്കൂൾ, കല്ലൂർക്കാട്)

അന്നൊരു ഞായറാഴ്ചയായിരുന്നു. പള്ളിയിലെ ചടങ്ങുകളെല്ലാം കഴിഞ്ഞു വന്ന് ജോണി തന്റെ വീട്ടിന്റെ ഉമ്മറത്തിരിക്കുകയാണ്. അവന്റെ പിതാവ് അവൻ കൊച്ചായിരിക്കുമ്പോൾത്തന്നെ മരിച്ചുപോയി. വൃദ്ധയായ അവന്റെ മാതാവ് വളരെ പ്രയാസപ്പെട്ടാണ് അവനെ പഠിപ്പിക്കുന്നതു്. അവനൊരനുജനുണ്ട്. അവനെ പഠിപ്പിക്കേണ്ട ചുമതല ജോണിക്കുണ്ട്. ആകെ അര ഏക്കർ സ്ഥലമേ അവക്കുള്ളു. ആദായമായി കുറെ വാഴയുണ്ടായിരുന്നതു് എല്ലാം വസന്ത പിടിച്ചു നശിച്ചു.

ജോണി ഒരു തേർഡ്ഫാറം വിദ്യാർത്ഥിയാണ്. സ്കൂൾ വിട്ടാൽ മററെല്ലാ കുട്ടികളെക്കാൾ നേരത്തെ അവൻ വീട്ടിൽ തിരിച്ചെത്തും.

ജോണി സ്വന്തമായി കുറെ പാവലും പടവലവും നട്ടു വളർത്തുന്നുണ്ട്. സ്കൂൾ വിട്ടു വന്നാൽ അവൻ അവയെല്ലാം സമീപമുള്ള ആററിൽ നിന്നും വെള്ളം കോരി നനയ്ക്കും. പാവയ്ക്കയും പടവലങ്ങയുമെല്ലാം ചന്തയിൽ കൊണ്ടുപോയി വിൽക്കുകയാണ് പതിവ്. മററു കച്ചവടക്കാരെപ്പോലെ അവൻ ആരോടും പണത്തിനുവേണ്ടി മല്ലടിച്ചിരുന്നില്ല.

സ്കൂളിൽ ചെന്നാൽ അവൻ എല്ലാ കുട്ടികൾക്കും മാതൃകയാണ്. അവൻ സകല കുട്ടികളോടും സൗഹാർദ്ദമായാണ് പെരുമാറുക. ആരേയും ഒരു വിധത്തിലും ശല്യപ്പെടുത്തിയിരുന്നില്ല. പഠിക്കാനുള്ള പാഠങ്ങളെല്ലാം ശരിയായി അവൻ അന്നന്നു പഠിക്കും. അതിനാൽ അവൻ അദ്ധ്യാപകരുടെ കണ്ണിലുണ്ണിയായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല. ഇങ്ങനെ എല്ലാവർക്കും മാതൃകയായിത്തീർന്ന ജോണിയോട് ചിലക്ക് അസൂയയും ഉണ്ടാകാതിരുന്നില്ല.

ഒരിക്കൽ ഒരു സംഭവമുണ്ടായി. ജോണി പഠിച്ചിരുന്ന സ്കൂളിലെ ഒരു കുട്ടിയുടെ പേന മോഷണം പോയി. ഹെഡ്മാസ്റ്റർ അതിനെപ്പററി ഊർജ്ജിതമായി അന്വേഷണവുമാരംഭിച്ചു. ജോണിയോട് അസൂയയുണ്ടായിരുന്ന അന്നാട്ടിലെ ഒരു പ്രമാണിയുടെ മകനായ ബാബുവും കൂട്ടരും ജോണിയോടുള്ള പക വിട്ടുവാൻ ഈ അവസരം ശരിയായി വിനിയോഗിക്കുവാൻ തന്നെ നിശ്ചയിച്ചു. മോഷണം നടത്തിയതു് ജോണിയാണെന്ന് അവർ ഹെഡ്മാസ്റ്ററെ അറിയിച്ചു.

അന്നു വൈകുന്നേരം ഹെഡ്മാസ്റ്റർ ജോണിയെ പ്ലാററ് ഫാറത്തിലേക്കു വിളിച്ചു മോഷണം നടത്തിയതിന്റെ കാരണങ്ങൾ ആരാഞ്ഞു. താൻ മോഷണം നടത്തിയിട്ടില്ലെന്നും അക്കാര്യത്തിൽ താൻ നിർദ്ദോഷിയാണന്നും ജോണി വളരെ വിനീതമായി ഹെഡ്മാസ്റ്ററെ അറിയിച്ചു. പക്ഷെ അതുകൊണ്ടൊന്നും ഹെഡ്മാസ്റ്ററുടെ ഹൃദയമലിഞ്ഞില്ല. അദ്ദേഹത്തിന്റെ കോപമടങ്ങിയതുമില്ല. അദ്ദേഹത്തിന്റെ കയ്യിലിരുന്ന ചൂരൽക്കോൽ ജോണിയുടെ ശരീരത്തിൽ പല പ്രാവശ്യം ആഞ്ഞു പതിച്ചു. ശരീരം പൊട്ടി രക്തം ഒഴുകി. കണ്ടു നിന്ന കുട്ടികൾ പൊട്ടിക്കരഞ്ഞു. ചിലർ ഈ രംഗം കാണാൻ ശക്തിയില്ലാതെ തലതാഴ്ത്തി. പക്ഷെ ജോണിയുടെ കണ്ണിൽ നിന്നും ഒരു തുള്ളികണ്ണുനീർ പോലും അടന്നു വീണില്ല.

നാലുമണിക്ക് സ്കൂൾ വിട്ടു. ബാബുവും കൂട്ടുകാരും ജോണിയെ കൂക്കുവിളിച്ചുകൊണ്ട് പറകെ കൂടി. "പൂച്ച സന്ന്യാസി"; "മിണ്ടാപ്പൂച്ച കലമുടയ്ക്കും" എന്നും മററും പറഞ്ഞു് അവർ ജോണിയെ അപഹസിച്ചു. പക്ഷെ ജോണി ഒരക്ഷരംപോലും മിണ്ടിയില്ല. അവൻ എല്ലാം ദൈവത്തെപ്രതി സഹിച്ചു; ഭൂമിയെക്കാളും സഹിച്ചു.

അവരുടെ ആ പ്രകടനജാഥ ടൗണിലേക്കു നീങ്ങി. ബാബു അവിടെയുള്ള ഒരു കടയിൽ കയറി ജോണിയെപ്പററി അസഭ്യങ്ങൾ പറഞ്ഞു. അന്നത്തെ മോഷണത്തെപ്പററിയും വളരെ സരസമായി അവനവിടെ വിസ്തരിച്ചു പറഞ്ഞു. എന്നാൽ ബാബുവിന്റെ ഈ വെപ്രാളവും മററും കണ്ടു് കടയിലുണ്ടായിരുന്ന ഒരാൾക്ക് അവന്റെ പേരിൽ സംശയം തോന്നി. അയാൾ മനഃശാസ്ത്ര പണ്ഡിതനായ ഒരാളായിരുന്നു. അയാൾ ബാബുവിനെ രഹസ്യമായി മുറിയിൽ കൊണ്ടുപോയി പരിശോധിക്കുവാൻ കടക്കാരനെ ആംഗ്യം കാണിച്ചു.

ബാബുവിനെ കടക്കാരൻ മുറിയിലേക്കു വിളിച്ചുകൊണ്ടുപോയി. പരിശോധിക്കപ്പെടാൻ ബാബു സമ്മതിച്ചില്ല. അവർ തമ്മിൽ ഒരു മൽപിടിത്തം തന്നെ അവിടെയുണ്ടായി. എന്തിനേറെ പറയുന്നു. കടക്കാരൻ മോഷണം പോയ സാധനം ബാബുവിൽ നിന്നും കണ്ടെടുത്തു. താനൊരു പ്രശസ്ത കുടുംബാംഗമാണെന്നും തന്നെ അപമാനിക്കരുതെന്നും ബാബു വളരെ താണു കേണപേക്ഷിച്ചു. പക്ഷെ അതിനൊന്നും അവിടെ വിലയുണ്ടായില്ല. അവർ ഹെഡ്മാസ്റ്ററെ കാര്യം ധരിപ്പിച്ചു.

പാവം! ജോണി ഇതൊന്നുമറിഞ്ഞിരുന്നില്ല. അവൻ സങ്കടത്തോടുകൂടി വീട്ടിൽ ചെന്നെത്തി. നടന്ന കാര്യങ്ങളെല്ലാം വളരെ ഗദ്ഗദത്തോടുകൂടി തന്റെ വത്സല മാതാവിനെ അറിയിച്ചു. ആ സാധുസ്ത്രീ എന്തു ചെയ്യാനാണ്! പുത്രന്റെ ശരീരത്തിലെ വ്രണങ്ങൾ കണ്ട മാത്രയിൽ അവൾ കരയാൻ തുടങ്ങി. കരഞ്ഞു കരഞ്ഞു കണ്ണുകൾ കലങ്ങി. ആ സാധു വിധവയുടെ സങ്കടം കാണാൻ ജോണിയും അവന്റെ കൊച്ചനുജനുമല്ലാതെ ആരും ഉണ്ടായിരുന്നില്ല.— ജോണി അമ്മയെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷെ ഫലമുണ്ടായില്ല. അവനും കൂടെകരഞ്ഞു. അവർ അന്യോന്യം നോക്കുന്തോറും കരച്ചിലിനു ശക്തി വർദ്ധിക്കുന്നു. ചന്ദ്രൻ ഈ രംഗം കാണാൻ കഴിവില്ലാതെ ഇടക്കിടെ കാർമേഘങ്ങളിൽ മറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ കരച്ചിലും പിഴിച്ചിലുമായി ആ രാത്രിയുടെ നീണ്ട യാമങ്ങൾ ഇഴച്ചു വലിച്ചു നീക്കി.

ചന്ദ്രൻ പടിഞ്ഞാറെ ചക്രവാളത്തിൽ മറഞ്ഞതോടുകൂടി സൂര്യൻ കിഴക്കെ ചക്രവാളത്തിൽ ഉദിച്ചുയർന്നു. പക്ഷികളുടെ കള കള ശബ്ദം കേട്ട് ജോണി വളരെ ഹൃദയ വേദനയോടുകൂടി ഉമ്മറത്തിറങ്ങി വന്നു. പക്ഷപാതമെന്യേ സൂര്യൻ തന്റെ പൊൻകിരണങ്ങൾ എല്ലാവരുടെ മേലും വീശി. വൃക്ഷ ലതാദികളെ തടവി വന്നണഞ്ഞ മന്ദമാരുതൻ ജോണിയേയും തടവി കടന്നുപോയി. കാട്ടുറുമ്പു മുതൽ കാട്ടാന വരെ എല്ലാ ജീവികളും സന്തോഷത്തോടുകൂടി ഉണർന്നെഴുന്നേല്ക്കുന്നസമയം. ഏവർക്കും സന്തോഷം പ്രദാനം ചെയ്യുന്ന പൊൻ പുലരി! പക്ഷേ ജോണിയും അവന്റെ മാതാവും ദുഃഖസാഗരത്തിൽ മുങ്ങിയിരുന്നു. ഏതു വ്യസനിതരുടെയും മനസ്സിനെ തണുപ്പിക്കുന്ന ആ കുളിർകാറ്റിലും ജോണിയുടെ മനസ്സ് സങ്കടമാകുന്ന ഉമിത്തീയിൽ വെന്തുനീറി.

പതിവുപോലെ അന്നും ജോണി സ്കൂളിലേക്കു യാത്രയായി. പക്ഷെ ആ മുഖത്ത് എന്നും ഉണ്ടായിരുന്ന ഉന്മേഷമോ ഉത്സാഹമോ കാണപ്പെട്ടില്ല. വളരെ ഹൃദയ ഭാരത്തോടെ ജോണി സ്കൂളിലേക്കു തിരിച്ചു. സ്കൂൾ ഗേറ്റിനടുത്തപ്പോഴേക്കും ജോണിയുടെ കാലുകൾ ഇടറിത്തുടങ്ങി. അവിടെ ഹെഡ് മാസ്റ്റർ ജോണിയെ കാത്തു നില്ക്കുന്നുണ്ടായിരുന്നു. ജോണിയുടെ ഭയം ഇരട്ടിച്ചു. എങ്കിലും ഭയമടക്കി അവൻ ഹെഡ്മാസ്റ്ററെ ആദരപൂർവം വന്ദിച്ചു. എത്ര നല്ല ബാലൻ!

ഹെഡ് മാസ്റ്റർ ജോണിയുടെ കൈക്കു പിടിച്ച് ഇങ്ങനെ പറഞ്ഞു. "ജോണീ. ഇത്രയൊന്നും ഞാൻ വിചാരിച്ചിരുന്നില്ല. എന്റെ അപരാധത്തിനു എന്നോടു ക്ഷമിക്കുക, ജോണി". എന്തൊരത്ഭുതം! തലേ ദിവസം തന്നെ ശിക്ഷിച്ച അദ്ദേഹം ഇപ്പോൾ തന്നോടു മാപ്പു ചോദിക്കുന്നോ? ജോണിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

പിന്നീട് ഹെഡ്മാസ്റ്റർ തലേദിവസം ഉണ്ടായ മാറ്റങ്ങളും ബാബുവിൽ നിന്നും മോഷണം പോയ സാധനം കണ്ടെടുത്ത വിവരവും അറിയിച്ചു. ജോണിക്കതിൽ തെല്ലും ആശ്ചര്യമുണ്ടായിരുന്നില്ല. അവനതു് പ്രതീക്ഷിച്ചിരുന്നതായിരുന്നു. എന്നാൽ എളിയവനായിരുന്ന ജോണി അതിനെപ്പറ്റി വീരവാദം മുഴക്കുകയോ ബാബുവിനെ അപഹസിക്കുകയോ ചെയ്തില്ല.

അന്നത്തെ അസംബ്ളിയിലും ഹെഡ് മാസ്റ്റർ ജോണിയെ വിളിച്ചുവരുത്തി. എന്നാൽ ഇന്ന് തലേ ദിവസത്തെ അനുഭവമല്ലായിരുന്നു. ഹെഡ് മാസ്റ്റർ ഇങ്ങനെ പറഞ്ഞു. "പ്രിയ കുട്ടികളെ, ബാബുവിന്റെ പ്രേരണയാൽ നാം ജോണിയിൽ മോഷണക്കുറ്റമാരോപിക്കുകയും ശിക്ഷിക്കുകയും ചെയ്തു. എന്നാൽ ആ ധാരണ തെറ്റായിത്തീർന്നിരിക്കുന്നു. മോഷണം നടത്തിയതു് ബാബുവാണെന്നതിന് വേണ്ട തെളിവുകൾ ലഭിച്ചുകഴിഞ്ഞു". എല്ലാവരും വളരെ സന്തോഷത്തോടു കൂടി കയ്യടിച്ചു. അന്നു സ്കൂൾ വിട്ടപ്പോൾ ബാബുവിനെയും കൂട്ടരേയും പതിവായി കാണാറുള്ള കടകളിലും തെരുവുകളിലും കാണാനില്ലായിരുന്നു.

---

**(1963–ലെ ചെറുകഥാ മത്സരത്തിൽ കല്ലൂർക്കാട്ട് ഹൈസ്കൂളിൽ ഒന്നാം സമ്മാനർഹമായ കഥ)**

# തിരുഹൃദയം സുവിശേഷങ്ങളിൽ

(ഏ. എസ്. തോമസ്, മാരാരിക്കുളം)

ക്രിസ്തുനാഥനും സ്ത്രീകളും തമ്മിലുള്ള ബന്ധം മിക്കവാറും ക്രിസ്തുമതത്തിൻെറ ചരിത്രംതന്നെയാണെന്ന് വേണമെങ്കിൽ പറയാം. മനുഷ്യ പരിത്രാണ ചരിത്രത്തിൻെറ ആകെത്തുകയാണതു്. മനുഷ്യകുലത്തിൻെറ ആദിമാതാവു് അവളിൽ അർപ്പിക്കപ്പെട്ടിരുന്ന വിശ്വാസം നഷ്ടപ്പെടുത്തുകമൂലം ഒരു രക്ഷകൻെറ ആവശ്യം ഉണ്ടായി. അങ്ങനെ ഒരു രക്ഷകൻ വാഗ്ദാനം ചെയ്യപ്പെട്ടു. ദൈവം സാത്താനോടിപ്രകാരം അരുൾചെയ്തു. "നീയും സ്ത്രീയും തമ്മിൽ ഞാൻ ശത്രുതയുണ്ടാക്കും. നിൻെറ സന്തതികളും അവളുടെ സന്തതികളും തമ്മിൽ ശത്രുത്വം പുലത്തും." ഇങ്ങനെ വരാനിരിക്കുന്നതും ഇന്നും തുടൻകൊണ്ടിരിക്കുന്നതുമായ ഒരു സംഘട്ടനത്തെപ്പററി ദൈവം സാത്താനു് ഒരു മുന്നറിയിപ്പ് നൽകി. എന്നാൽ വിജയത്തിൻെറ പ്രത്യാശ നമ്മോടുകൂടിയുണ്ടു്. അതുല്യമായ ശ്രേഷ്ഠതയോടുകൂടിയ മറെറാരു ഹൗവ്വായെ രക്ഷകൻെറ മാതാവിൽക്കൂടി ദൈവം ലോകത്തിനു പ്രദാനംചെയ്തു. മറിയത്തിൽക്കൂടി ഹൗവ്വാ പുനരുത്ഥരിക്കപ്പെട്ടു. അങ്ങനെ രക്ഷകൻെറ അനന്യസാധാരണമായ ശക്തി അവളിൽ പ്രതിഫലിക്കപ്പെട്ടു. അത്യാപൽക്കരമായ അധഃപതനം ഒരു സ്ത്രീയുടെ പരാജയത്തോടുകൂടി ആരംഭിച്ചതുപോലെ, രക്ഷണീയകർമ്മം മറെറാരു സ്ത്രീയുടെ ശ്രേയസ്കരമായ ഔന്നത്യത്തോടുകൂടിയാണ് ഉൽഘാടനം ചെയ്യപ്പെട്ടതു്. മറിയം വഴി ഒരു സ്ത്രീയെ എത്രമാത്രം ഉയത്തുന്നതിനു് കഴിയുമെന്നാണ് ദൈവം നമുക്കു കാണിച്ചുതരുന്നതു്. അങ്ങനെ അവിടന്നു്, സ്ത്രീകൾ അനുകരിക്കുന്നതിനു് ഉത്തമമായ ഒരു മാതൃകയാണ്, മറിയത്തെ പ്രദാനം ചെയ്തുകൊണ്ടു് സ്ത്രീകൾക്കു് നൽകുന്നതു്. ആകയാൽ മറിയത്തെ ലക്ഷ്യമാക്കി സ്ത്രീകൾ ജീവിക്കട്ടെ. മനുഷ്യപരിത്രാണകർമ്മത്തിൽ ദൈവമാതാവു് അവൾക്കു് ലഭിച്ചുകൊണ്ടിരുന്ന ദിവ്യാഹ്വാനങ്ങൾക്കു് വിശ്വസ്തയായിരുന്നതുപോലെ സ്ത്രീകളും അവർക്കു് ലഭിച്ചുകൊണ്ടിരിക്കുന്ന ദിവ്യാഹ്വാനങ്ങൾക്കു് വിശ്വസ്തരായിരുന്നാൽ ലോകപരിത്രാണപ്രവൎത്തനത്തിൽ ഒരിക്കലും അപജയം ഉണ്ടാവുന്നതല്ല. കാരണം "തൊട്ടിലാട്ടുന്ന കൈതന്നെ വിശ്വപതത്തെ ഭരിപ്പതു്." ലോകത്തിൻെറ ഗതിവിഗതികൾ നിയന്ത്രിക്കുന്നതിനു് സ്ത്രീകൾക്കുള്ള സ്വാധീനം അപാരമാണ്.

മനുഷ്യനായി അവതരിച്ച ദൈവപുത്രനുമായി അവിടത്തെ മാതാവായ മറിയത്തെപ്പോലെ അടുത്തു പെരുമാറിയിട്ടുള്ള ഒരു സൃഷ്ടിയും ഇല്ല. മനുഷ്യാവതാര സന്ദേശവുമായി ഗബ്രിയൽ ദൈവദൂതൻ മറിയത്തെ സന്ദർശിച്ചതു നിങ്ങൾക്കു് കാണാൻ കഴിയും. ബെത്ലഹേമിലെ പുൽത്തൊഴുക്കൂട്ടിൽ നവജാതനായ ദിവ്യശിശുവിനോടുകൂടി മറിയത്തെ നിങ്ങൾക്കു് കാണാൻ കഴിയും. നാല്പതാംദിവസം അവൾ അവനെ ദേവാലയത്തിൽ കൊണ്ടുപോയി പരമപിതാവിനു് കാഴ്ചവെച്ചു. പൂർവ്വദിക്കിൽനിന്നും ദിവ്യശിശുവിനെ ആരാധിക്കുന്നതിനു് പൂജരാജാക്കൾ വന്നപ്പോഴും മറിയം തൻെറ തിരുക്കുമാരൻെറ കൂടെയുണ്ടായിരുന്നു. അവൾ അവനെ കൈകളിൽ എടുത്തുകൊണ്ടാണു് ഈജിപ്തിലേയ്ക്കു് ഒളിച്ചോടിപ്പോയതു്. അവൻ അവളുടെ ദൈവം കൂടിയായിരുന്നെങ്കിലും യഥാർത്ഥത്തിൽ അവൻ അവളുടെ മകനായിരുന്നു. അവൻെറ ശൈശവംമുതൽ പുരുഷപ്രാപ്തിയാകുംവരെ അവളുടെ മകനായിട്ടാണു് വളൻപോന്നതു്. അങ്ങനെതന്നെയാണറിഞ്ഞിരുന്നതും. അവളെ അവൻ വളരെയധികം സ്നേഹിച്ചിരുന്നെങ്കിലും അവൻ അവളുടെ ഹൃദയത്തെ മൂർച്ചയേറിയ ഒരു വ്യാകുലവാളാൽ പലതവണ ഭേദിക്കയുണ്ടായി. കേവലം പന്ത്രണ്ടു വയസ്സുള്ള ഒരു ബാലനായിരിക്കെ ഒരു വാക്കുപോലും പറയാതെ അവൻ അവളെ വിട്ടു് ദേവാലയത്തിൽ പോകുകയുണ്ടായി. ക്രിസ്തുനാഥനും മറിയവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ അറിയിക്കുന്നതിനായിട്ടെന്നപോലെ അവിടത്തെ പരസ്യജീവിതാരംഭത്തിൽ സ്വമാതാവിൻെറ അപേക്ഷയനുസരിച്ചാണ് ദിവ്യനാഥൻ തൻെറ പ്രഥമാത്ഭുതം പ്രവൎത്തിക്കുന്നതു്. എന്നാൽ പിന്നീടുള്ള കൊല്ലങ്ങളിൽ അവൾക്കു് വളരെ കുറച്ചുമാത്രമേ അവനെ കാണാൻ കഴിഞ്ഞിരുന്നുള്ളു. ചിലപ്പോഴെല്ലാം അവനെ വലയം ചെയ്തിരുന്ന ജനാവലിയുടെ അരികിൽ നിൽക്കുന്ന

തിനേ അവർക്ക് സാധിച്ചിരുന്നുള്ളു. എന്നാൽ ഒടുവിൽ വളരെ കുറച്ചുമാത്രം സ്നേഹിതന്മാർ അവന്റെ അരികിൽ ഉണ്ടായിരുന്നപ്പോൾ അവർ അവന്റെ കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ട് തന്റെ തിരുകുമാരൻ അതികഠോരമായ ആ മരണം വരിക്കുന്നതു് അവർ ഹൃദയവേദനയോടുകൂടി നോക്കിക്കൊണ്ടുനിന്നു. അവന്റെ പുനരുത്ഥാനത്തിന്റെ മഹിമയിലും അവർ ഭാഗഭാക്കായി. ദിവ്യരക്ഷകൻ തന്റെ ഇഹത്തിലെ പ്രവർത്തനം അവസാനിപ്പിച്ച് സ്വർഗ്ഗാരോഹണം ചെയ്തശേഷം, തന്റെ പ്രവർത്തനം ലോകത്തിൽ തുടരുന്നതിനായി വാഗ്ദാനം ചെയ്തിരുന്നതുപോലെ പരിശുദ്ധാത്മാവിനെ അയച്ച ആ പ്രഥമ പെന്തക്കോസ്താദിവസം ശിഷ്യന്മാരുടെ മദ്ധ്യേ മറിയവും ഉണ്ടായിരുന്നു. ശിഷ്യന്മാരോടൊത്ത് ദിവ്യാംബികയും പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. മറിയത്തോടുള്ള ദൈവത്തിന്റെ അത്യത്ഭുതകരമായ സ്നേഹത്തിന്റെ ആഴത്തെ അളക്കുന്നതിനോ, അവൾക്കുവേണ്ടി അവിടുന്നു ചെയ്തിട്ടുള്ള അത്ഭുതങ്ങളെ ശരിക്ക് ഗ്രഹിക്കുന്നതിനോ മനുഷ്യബുദ്ധിയ്ക്കു സാദ്ധ്യമല്ല. എന്നാൽ അവളെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്തതോടുകൂടി ദൈവം ഓരോ സ്ത്രീയെയും ഉയർത്തുകയും, അങ്ങനെ മനുഷ്യകുലത്തെ മൊത്തത്തിൽ ഉൽക്കർഷത്തിലെത്തിക്കുകയുമാണ് ചെയ്തതു്.

നമ്മുടെ ദിവ്യരക്ഷകന്റെ ജീവിതത്തെപ്പററി സുവിശേഷങ്ങളിൽ ഉള്ള ചുരുങ്ങിയ രേഖകളിൽ തന്നെ സ്ത്രീകളുമായുള്ള അവിടത്തെ ബന്ധത്തെപ്പററി അനവധി പരാമർശങ്ങൾ അടങ്ങിയിട്ടുണ്ട്. അന്യപദേശകഥകളിലെ ഹൃദയസ്പൃക്കായ ആ കഥാപാത്രങ്ങളെ എങ്ങിനെ മറക്കാൻ കഴിയും !! പത്തു നാണയങ്ങൾ ഉണ്ടായിരുന്നതിൽ ഒന്നു നഷ്ടപ്പെട്ട ആ സ്ത്രീയെ—അവളുടെ നഷ്ടത്തിലുള്ള ആകുലാധിക്യത്തെയും, അനന്തരം അതു കണ്ടെത്തിയതോടുകൂടിയുള്ള അവളുടെ ആനന്ദാതിരേകത്തെയും എത്ര തന്മയത്വത്തോടെയാണ് അതിൽ വർണ്ണിച്ചിട്ടുള്ളതു്. വഞ്ചകനായ ന്യായാധിപന്റെപക്കൽ സദാ അലട്ടുന്ന പ്രകൃതിക്കാരിയായിരുന്ന ആ വിധവ അവളുടെ മുട്ടിപ്പായുള്ള യാചനമൂലം നീതി തേടുന്നതിനെ ചിത്രീകരിച്ചിരിക്കുന്നതു എങ്ങിനെ മറക്കും ? ! എന്നാൽ ദിവ്യരക്ഷകന്റെ ജീവചരിത്രത്തിലാണ് യഥാർത്ഥ സ്ത്രീകളെപ്പററി പ്രധാനമായി വിവരിച്ചിട്ടുള്ളതു്. നസ്രായക്കാരനായ യേശുനാഥൻ സ്ത്രീകളോട് പല സന്ദർഭങ്ങളിലായി പ്രകടിപ്പിച്ചു പോന്നിട്ടുള്ള ദയയും കാരുണ്യവും, സഹതാപവുമെല്ലാം വിവരിക്കുക സാദ്ധ്യമല്ല. ശിശുക്കളുമായി അവിടത്തെ സമീപിച്ച അമ്മമാരെ തടഞ്ഞതിന് ദിവ്യരക്ഷകൻ അപ്പസ്തോലന്മാരെ ശകാരിച്ചതും, വനത്തിൽവച്ച് അത്ഭുതകരമാംവിധം അയ്യായിരംപേർക്കു ഭക്ഷണം കൊടുത്തപ്പോൾ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും കാര്യം അവിടുന്ന് പ്രത്യേകം ശ്രദ്ധിച്ചതും, ബാധോപദ്രവംമൂലം പതിനെട്ടുവർഷമായി മേല്പോട്ടു നോക്കുന്നതിനോ തല ഉയർത്തുന്നതിനോ കഴിയാതെ കൂനിപിടിച്ചു കഴിഞ്ഞിരുന്ന ആ രോഗിണിയായ സ്ത്രീയെ ശാബത്ത് ദിവസം സുഖപ്പെടുത്തിയതും, കാനാൻ ദേശക്കാരിയായ സ്ത്രീയുടെ ദൃഢമായ വിശ്വാസത്താലും അതിരററ വിനയത്താലും ആകൃഷ്ടനായി അവളുടെ മകളെ പീഡിപ്പിച്ചുകൊണ്ടിരുന്ന പിശാചുബാധയിൽനിന്ന് മോചിപ്പിച്ചതും മററുമെല്ലാം ദിവ്യ ഗുരുവിന് സ്ത്രീകളോടുണ്ടായിരുന്ന കരുണയെയും, ദയയെയും ഉദാഹരിക്കുന്ന ഉത്തമ ദൃഷ്ടാന്തങ്ങളാണ്. ഒരിക്കൽ ദിവ്യരക്ഷകൻ ദേവാലയത്തിൽ ഭണ്ഡാരത്തിനെതിരെ ഇരുന്ന് ജനങ്ങൾ കാണിക്ക ഇടുന്നതു നോക്കിക്കൊണ്ടിരുന്നു. പലരും കാണിക്ക ഇട്ടു. ആ കൂട്ടത്തിൽ ഒരു പാവപ്പെട്ട വിധവയും വന്ന് രണ്ടുകാശു വിലവരുന്ന രണ്ടു തുട്ടുകൾ നേർച്ച ഇട്ടു. ഇതുകണ്ടിട്ട് ഈശോ ശിഷ്യരെ അടുത്തുവിളിച്ച് ഇപ്രകാരം അരുളിച്ചെയ്തു. "ഈ സാധു വിധവ, ഇവിടെ കാണിക്ക ഇട്ട മററെല്ലാവരേക്കാളും കൂടുതൽ കൊടുത്തു എന്ന് ഞാൻ സത്യമായി പറയുന്നു. മററുള്ളവർ തങ്ങളുടെ സമൃദ്ധിയിൽ മിച്ചമുള്ളതിൽ നിന്നു കൊടുത്തു. അവളാകട്ടെ ഒന്നും കൊടുപ്പാനില്ലാഞ്ഞപ്പോൾ അവളുടെ ജീവസന്ധാരണത്തിനുള്ള തുക മുഴുവൻ കൊടുത്തു. വിധവകളെപ്പററി സുവിശേഷങ്ങളിൽ അനവധി തവണ പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹമസൃണമായ ദയയ്ക്കു പ്രത്യേകവിധം വിധവകൾ പാത്രീഭൂതരായിട്ടുള്ളതുകൊണ്ടായിരിക്കാം അവരെപ്പററി ഇത്രയധികം പരാമർശനങ്ങൾ സുവിശേഷങ്ങളിൽ കാണുന്നതു്. ഒരു ദിവസം ഈശോ നായേൻ പട്ടണത്തിലേയ്ക്കു് പോകുകയായിരുന്നു.

വലിയൊരു ജനക്കൂട്ടവും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. നഗരവാതില്ക്കലെത്തിയപ്പോൾ ഒരു മൃതശരീരം സംസ്കരിക്കുന്നതിനായി പുറത്തേയ്ക്കു വഹിച്ചുകൊണ്ടുവരുന്നു !! മരിച്ചവൻ അവന്റെ അമ്മയുടെ ഏകപുത്രനും, അമ്മ വിധവയും ആയിരുന്നു. ദുഃഖവിവശയായ ആ മാതാവിനെ കണ്ടപ്പോൾ ഈശോയുടെ ഹൃദയം അലിഞ്ഞു. ഒരുപക്ഷെ ഈ അവസരത്തിൽ അവിടുന്നു് സ്വന്ത മാതാവു് താമസിയാതെ അവളുടെ ഏകപുത്രനായ അവിടന്നു് കുരിശിൽ കിടന്നു മരിക്കുന്നതു നോക്കിക്കൊണ്ടു് കുരിശിൻ ചുവട്ടിൽ നിൽക്കുന്ന കാഴ്ചയെപ്പററി ചിന്തിച്ചുകാണും. ഈശോ ആ വിധവയോടു് "നീ കരയേണ്ടാ" എന്നരുളിച്ചെയ്തു. അടുത്തുചെന്നു് ശവമഞ്ചത്തിന്മേൽ തൃക്കൈ വെച്ചു. മഞ്ചം വഹിച്ചിരുന്നവർ നിശ്ചലരായി നിലകൊണ്ടു. അനന്തരം അവിടന്നു ഇങ്ങനെ കല്പിച്ചു. "യുവാവേ, ഞാനാജ്ഞാപിക്കുന്നു; നീ എഴുന്നേല്ക്കുക". മരിച്ചുപോയിരുന്നവൻ ഉടൻ എഴുന്നേററിരുന്നു സംസാരിക്കുവാൻ തുടങ്ങി. ഈശോ അവനെ അവന്റെ അമ്മയ്ക്കു് ഏല്പിച്ചുകൊടുത്തു.

യാതൊരു സ്ത്രീയും ക്രിസ്തുവിനു് വിപരീതമായി എന്തെങ്കിലും പ്രവർത്തിക്കുകയോ, അവിടത്തെ അനുഗ്രഹങ്ങൾ നിരാകരിക്കുകയോ ചെയ്തതായി സുവിശേഷങ്ങളിൽ ഒരു ഉദാഹരണമെങ്കിലും കാണാൻ കഴിയുകയില്ലെന്നുള്ളതു് ശ്രദ്ധാർഹമായ ഒരു സത്യമാണു്. ഒരു ഹേറോദേശ് യേശു കേവലമൊരു ശിശുവായിരിക്കയിൽ അദ്ദേഹത്തെ വധിക്കുന്നതിനു് ശ്രമിച്ചു. മറെറാരു ഹേറോദേശ് ഒരു വിഢിയോടെന്നപോലെ അദ്ദേഹത്തോടു് ഹാസ്യമായി പെരുമാറി. ഉപാദ്ധ്യന്മാരും പരിസ്യരും അദ്ദേഹത്തെ എതിർക്കുകയും വിമർശിക്കുകയും ചെയ്തു. ഒരു ധനികയുവാവിനെ അവന്റെ വമ്പിച്ച സ്വത്തുക്കൾ ഉപേക്ഷിച്ചിട്ടു് തന്നെ പിഞ്ചെല്ലുന്നതിനായി ക്രിസ്തു ക്ഷണിച്ചപ്പോൾ, അവൻ സ്വത്തു് പരിത്യജിക്കുന്നതിനുള്ള വ്യസനം നിമിത്തം തിരിയെ പോയ്ക്കളഞ്ഞു. ഒരു അപ്പസ്തോലൻ അദ്ദേഹത്തെ വിററു; മറെറാരാൾ അറിയുകയില്ലെന്നു് ഉപേക്ഷിച്ചു പറഞ്ഞു. യഹൂദന്മാരുടെ പ്രധാനാചാര്യന്മാർ അദ്ദേഹത്തെ പിടിച്ചു നിന്ദിക്കുകയും, അപമാനിക്കുകയും ചെയ്തു. റോമൻ ഗവർണ്ണർ അദ്ദേഹം നിരപരാധിയാണെന്നു് പ്രഖ്യാപിച്ചെങ്കിലും പിന്നീടു് അദ്ദേഹത്തെ ക്രൂരമായ മരണത്തിനു് വിധിച്ചു. എന്നാൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊന്നും ആയിരുന്നില്ല. ഒരു സംഘം സ്ത്രീകൾ ഈശോയുടെ പരസ്യജീവിതകാലത്തു് അദ്ദേഹത്തെ അനുഗമിക്കുകയും അവിടത്തെ ആവശ്യങ്ങളിൽ സഹായിക്കുകയുമാണു് ചെയ്തിരുന്നതു്. ഒരു വലിയ ജനക്കൂട്ടത്തിൽവെച്ചു് ഒരു സ്ത്രീ "അവിടത്തെ വഹിച്ച ഉദരം അനുഗ്രഹിക്കപ്പെട്ടതാണു്." എന്നു ഉച്ചത്തിൽ വിളിച്ചുപറയുകയുണ്ടായി. പീലാത്തോസിന്റെ ഭാര്യപോലും "ആ നീതിമാനോടു യാതൊന്നും പ്രവർത്തിക്കരുതു്. ഇന്നു് ഞാനനുഭവിച്ച വിഷമതകളും കണ്ട സ്വപ്നങ്ങളും അദ്ദേഹം മൂലമാണു്" എന്നു് അവളുടെ ഭർത്താവിനു് ഒരു സന്ദേശം അയക്കുകയുണ്ടായി. കുരിശുമരണം അനുഭവിക്കുന്നതിനായി ഭാരമേറിയ കുരിശും വഹിച്ചുകൊണ്ടു് അവിടന്നു പോകുന്ന ആ ദയനീയ കാഴ്ചകണ്ടു് ഒരു സംഘം സ്ത്രീകൾ വളരെ ഉച്ചത്തിൽ വിലപിച്ചുകൊണ്ടു് അവരുടെ സഹതാപം പ്രദർശിപ്പിച്ചു. ഗലീലായിൽനിന്നും അദ്ദേഹത്തെ അനുഗമിച്ച ആ സ്ത്രീകൾ അദ്ദേഹം മരിക്കുന്നതുവരെ കൂടെയുണ്ടായിരുന്നു. ഞായറാഴ്ച അതിരാവിലെ അവിടത്തെ ശരീരത്തിൽ പരിമളതൈലം പൂശുന്നതിനു് വന്ന സ്ത്രീകൾ കവറിടം ശൂന്യമായി കിടക്കുന്നതാണു് കണ്ടതു്".

ദിവ്യനാഥന്റെ പ്രത്യേക പ്രീതിയ്ക്കു് പാത്രീഭൂതരായിരുന്ന ബെഥാന്യായിലെ രണ്ടു സഹോദരികളെ അവിടുന്നു് ഒരിക്കൽ സന്ദർശിച്ചപ്പോഴുണ്ടായ ആ ഗാർഹിക സംഭവം ആർക്കെങ്കിലും വിസ്മരിക്കുവാൻ സാധിക്കുമോ ? മർത്താ ഈശോയെ സൽക്കരിക്കുന്നതിനായി വിവിധ കാര്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. മറിയം ആ സമയം ദിവ്യ രക്ഷകന്റെ കാല്ക്കൽ ഇരുന്നുകൊണ്ടു് അവിടത്തെ ഉപദേശം ശ്രദ്ധിച്ചുകൊണ്ടിരുന്നു. സൽക്കാരകാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന മർത്താ ഈശോയുടെ അടുത്തു വന്നു് ഇങ്ങനെ ആവലാതിപ്പെട്ടു. "നാഥ, എന്റെ സഹോദരി സൽക്കാരത്തിന്റെ ചുമതല മുഴുവൻ എനിക്കായി വിട്ടിരിക്കുന്നതു് അങ്ങേയ്ക്കു് തൃപ്തിയാണോ ? അവളോടു് എഴുന്നേററു് എന്നെ സഹായിപ്പാൻ കല്പിച്ചാലും." ദിവ്യനാഥനു് മർത്തായോടു് സഹതാപം തോന്നിയെങ്കിലും അദ്ദേഹം മറിയത്തെ കുററപ്പെടുത്തിയില്ല. ഭക്ഷ്യവി

# തെററി ധരിക്കുന്നു

(Br. Pius. C. S. T. Mookkannur)

വിശുദ്ധിയുടെ മാർഗ്ഗം, കല്ലും മുള്ളും മാററി പുഷ്പം വിതറപ്പെട്ടിരിക്കുന്നു. അവിടെ ത്യാഗമില്ല. സന്തോഷം മാത്രം. സഹനമില്ല. സുഖം മാത്രം. എന്നിങ്ങനെ ഒരു ചിന്താഗതി ആധുനിക ലോകത്തിൽ, വിശിഷ്യാ ചെറുപുഷ്പത്തെ അനുഗമിക്കുന്നെന്നു ധരിച്ചിരിക്കുന്നവരുടെ ഇടയിൽ കടന്നുകൂടിയിരിക്കുന്നു.

അതു സത്യമോ? തീർച്ചയായും, വിശുദ്ധിയുടെ ഗിരിശൃംഗത്തിലേറുവാൻ, സ്വർഗ്ഗസ്ഥനായ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണനാകുവാൻ കുരിശിന്റെ മാർഗ്ഗമൊഴികെ മറെറാന്നുണ്ടായിരുന്നെങ്കിൽ സ്നേഹത്തിന്റെ പാരമ്യ ലക്ഷണമായ സ്വയാർപ്പണംവരെ നമ്മെ സ്നേഹിച്ച സ്നേഹനാഥൻ അതു് നമുക്കു കാണിച്ചുതരുമായിരുന്നു.

'ചക്കാത്തിൽ' പുണ്യവതിയായി എന്നു പറയുന്ന കൊച്ചുത്രേസ്യായുടെ ജീവിതത്തിലേയ്ക്കു നമുക്കൊന്നു എത്തിനോക്കാം. അവിടെ ത്യാഗമുണ്ടോ, സഹനമുണ്ടോ എന്നു. മനുഷ്യനിൽ രണ്ടു ഘടകം-ശരീരം, ആത്മാവ്—ഉണ്ടല്ലോ. അതിൽ ആത്മാവ് ശരീരത്തെക്കാൾ ശ്രേഷ്ഠമായിരിക്കുന്നതുപോലെ, ശരീരത്തിലും ആത്മാവിലും സഹിക്കുവാൻ കഴിയുന്ന മനുഷ്യന്റെ ആത്മപീഡക്ക് (ആന്തരികസമരം) മററതിനെ അപേക്ഷിച്ചു കാഠിന്യം കൂടുതലുണ്ടു. ഓരോ മനുഷ്യന്റെയും വികാര തീവ്രതയെ ആശ്രയിച്ചാണ് ഓരോരുത്തരുടെയും സഹനത്തിന്റെ മാററുകൂടിയും കുറഞ്ഞുമിരിക്കുന്നതു്. സന്യാസജീവിതത്തെ രക്തസാക്ഷിത്വത്തോടു തുലനം ചെയ്യുന്ന പിതാക്കന്മാരുടെ മനഃസ്ഥിതിയോടെ ലോകം സന്യാസത്തെ വീക്ഷിക്കുന്നില്ല. അവിടെയാണു നമുക്കു തെററുപററുന്നതു്. കൊച്ചുത്രേസ്യാ ഒരു പുതിയ തത്വം ലോകത്തെ പഠിപ്പിച്ചുവോ? ആദ്ധ്യാത്മിക ശിശുത്വം അവളുടെ കണ്ടുപിടുത്തമോ? ഇല്ല. ആദ്ധ്യാത്മിക ശിശുത്വം കൊച്ചുത്രേസ്യക്കു 1873 കൊല്ലങ്ങൾക്കു മുമ്പു ക്രിസ്തുനാഥൻ പ്രസംഗിച്ചതാണു്, പഠിപ്പിച്ചതാണ്. അവൾക്കതിന്റെ "പേറെറൻറി"ല്ല. എന്നാൽ അവൾ എന്തു ചെയ്തു? മിശിഹാ പഠിപ്പിച്ച ശിശുത്വം

---

ഭവങ്ങൾ ഒരുക്കുന്നതിനേക്കാൾ അവിടത്തെ ശ്രവിച്ചുകൊണ്ടിരുന്ന മറിയത്തിന്റെ പെരുമാററമാണ് ഈശോ അധികമിഷ്ടപ്പെട്ടിരുന്നതു്. ആകയാൽ അവിടന്ന് ഇപ്രകാരം അരുളിചെയ്തു. "മത്താ, നീ വിവിധ കാര്യങ്ങളിലുള്ള ഉൽക്കണ്ഠമൂലം അസ്വസ്ഥയാണ്. എന്നാൽ ആവശ്യകാര്യം ഒന്നു മാത്രം. മറിയം എല്ലാററിലും നല്ലതു തെരഞ്ഞെടുത്തു. അവളിൽ നിന്നും അതു് അപഹരിക്കപ്പെടുകയില്ല."

വേറേ ചില സ്ത്രീകളോട് ദിവ്യരക്ഷകൻ കാണിച്ച ദയ ലോകത്തിൽ മററാരിൽ നിന്നും അവൾക്ക് ലഭിക്കുമായിരുന്നില്ല. വിരുന്നുശാലയിൽ വെച്ച് പാപിനിയായ ആ സ്ത്രീയുടെ പ്രവർത്തിയെ ഈശോ നീതീകരിച്ചു സംസാരിച്ചു. മറിയം മഗ്ദലനായിൽ നിന്നും ഏഴു പിശാചുക്കളെ അദ്ദേഹം ഇറക്കിവിട്ടു. വ്യഭിചാരകൃത്യത്തിൽ കണ്ടുപിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലുന്നതിനായി ദിവ്യരക്ഷകന്റെ മുമ്പിൽ ഹാജരാക്കുകയിൽ, അവിടന്ന് അവരിൽ പാപം ഇല്ലാത്തവൻ ആദ്യം കല്ലെറിയുന്നതിനു കല്പിച്ചുകൊണ്ടു് കുനിഞ്ഞിരുന്ന് അവരുടെ ഓരോരുത്തരുടേയും നിഗൂഢപാപങ്ങളെപ്പററി നിലത്തെഴുതിക്കൊണ്ടിരുന്നു. അപ്പോൾ അവർ ഓരോരുത്തരായി ലജ്ജയോടുകൂടി സ്ഥലം വിട്ടു. ഒടുവിൽ ഈശോയും ആ സ്ത്രീയും മാത്രം ശേഷിച്ചു. ഈശോ ദൃഷ്ടി ഉയർത്തി അവളോട് ചോദിച്ചു. "നിന്റെ മേൽ കുററം ചുമത്തിയവരെല്ലാം എവിടെ? ഒരാളും നിന്നെ ശിക്ഷിച്ചില്ലേ?" "സ്വാമിൻ, ഇല്ല." എന്നവൾ മറുപടി പറഞ്ഞു. "ഞാനും നിന്നെ ശിക്ഷിക്കുന്നില്ല. പൊയ്ക്കൊള്ളുക. മേലാൽ പാപം ചെയ്യരുതു്." എന്നായിരുന്നു അവിടത്തെ മറുപടി. ഇവിടെ നമുക്ക് ഈശോയുടെ പരിപാവനമായ ദിവ്യഹൃദയത്തിന്റെ യഥാർത്ഥ സ്വരം ശ്രവിക്കാം.

കടപ്പാട്

"The Sacred Heart in the Gospels"
By. N. A. Johnston S. J.

പ്രാവർത്തികമാക്കിക്കാണിച്ചു. മാനഫാക്ചറിങ്ങ് മാത്രം.

കൊച്ചുത്രേസ്യ തപസനുഷ്ഠിക്കാതെ പുണ്യവതിയായിപോലും! മിശിഹാ പറഞ്ഞു തപസുചെയ്യില്ലെങ്കിൽ നിങ്ങളെല്ലാം നശിച്ചു പോകുമെന്നു. അങ്ങനെയെങ്കിൽ ഈ നിയമത്തിൽ നിന്നു കൊച്ചുത്രേസ്യാക്കു ഒഴിവു നൽകിയോ? ഇല്ല. കല്ലിൽ കിടക്കുക, ചമ്മട്ടിയടിയേൽക്കുക, ഉപവസിക്കുക, മുള്ളരിഞ്ഞാൺ കെട്ടുക ഇവയൊഴികെ മററൊന്നും തപസായി കണക്കാക്കാത്തവർക്കാണു തെററു പററുന്നതു്. ദിവ്യനാഥൻ തന്നെ അനുഗമിക്കുവാൻ മുതിരുന്നവനോടു് പറയുന്നതു്, "നിന്റെ കുരിശും എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരുക", ഇനിയും അതതു ദിവസത്തെയ്ക്കു അതതിന്റെ കഷ്ടതമതി എന്നാണു്. മിശിഹാ ശരിക്കും മനസ്സിലാക്കിയിരുന്നു യഹോവയിനാൽ ശിക്ഷിക്കപ്പെട്ട മനുഷ്യനു് അവന്റെ വിശുദ്ധീകരണത്തിനാവശ്യമായ സഹനം അവന്റെ അനുദിന ജീവിതത്തിലുണ്ടാകുമെന്നു്, അതിനു പുറമെ 'കൂലിയില്ലാ ചുമടു്' അവൻ ഏറെറടുക്കേണ്ട ആവശ്യമില്ലെന്നു. ആ ക്ലേശങ്ങളെ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ സഹിച്ചാൽ മതി വിശുദ്ധനാകുവാൻ, പൂർണ്ണത എന്നതു് "ദൈവവിളി"യുടെ വിളിയുടെ പൂർത്തീകരണമാണു്. Perfection consists in the completion of vocation. കല്ലിലും മുള്ളിലും കിടക്കണമെന്നോ, ചാട്ടയടിയേല്ക്കണമെന്നോ, പട്ടിണി കിടക്കണമെന്നോ ഒരു നിർദ്ദിഷ്ട കൃത്യം അവിടുന്നാവശ്യപ്പെടുന്നില്ല. പ്രത്യുത ദിനംപ്രതി "നിന്റെ കുരിശെടുക്കുക" അതു മാത്രം. മനുഷ്യന്റെ വ്യക്തിത്വത്തെ കടിഞ്ഞാണിട്ടു പിടിക്കുകയും സ്വഭാവത്തെ അടിച്ചമർത്തി ദൈവഹിതത്തിനു വിധേയമാക്കുകയും ചെയ്യുന്നതു് മേൽ പറഞ്ഞ എല്ലാററിനെയുംകാൾ ഏററവും വലിയ തപസാണു

**വ്യക്തിത്വത്തിലേയ്ക്കു കടന്നാൽ:-**

കൂർമ്മ ബുദ്ധിയും, ഗ്രഹണപാടവവും യുക്തി പറയുവാൻ സാമർത്ഥ്യവും, ആത്മാഭിമാനവും ഉള്ള-കഴിവുററ-ഒരു തരുണിയായിരുന്നു കൊച്ചുത്രേസ്യ. ഈ പ്രകൃതി അവളുടെ സമരത്തിനുഗ്രത കൂട്ടി. ഇങ്ങനെയുള്ളവർക്കു മററുള്ളവരുടെ വൈകല്യങ്ങൾ പലപ്പോഴും ക്ഷോഭത്തിനും സമൂഹജീവിതം അസഹ്യതയ്ക്കും കാരണമാകാറുണ്ടു്. എന്നാൽ കൊച്ചുത്രേസ്യായെ സംബന്ധിച്ചിടത്തോളം അതല്ല സംഭവിച്ചതു്. അവൾ അവളെത്തന്നെ മെരുക്കി-അതായിരുന്നു അവളുടെ തപസു്.

കൊച്ചുത്രേസ്യയേപ്പററി പറയുന്നതു് അവൾ കർമ്മലസഭയുടെ നിയമങ്ങൾ വള്ളിപുള്ളി വ്യത്യാസം കൂടാതെ അനുസരിച്ചുവെന്നാണു്. ഏതാണ്ടു് ആറു മാസക്കാലം ദിവസത്തിൽ ഒരു മുഷ്ടാന്ന ഭക്ഷണം മാത്രമായി താപസജീവിതം അനുഷ്ഠിക്കുന്ന സഭയുടെ നിയമം അവൾ അനുസരിച്ചെങ്കിൽ അതു തപസായിരുന്നില്ലേ ? ആന്തരികസമരം: ഒരു പ്രത്യേക വ്യക്തിയായിരുന്നു കൊച്ചുത്രേസ്യായുടെ ശ്രേഷ്ഠ. നവസന്യാസിനികളുടെ ഇടയിൽ ശ്രേഷ്ഠം അറിയപ്പെട്ടിരുന്നതു് ചെന്നായ് എന്ന പേരിലാണു്. നിരന്തരമായ ശകാരവും കുററപ്പെടുത്തലുകളുമാണു് കൊച്ചുത്രേസ്യായ്ക്കു കിട്ടിയിട്ടുള്ള സമ്മാനം. സമൂഹത്തിന്റെ മുമ്പിൽ വച്ചു പരസ്യമായി അവൾ ശാസിക്കപ്പെട്ടിട്ടുണ്ടു് അകാരണമായി. നീതീകരണത്തിനായി ഒരു വാക്കോ, നീരസത്തിന്റെ നെററിചുളിക്കലോ അവളിൽ നിന്നു പുറപ്പെടുവാൻ അവൾ സമ്മതിച്ചിട്ടില്ല ഈ സാഹചര്യത്തിൽ. സ്വന്തക്കാരുമായുള്ള സന്ദർശനത്തിനനുവദിക്കപ്പെട്ടാൽ നിശ്ചിതസമയത്തിൽ കൂടുതലായി ഒരു മിനിട്ടുപോലും അവൾ ഭാഷണം ചെയ്യുമായിരുന്നില്ല. മണൽഘടികാരത്തിലെ അവസാന തരി താഴെ വീഴുന്നതും കൊച്ചുത്രേസ്യ സ്ഥലം വിടുന്നതും ഒന്നിച്ചുകഴിയുമായിരുന്നു. സംസാരിച്ചിരുന്ന കാര്യം പൂർത്തിയാക്കി സ്വസ്തിയും പറഞ്ഞു പിരിയുവാൻ അവളുടെ സ്നേഹം തിങ്ങുന്ന ഹൃദയം കൊതിച്ചില്ലേ?

പല ആഴ്ച അവൾക്കു ഭക്ഷണംകിട്ടാതെ പോയിട്ടുണ്ടു്. പലപ്പോഴും മററുള്ളവർ ഉപയോഗിച്ചതിന്റെ ബാക്കികൊണ്ടു തൃപ്തിപ്പെടേണ്ടതായും വന്നിട്ടുണ്ടു്. പൊതുജീവിതം അനുഷ്ഠിക്കുന്ന ഒരു സന്യാസസഭയിൽ ഇതു എങ്ങനെ സംഭവിച്ചുവെന്നു പലരും സംശയിച്ചേക്കാം. എന്നാൽ ഇവയെല്ലാം മരണക്കിടക്കയിൽ വച്ചു അവൾ വെളിപ്പെടുത്തിയിട്ടുള്ള പരമാർത്ഥങ്ങൾ മാത്രമാണു്. പരാതിയുടേയോ, അസംതൃപ്തിയുടേയോ ഒരു ലാഞ്ചനപോലും അവൾ പ്രകടിപ്പിച്ചിട്ടില്ല. അവളുടെ സ്വഭാവം അത്ര അധികം സംയമിതമായിരുന്നുവോ? ഇല്ല. അവൾ സംയമനം പരിശീലിക്കുക

യാണ് ചെയ്തത്. അവൾ ചെയ്യാത്ത കുററത്തിന് ശാസിക്കപ്പെട്ടപ്പോൾ വിനീതയായി തറചുംബിച്ചു മേലിൽ സൂക്ഷിച്ചു പ്രവർത്തിച്ചുകൊള്ളാമെന്ന് ഏററു പറഞ്ഞു. അവളുടെ രക്തവും മാംസവും ചെടിച്ചില്ലേ, എതിർത്തില്ലേ? അപ്പോൾ ഞാനല്ല—എന്ന് ഒരു വാക്കു പറഞ്ഞിരുന്നെങ്കിൽ അവൾ അനുസരണത്തിനു വിരുദ്ധമായി പിഴക്കുമായിരുന്നുവോ ? അവൾ സ്വയം നിഗ്രഹിച്ചു. വേറൊരിടത്ത് അവളുടെ സ്നേഹം പൂരിയ വാക്കുകളിൽ അവൾ പറയുന്നത് ഭക്ഷണകാര്യങ്ങൾ അന്വേഷിക്കുന്ന സഹോദരി അവളെ വിശിഷ്ട ഭോജ്യങ്ങൾ നല്കി തൃപ്തിയാക്കുവാൻ ശ്രമിച്ചു എന്നാൽ ആ ശ്രമമെല്ലാം എണ്ണമററ സഹനങ്ങളായി അവളുടെ മേൽ പതിച്ചുവെന്നാണ്.

ത്രേസ്യയുടെ മദ്ധ്യസ്ഥയുടെ തിരുനാൾദിനം പല കന്യാസ്ത്രീകളുടെയും വീടുകളിൽ നിന്ന് പുഷ്പമഞ്ജരികൾ കൊണ്ടുവന്നു ത്രേസ്യയ്ക്കു നല്കിയിരുന്നു. അങ്ങനെ ഒരിക്കൽ വന്ന പൂക്കൾ എല്ലാം ശേഖരിച്ചുകൊണ്ടു ത്രേസ്യാ മനോഹരമായ ബൂക്കെ (Boquet) ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ മറ്റൊരു സഹോദരിവന്നു പറഞ്ഞു: "പാവപ്പെട്ടവരുടെ വീട്ടിൽ നിന്നുള്ളതെല്ലാം മറച്ചുവച്ചുകൊണ്ടു നിങ്ങളുടെ വീട്ടിൽ നിന്നു കൊണ്ടുവന്നതു് പ്രദർശിപ്പിക്കുകയാണല്ലേ?" അതിന് ഒരു ചുട്ട മറുപടി പറയുവാൻ അവളുടെ ഹൃദയം ബഹളംകൂട്ടി. എന്നാൽ അവൾ അതിനു സമ്മതം നല്കിയില്ല. സ്നേഹസമന്വിതമായ ഒരുപുഞ്ചിരിയായിരുന്നു അവളുടെ മറുപടി. പ്രതികാരമോ—പാവപ്പെട്ടവരെന്നുദ്ദേശിക്കപ്പെട്ടിരുന്നവരുടെ വീടുകളിൽനിന്നു കൊണ്ടുവരപ്പെട്ടവ മുൻപന്തിയിൽ വച്ചു പുഷ്പമഞ്ജരി ശരിപ്പെടുത്തി. കൊച്ചുത്രേസ്യായുടെ അസാധാരണ ക്ഷമയും സ്നേഹവും മറേറ സഹോദരിയുടെ കണ്ണുതുറപ്പിക്കുകയും മാപ്പിരക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. സാമ്രാജ്യങ്ങളെപ്പിടിച്ചടക്കുവാൻ വേണ്ടതിലധികം ശക്തിയും ധീരതയും ഇത്തരം സാഹചര്യത്തിൽ ആവശ്യമാണ്.

വേനല്ക്കാലത്ത് അലക്കുമുറിയിൽ കാററു കൂടുതൽ കിട്ടുന്ന സ്ഥലത്തിനായി തിരക്കിടുമ്പോൾ കൊച്ചുത്രേസ്യാ ചൂടുകൂടിയതും വായുസഞ്ചാരമില്ലാത്തതുമായ സ്ഥലം തിരഞ്ഞെടുക്കും തന്റെ മണാളനെ പ്രസാദിപ്പിക്കുവാൻ. അതിന്റെ ഫലമായി നെററിയിലും മുഖത്തും നിന്ന് ഒഴുകുന്ന വിയർപ്പു വടിച്ചെറിയാൻ അവൾ പ്രേരിപ്പിക്കപ്പെടും. എന്നാൽ അവൾ ഒരിക്കലും അതു ചെയ്തിരുന്നില്ല. നിസ്സാരകാര്യം. എന്നാൽ ഒരുവൻ ഇങ്ങനെ ഒന്നു അഭ്യസിച്ചുനോക്കട്ടെ വിഷമമുണ്ടോ എന്നു.

ഇനിയും അലക്കുമുറിയിൽ അവളെ ദർശിക്കാം. സമീപേ നിൽക്കുന്ന സഹോദരിയുടെ അശ്രദ്ധമൂലം അലക്കുന്ന വസ്ത്രത്തിലെ മലിനജലം-മനുഷ്യന്റെ മനം മടുപ്പിക്കുന്ന അഴുക്കു- കൊച്ചുത്രേസ്യയുടെ മുഖത്തേയ്ക്കു തന്നെ തുരുതുരാ തെറിച്ചുവീണുകൊണ്ടിരിക്കുന്നു. ഒരൊററനോട്ടത്തിൽ ആ സഹോദരിയുടെ സൂക്ഷ്മക്കേടിനെ ശാസിക്കാൻ കൊച്ചുത്രേസ്യായുടെ ജഡരക്തങ്ങൾ വെമ്പൽകൂട്ടി. വിട്ടില്ല അവൾ. ദൈവസ്നേഹത്തെക്കുറിച്ചു പരിശുദ്ധമായ ഒരു വെള്ളം തളിച്ചുപോലെ അവൾ അതിനെ സ്വീകരിച്ചു. സാധാരണ രീതിയിൽ ഒരുവൻ ഈ സഹനത്തിനു മുതിരുമോ? യാദൃച്ഛികമായി സംഭവിച്ചതാണെങ്കിൽത്തന്നെയും എത്ര ഒച്ചപ്പാടിനു കാരണമാകുകയില്ല ആ പ്രവൃത്തി?

അവളുടെ ചെരിപ്പിന്റെ ആദ്യത്തെ തുകലിന്റെ അവസാനകഷണം ശേഷിക്കുന്നതുവരെ വേറെ കഷണങ്ങൾ തുന്നിപ്പിടിപ്പിച്ചു ഉപയോഗിച്ചിരുന്നു. കൊച്ചുത്രേസ്യാ മരിച്ചപ്പോൾ മറ്റൊരു സഹോദരി ഇങ്ങനെ വൃത്തിഹീനമായ ഒരു സാധനം ഇവിടെ ഇരിക്കുന്നതു തനിക്കു സഹിക്കവയ്യാ എന്നു പറഞ്ഞു ആ ചെരുപ്പു ദഹിപ്പിച്ചുകളയുക ഉണ്ടായിപോലും. സമ്പന്നനായ ഒരു പിതാവിന്റെ കൊച്ചുറാണിയായി വളർന്ന ആ പുന്നാരമോൾ ഇത്തരത്തിൽ ദാരിദ്ര്യമഭ്യസിക്കണമെങ്കിൽ അവൾ തന്റെ സ്വഭാവത്തെ എത്രയധികം വരിഞ്ഞുകെട്ടേണ്ടിവന്നിട്ടുണ്ട്. മദർ ഗൊൺസാഗായുടെ സ്വന്തക്കാർ മഠത്തോടനുബന്ധിച്ചുള്ള ഒരു കെട്ടിടത്തിൽ വന്നു താമസിക്കുകയും കന്യാസ്ത്രീകൾ ഏതാണ്ടു അവരുടെ വേലക്കാരെന്നപോലെ അവരെ പരിചരിക്കുകയും ചെയ്യേണ്ടിയിരുന്നു. മററു യാതൊരുത്തർക്കും ഇങ്ങനെ ഒരു ആനുകൂല്യം ഗൊൺസാഗ അമ്മ അനുവദിക്കുമായിരുന്നില്ല. ഇതു കണ്ടപ്പോൾ കൊച്ചുത്രേസ്യായുടെ ഹൃദയം കോപംകൊണ്ടു മുററി. കുനിന്മേൽകുരുവെന്നപോലെ അവളെ അവർക്കുവേണ്ടി വിളക്കു ശരിപ്പെടുത്താനും ഏൽപിച്ചു. ആ കൊച്ചുറാണി ഇതു് എങ്ങനെ പൊറുക്കും? അവൾ ഒരു അഗ്നി

പവ്വിത്രമായി മാറി എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. എന്നാൽ അതു പൊട്ടുമോ- അതോ-ആറിത്തണുക്കുമോ' തണുത്തില്ല. പ്രത്യുത അവളതു തണുപ്പിച്ചു. ദൈവസ്നേഹമാകുന്ന ശീതജലം ആ അഗ്നിപവ്വതത്തിൽ അവരം ധാരകോരി. എന്നിട്ടവരം പറയുകയാണ്: "വിളക്കുകരം ഒരു പുളിക്കുത്തുപോലുമില്ലാതെ ഞാൻ വൃത്തിയാക്കി." എന്തിനുവേണ്ടി? "ഈശോയും പരിശുദ്ധകന്യകയുമാണ് ആ വിളക്കുപയോഗിച്ചു സ്വീകരിക്കപ്പെടേണ്ടതു് എന്ന വിശ്വാസത്തിൽ. *അനന്തമായ* ശ്രദ്ധ അതു വെടിപ്പാക്കാൻ ഞാൻ കാണിച്ചു. ഉടനെ എല്ലാം ശാന്തമായി.'' ഈ സമരം ചില്ലറയോ? സ്വന്തം സഹോദരൻെറ ഉപചാരക്കുറവു് സഹിക്കുവാൻ ക്ഷമയില്ലാത്ത ലോകം ഈ സഹനത്തിനു വിലകല്പിക്കുമോ? മേൽ പറയപ്പെട്ട ആളുകളുടെ വസ്ത്രം അലക്കിയിരുന്നതും ഈ കന്യാസ്ത്രീകരംതന്നെ. അങ്ങനെയുള്ള ഓരോ അവസരത്തിലും കൊച്ചുത്രേസ്യാ എത്രവലിയ സമരം ചെയ്യേണ്ടിവന്നിട്ടില്ല?

അവരം, തൻെറ ശാരീരിക ക്ലേശങ്ങളെക്കുറിച്ചു പറയുന്നതു് ശൈത്യംകൊണ്ടു ഏതാണ്ടു മരിക്കാതെ മരിച്ചിരുന്നുവെന്നാണ്. തീകായുവാനുള്ള സ്ഥലം അവളുടെ മുറിയിൽ നിന്നു് 60 വാര അകലെയായിരുന്നു. തുറസായ സ്ഥലത്തുകൂടി അവിടെ ചെന്നു അല്പം ചൂടുപിടിപ്പിച്ചുകൊണ്ടു മഞ്ഞുമൂടിയ വരാന്തയിലൂടെ ഈ ദൂരം നടന്നു ഗോവണിയുംകയറി മുറിയിൽ വരുമ്പോഴേയ്ക്കും കിട്ടിയചൂടു് നഷ്ടപ്പെട്ടും. വസ്ത്രം മാറുവാൻ ഒരുമണിക്കൂറിലധികം സമയം വേണ്ടിവന്നിരുന്നു. ചിലരാത്രി ഒരുപോളകണ്ണടക്കാതെ വിറച്ചു കഴിച്ചുകൂട്ടിയിട്ടുണ്ടു്. ശൈത്യബാധയിൽനിന്നു രക്ഷ നേടാൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ മതിയായ വസ്ത്രങ്ങരം കിട്ടുമായിരുന്നു. ഈശോയെക്കുറിച്ചു അതെല്ലാം സഹിച്ചു. ഈ സാഹചര്യത്തിൽ 'Suffering is a Sacrament administered by all creatures എന്നുള്ള മഹദ്വാക്യം ഓർമ്മിക്കുകയാണ്. ആധുനിക മനുഷ്യൻ സഹിക്കുന്നില്ല എന്നതല്ല പ്രത്യുത അധികം സഹിക്കുന്നു. വേണ്ടപോലെ സഹിക്കുന്നില്ല എന്നതാണു പരമാത്ഥം. കഷ്ടം! നിത്യത്വത്തിന് ഉപകരിക്കേണ്ട 'വ്യാപാരവസ്തു'-സഹനം- ആധുനിക വിപണിയിൽ വിലയില്ലാത്ത ചരക്കായി മാറിയിരിക്കുന്നു.

ഇനി കൊച്ചുത്രേസ്യായെ രോഗശയ്യയിൽ ദർശിക്കാം. പരിശുദ്ധകന്യക അവളെ അത്ഭുതകരമായി സുഖപ്പെടുത്തിയശേഷം അവികലമായ ആരോഗ്യം അവരംക്കുണ്ടായിരുന്നു. എന്നാൽ കർമ്മലയിലെ താപസികജീവിതം ആ തരുണിയുടെ ആരോഗ്യത്തെ പിടിച്ചുകുലുക്കി. അതു് അടിപടലം തകർന്നു. മററുള്ളവരിൽ അനുകമ്പ ജനിപ്പിക്കത്തക്കവിധം അവരം വിവശയായി. മുഖം വിളറി. ഒരുദിവസം അവളുടെ അവശനിലയെക്കുറിച്ചു സഹതാപംതോന്നിയ ചിലർ മദർ ഗൊൺസാഗായോടു കൊച്ചുത്രേസ്യയ്ക്കു ചില നിയമങ്ങളിൽനിന്നു ഒഴിവുനൽകണമെന്നു അപേക്ഷിച്ചു. കാരുണ്യം എന്തെന്നറിഞ്ഞുകൂടാത്ത ആ കഠിനകർമ്മലീത്താക്കാരി പറയുകയാണ്. ഇങ്ങനെയുള്ള ഒഴിവുകളൊന്നും ഇത്തരം സാധനങ്ങരംക്കുള്ളതല്ലയെന്നു്. ഈ വാക്കു കൊച്ചുത്രേസ്യായുടെ മൃദുലഹൃദയത്തിനു ഒരു പുതിയ മുറിവായിരുന്നില്ലേ? അവളെ പരിശോധിച്ച ഡാക്ടരും ഉദാസീനതകൊണ്ടോ, ദൈവപരിപാലനയാലോ രോഗത്തിൻെറ ഗൌരവം മനസ്സിലാക്കിയില്ല. ക്ഷയരോഗം കാഠിന്യംപ്രാപിക്കുകയും പലപ്പോഴും രക്തം ഛർദ്ദിക്കുകയും ചെയ്തശേഷമാണ് ഡാക്ടർ പരിശോധിച്ചതു്. ദിവസത്തിൽ പല പ്രാവശ്യം രക്തം ഛർദ്ദിച്ചിരുന്ന അവളുടെ ആരോഗ്യനിലയെപ്പററിയും സഹനത്തിൻെറ ഉഗ്രതയെപ്പററിയും വായനക്കാർ വിധിപറയട്ടെ. വേദനയുടെ അടിക്കടലിലൂടെ പുഞ്ചിരിപൊഴിച്ചുകൊണ്ടും സ്നേഹഗീതകരം ആലപിച്ചുകൊണ്ടും അവരം നീക്കുഴിയിട്ടു. വൈയ്ക്കോൽ കിടക്കയിൽ തുടച്ചയായി കിടന്നതുകൊണ്ടു ശരീരത്തിലെ മാംസം പലയിടത്തും പഴുത്തു് അസ്ഥികരംക്കു വഴിമാറിക്കൊടുത്തു. അങ്ങനെ അവളുടെ അസ്ഥികരം സൂര്യപ്രകാശംകണ്ടു.

1897 ആഗസ്ററ പതിനേഴാം തിയതി മരണത്തിനു് കേവലം 44 ദിവസംമുൻപു്- ഒരു ഡാക്ടർ അവളെ പരിശോധിച്ചിട്ടു പറഞ്ഞു. ഹാ! സംഗതികരം എത്ര ഗൗരവതരമായി മാറിയിരിക്കുന്നു. അവളുടെ ശ്വാസകോശങ്ങരം ഉപയോഗശൂന്യമായി തീന്നിരിക്കുന്നു. ഇതിനുംപുറമേ മാരകമായ ഉദരവ്യാധിയും അവളെ ബാധിച്ചിരിക്കുന്നു എന്നു്.

അവളുടെ വേദനയെക്കുറിച്ചു, സഹനം സ്നേഹചുംബനമാക്കിമാററിയ, സഹനം സഹനമായി അനുഭവപ്പെടാത്ത ആ ത്യാഗിനിയുടെ വാക്കുകരം നമുക്കു ശ്രവിക്കാം. പല മണിക്കൂർ നേരത്തേയ്ക്കു നീണ്ടുനില്ക്കുന്ന ചുമ വരുമ്പോരം അവരം പറയുകയാണ്: "കുത്തുമുത്ത

ഇരുമ്പാണികളിലിരിക്കുന്നതായി എനിക്കവ അനുഭവ പ്പെട്ടന്നു. വിശ്വാസമെന്ന മഹാദാനം എനിക്ക കിട്ടി യിട്ടില്ലായിരുന്നെങ്കിൽ ഞാൻ നിരാശയിൽ ആണ്ടു പോകുമായിരുന്നു. വിശ്വാസമില്ലാത്തവർ വേദനയുടെ ആധിക്യത്തിൽ ആത്മഹത്യചെയ്യുന്നതിൻെറ രഹസ്യം എനിക്കിപ്പോൾ മനസ്സിലായി. രോഗികളുടെ സംര ക്ഷണം നിങ്ങൾക്കുണ്ടെങ്കിൽ വിഷമുള്ള യാതൊന്നും അവരുടെ കയ്യിൽ കിട്ടാതെ സൂക്ഷിക്കണം. (ഒരു പക്ഷേ അവർ ആത്മഹത്യ ചെയ്യേക്കും. എന്തെന്നാൽ വേദന അതിൻെറ ഉഗ്രനിലയിലെത്തുമ്പോൾ രോഗി സുബോധമററവനായിരിക്കുന്നു.'' വിശ്വാസത്തിൻെറ ഈ പൈതലിൽ നിന്നു ഇത്തരം നിസ്സഹായതയുടെ വാക്കുകൾ പുറപ്പെടണമെങ്കിൽ അവളുടെ സഹനം സാധാരണതരമായാൽ മതിയോ?

അവൾക്ക അല്പം ആശ്വാസമരുളുവാൻ മോർ ഫിയാ കുത്തിവെയ്ക്കുവാൻ ഡാക്ടർ നിശ്ചയിച്ചു. എ ന്നാൽ കുരിശിൻെറ പര്യായമായിത്തീർന്നിരുന്ന മിശി ഹായുടെ ആ പ്രേമവധുവിനു് അതും നിഷേധിക്ക പ്പെട്ടു. അമ്മ ത്രേസ്യായുടെ 'ഉത്തമപുത്രി'യായിരുന്ന മദർ ഗൊൺസാഗാ പറയുകയാണു്: കർമ്മലസന്യാ സികൾ ആശ്വാസത്തിനായി ഇത്തരം പ്രതിവിധി കൾ സ്വീകരിക്കുന്നതു് കർമ്മലസഭക്കുതന്നെ ലജ്ജാ കരം–എന്നു്. സാമാന്യരീതിയിൽ ഇതു കൊച്ചു ത്രേസ്യായേ എത്ര അധികം സങ്കടപ്പെടുത്തണം. എ ന്നാൽ അവൾ വേദനിച്ചില്ല. ആനന്ദിച്ചു. തൻെറ മണാളനുവേണ്ടി അത്രയും കൂടി സഹിക്കാൻ സാധിച്ച തിൽ. അങ്ങനെ സഹനത്തിൻെറ തീച്ചൂളയിൽ സ്നേഹ മാകുന്ന എണ്ണയൊഴിച്ചു് കൊച്ചുത്രേസ്യാ ദഹിക്ക പ്പെട്ടു.

അവളുടെ സ്നേഹത്തിൻെറ മാററു്. അവൾ പറ ഞ്ഞു: എൻെറ ജീവിതത്തിൽ മൂന്നുമിനിട്ടിൽ കൂടുത ലായി ദൈവസാന്നിദ്ധ്യസ്മരണയില്ലാതെ ഇരുന്നതായി ഓർമ്മയില്ല–എന്നു്. ആദ്ധ്യാത്മികജീവിതത്തിൻെറ അടിസ്ഥാനമായ ദൈവസാന്നിദ്ധ്യസ്മരണ അഭ്യസി ക്കുന്ന ഒരു ആരംഭക്കാരനോടു ചോദിച്ചുനോക്കുക, എത്രയധികം ശ്രമമേറിയ ഒരു സംരംഭമാണു്, അധഃ പതിച്ച മനുഷ്യനു് ഇതെന്നു്. നിരന്തരമായ ദൈവ സ്മരണയ്ക്കടിസ്ഥാനമായി അവൾ പറയുന്ന ന്യായം, ഒരുവൻ സ്നേഹിക്കുന്നവനെപ്പററി എപ്പോഴും ചിന്തി ക്കുക എന്നതു് സ്വാഭാവികമാണല്ലോയെന്നാണു്. അവൾ ദൈവത്തെ എത്രയധികം സ്നേഹിച്ചു എന്നു നോക്കുക. സ്നേഹത്തിൻെറ നിർവ്വചനവും ലക്ഷണവും സ്വായർപ്പണമാണല്ലോ. ഈ സ്വായർപ്പണത്തിനുള്ള അവ സരം ഒരുവൻെറ ചുററും എപ്പോഴും ഉണ്ടു്. അതിനു വേണ്ടി ഒരു സുവർണ്ണാവസരം പാർത്തിരിക്കേണ്ടതില്ല.

സമാധാനവും സുഖസൗകര്യാദികളും സമാർജ്ജിക്കു വാൻ പരിശ്രമിക്കുന്ന മനുഷ്യൻ ഏററവും ഭയപ്പെടു ന്നതു സഹനത്തെയാണു്. എന്നാൽ സഹനമോ അവ നോളംതന്നെ പഴക്കമുള്ള സന്തതസഹചാരിയാണവ നു്. കരച്ചിലോടുകൂടി രംഗപ്രവേശം ചെയ്യുന്ന മനു ഷ്യൻ വിലാപത്തോടുകൂടി വിലാപത്തിൻെറ മദ്ധ്യേ രംഗത്തുനിന്നും തിരോധാനം ചെയ്യുന്നു. സഹനത്തെ ക്രിസ്തുമഹത്വീകരിച്ചു. ആ ക്രിസ്തുവിലൂടെ സഹനത്തി ൻെറ വില കൊച്ചുത്രേസ്യാ മനസ്സിലാക്കി. സഹനത്തി ൻെറ പുത്രിയായി അവൾ തൻെറ സന്യാസജീവിതം മുഴുമിപ്പിച്ചു. അവൾ, ഓ ദൈവമേ! അങ്ങേയ്ക്കുവേണ്ടി സഹിക്കുന്നതിനേക്കാൾ വലിയ ആനന്ദമുണ്ടോ, എന്നു ചോദിച്ചു. സഹനത്തിൽ അവൾ ആനന്ദിച്ചു. അതാ യിരുന്നു അവളുടെ തപസ്സു്. ഓ സഹനത്തിൻെറ ബ ലിവസ്തുവേ! ചെറുസൂനമേ! നിനക്കു സ്വസ്തി. നിന്നെ ലോകം തെററിധരിക്കാതിരിക്കട്ടെ. സ്നേഹത്തിൽ സഹി ക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

---

### പരിശുദ്ധ പിതാവിൻെറ നിയോഗങ്ങൾ

**ഏപ്രിൽ: പൊതുനിയോഗം. യുവജനങ്ങളുടെ വേദോപദേശ പഠനം എല്ലായിടത്തും സാ ധിക്കുന്നിടത്തോളം, ആധുനികാലാവശ്യങ്ങളനുസരിച്ചു് പുരോഗമിക്കുന്നതിനു്;**

**മിഷ്യൻനിയോഗം: സ്വന്തം വർഗ്ഗത്തിൻെറ നിലനിൽപ്പ് നഷ്ടപ്പെട്ട ആഫ്രിക്കയിലെ തൊഴിലാളികൾ കത്തോലിക്കാ സഭയുടെ സാമൂഹ്യപഠനത്തിലും സംഘടനകളിലും സഹാ യം കണ്ടെത്തുന്നതിനു്.**

# പാവം പത്രോസ്!

(സി. മേരി ബനീഞ്ഞാ സി. ഡി.)

യാചകൻ പത്രോസന്നു പൊരിയുംവെയിലത്തു
നാലഞ്ചുമണിക്കൂറുതുടരെ നടക്കയാൽ
ക്ഷീണിതനായി, തെല്ലും കാലുകൾ നീങ്ങാതായി
പാണിയിൽ ഭിക്ഷാപാത്രം വഹിക്കാൻവയ്യാതായി
"വല്ലതും തരേണമേ" എന്നൊന്നു വിളിക്കുവാൻ
തെല്ലുമേ നാവും പൊങ്ങാതുള്ളൊരു നിലയായി.
നാലഞ്ചുചില്ലി കൈയിലുള്ളതുകൊടുത്തിട്ട്
നാഴിവെള്ളം വാങ്ങുവാൻ കടകൾ കാണുന്നില്ല.
രാജപാതയാണതു വലുതല്ലെന്നാകിലും,
വാഹനങ്ങളേ ഭയന്നീടണം സൂക്ഷിക്കണം.
തെല്ലുവിശ്രമിക്കുവാനൊഴിവുള്ളിടമേതെ-
ന്നല്ലലാന്നവൻ നോക്കി പാർശ്വഭാഗങ്ങൾ രണ്ടിൽ
തണലുണ്ടൊരേടത്തു തറയും മോശമല്ല;
പതുക്കെ നടന്നങ്ങു ചെന്നിരുന്നവൻ സാധു-
ചെറുകല്ലടിയൊന്നാണവനെത്താങ്ങുന്നതെ-
ന്നറിഞ്ഞില്ലവൻ പാരം മെയ്‌ തളർന്നിരിക്കയാൽ.
കിടപ്പല്ലിരിപ്പുമല്ലെന്നൊരു വിധത്തിലായ്
കിതച്ചു കിതച്ചവൻ മാത്രകൾ കഴിക്കവേ
മാന്യനാമൊരു പാന്ഥനാവഴിവന്നു, തിരി-
ഞ്ഞൊന്നു നിന്നവൻ തലനമിച്ചുകൈകൾകൂപ്പി.
യാചകൻ നേരേ നിവർന്നിരുന്നു ചിന്തിക്കയായ്
"ദൈവമേ, ഇപ്പാപിയേ സന്നമിക്കയോ പാന്ഥൻ!
ഭ്രാന്തനാണെന്നും വരാമീമനുഷ്യ,നല്ലെങ്കിൽ
സാധുവാമെന്നെ നമിച്ചീടുമോ തലതാഴ്ത്തി?"
നീട്ടിയ ഭിക്ഷാപാത്രം കണ്ടുകൊണ്ടതിലേയ്ക്കും
തുട്ടുകളൊന്നോ രണ്ടോ യാത്രികൻ കുനിഞ്ഞിട്ടു.
കടന്നുപോകുന്നൊരാമർത്ത്യനെ വീണ്ടും വീണ്ടും
തുടർന്നു നോക്കിപ്പത്രോസങ്ങനെയിരിക്കുമ്പോൾ
മറെറാരു യാത്രക്കാരൻ മാന്യനല്ലെന്നാകിലും
തെററുകൂടാതെ തിരിഞ്ഞതുപോൽ നമിക്കുന്നു.
എന്തൊരുകളിയിതെന്നത്ഭുതവികാരത്താ-
ലന്തരംഗത്തിലൊരു കോളിളക്കമായ്; പാവം!
എത്രയോ സ്ഥലത്തവർ കഴിച്ചു ഭിക്ഷാടന-
മിത്രനാളോളം, പക്ഷേയിങ്ങനെ കണ്ടിട്ടില്ല.

വഴിയിൽക്കൂടി വീണ്ടും കടന്നുപോകുന്നവർ
പലരും തിരിഞ്ഞൊന്നു നമിച്ചുപോയീടുന്നു.
ഒട്ടുനേരമിക്കാഴ്ച കണ്ടുകൊണ്ടിരുന്നവൻ
കിട്ടുന്നു ചില്ലിക്കാശും ചിലരിൽനിന്നൊക്കെയും.
വിദ്യയും വിജ്ഞാനവും യാതൊരു സംസ്കാരവും
ബുദ്ധിയെ സ്പർശിക്കാത്ത യാചകൻ ചിന്തിക്കയായ്
"നിർധനൻ ഞാനെങ്കിലുമെന്നിലുണ്ടെന്തോ മേന്മ
ബുദ്ധിയുള്ളവർ മാത്രമായതു ഗ്രഹിക്കുന്നു.
ഇതിലേപോകുന്നവർ ബുദ്ധിമാന്മാരാകുകി-
ലതിനുമെന്തെങ്കിലും കാരണമുണ്ടാകണം.
എന്തു സംഗതി? ഇതിലെന്തുസംഗതി?" എന്ന
ചിന്തയോടവൻ നോക്കി ചുററിലും സംഭ്രാന്തനായ്.
അപ്പോഴാണവൻ കാണ്മതവൻെറ പിന്നിൽത്തന്നെ
നില്പൊരു കുരിശിനേയനതിവിദൂരത്തിൽ.
അക്കുരിശിനേയത്രേയാളുകൾ നമിപ്പതെ-
ന്നല്പസന്ദേശം വിനാബോദ്ധ്യമായ്; ലജ്ജിച്ചവൻ.

.....................................................................

അവനോ നിരക്ഷരകുക്ഷിയാണതോർക്കുമ്പോ-
ളവൻെറ കാര്യത്തിലീകളിപ്പുനിസ്സാരമാം.
വലിയ വിജ്ഞന്മാർക്കും പലർക്കുമിതേവിധം
കളിപ്പുപററീടുന്നതറിയുന്നുണ്ടോ ലോകം?
ആദരാഞ്ജലികളെ സ്വാഗതം ചെയ്തുകൊണ്ടു-
മാഗതന്മാരെ നോക്കിപ്പുഞ്ചിരിതൂകിക്കൊണ്ടും
ഉയർന്ന പീഠങ്ങളിലിരിക്കും സമ്പൂജ്യരേ,
യുണർത്തിച്ചീടുന്നു ഞാൻ സത്യമൊന്നീഘട്ടത്തിൽ.
അനിഷ്ടം തോന്നുന്നെങ്കിൽ ക്ഷമിപ്പാനപേക്ഷയു-
മെനിക്കോ ദുരുദ്ദേശം ലേശമില്ലെന്നോർക്കണം.
പിന്നിലുണ്ടൊരു കുരിശുതു കാണണം നിങ്ങൾ
തന്നിലുണ്ടൊരു മേന്മയെന്നതു മറക്കണം.

.....................................................................

പണ്ടൊരു പറയിക്കു പന്തിരുസന്താനങ്ങ-
ളുണ്ടായകഥ പക്ഷേ പലരും കേട്ടിട്ടുണ്ടാം.
അവരിൽ 'നാറാണത്തുഭ്രാന്ത'നെന്നൊരു വിദ്വാ-
നവൻെറ വിഭ്രാന്തിയായുന്നത സന്ദേശത്തെ
പണ്ഡിതമ്മന്യന്മാർക്കു നൽകിയെന്നല്ലോ കേൾവി,
എണ്ണിടാമക്കൂട്ടത്തിൽ യാചകൻ പത്രോസിനെ.
മനഃപൂർവ്വമല്ലെന്നുവന്നിടാം, പക്ഷേ പാരം
കനത്ത തത്വം തന്നേ ജഗത്തിന്നവൻ നൽകി.

"എന്നിലുണ്ടൊരു കുരി-
ശതു കാണണം നിങ്ങൾ
തന്നിലുണ്ടൊരു മേന്മ-
യെന്നതു മറക്കണം."

(40-ാംപേജിന്റെ തുടർച്ച)

പ്രോട്ടസ്റ്റൻറമതത്തിൽ കാണുന്ന അന്തമില്ലാത്ത ഈ മാററം നമ്മെ അത്ഭുതപ്പെടുത്തേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അതു് സ്വാഭാവികവും സർവ്വപ്രധാനവുമായ അതിന്റെ സ്വഭാവമാകുന്നു. സദാ പരിവർത്തനങ്ങൾക്ക വിധേയമായി മാറിക്കൊണ്ടിരിക്കുന്ന പ്രോട്ടസ്റ്റൻറമത തത്വങ്ങൾ വിനാശകരങ്ങളാണെന്നും ജീവാധാരമായിട്ടുള്ളവയല്ലെന്നും ഇത്രയും പറഞ്ഞതിൽ നിന്നു മനസ്സിലാക്കാവുന്നതാണല്ലോ. പ്രോട്ടസ്റ്റൻറ മതതത്വങ്ങൾ ഏവയെന്നു വ്യക്തമായി പ്രസ്താവിക്കുവാൻ അതിന്റെ ആരംഭംമുതൽ ഇന്നുവരെ പലരും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വായുവിൽ മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന വസ്തുക്കളുടേയും വിശ്വാസങ്ങളുടേയും സ്ഥിരപ്രകൃതി നിർദ്ദേശിക്കുവാൻ ആർക്കാണു് കഴിയുക?

പ്രോട്ടസ്റ്റൻറമതത്തിൽ സ്ഥിരതയുള്ള എന്തെങ്കിലും ഉണ്ടെങ്കിൽ അതു വിശ്വാസകാര്യങ്ങളിൽ വ്യവസ്ഥാപിതമായ അധികാരത്തെ വകവെക്കാതെ വ്യക്തിപരമായ തീരുമാനം ചെയ്യുവാനുള്ള സ്വാതന്ത്ര്യംമാത്രമാകുന്നു. ഈ വ്യക്തിസ്വാതന്ത്ര്യമാണു് പ്രസ്തുത മതത്തിന്റെ അടിത്തറ. അസംഖ്യങ്ങളായി വേർപിരിഞ്ഞിട്ടുള്ള പ്രൊട്ടസ്റ്റൻറമതത്തിൽ പൊതുവായി കാണുന്ന ഒരു സ്വഭാവമാണിതു്. ഈ സ്വഭാവം മിക്കപ്പോഴും അവിചാരിതമായും, ചിലപ്പോഴെല്ലാം പ്രത്യക്ഷമായ ആഗ്രഹങ്ങൾക്ക വിധേയമായും നിൽക്കാറുണ്ട്.

എത്ര കണ്ടു് ആപത്കരവും ശോചനീയവുമായിരുന്നാലും ഈ തത്വത്തെ ജീവത്പ്രമാണമായി കരുതുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്തിരുന്നുവെങ്കിൽ അബദ്ധത്തിൽതന്നെയും അതു് സ്ഥിരതയുള്ളതായിരിക്കുമായിരുന്നു. എന്നാൽ ഇന്നത്തെ നിലയിൽ അതിനു് അത്രമാത്രമെങ്കിലും അഭിമാനിക്കുവാൻ പ്രൊട്ടസ്റ്റൻറമതത്തിനു് മാർഗ്ഗമില്ല. ആദ്യകാലത്തു് ജീവിച്ചിരുന്ന മതപരിഷ്ക്കർത്താക്കളുടെ വാക്കുകളും പ്രവൃത്തികളും പരിശോധിക്കുന്നവർക്കു് ഒരു കാര്യം വ്യക്തമാകും. വിശ്വാസകാര്യങ്ങളിൽ വ്യക്തിസ്വാതന്ത്ര്യം ആവശ്യമാണെന്നു് അവർ വാദിച്ചതു്, അവരുടെ അധികാരങ്ങളെ വിട്ടുകൊടുക്കുവാനുള്ള വിസമ്മതംകൊണ്ടുമാത്രമാണു്. ഈ തത്വത്തിനു് പിൽക്കാലത്തു് പ്രചാരം സിദ്ധിക്കണമെന്നോ സിദ്ധിക്കുമെന്നോ അവർ വിചാരിക്കാനും ഇടയില്ല: നിലവിലിരുന്ന അധികാരത്തെ തകിടം മറിക്കുവാൻ അവർ യത്നിച്ചിരുന്നുവെങ്കിൽ ആ യത്നപ്രമാണങ്ങളെ സ്വാർത്ഥലാഭത്തിനുവേണ്ടി ഉപയോഗിക്കണമെന്നുള്ളവിചാരം കൊണ്ടായിരുന്നു. ഈ മതപരിഷ്ക്കർത്താക്കൾഎല്ലാക്കാലത്തും ഉണ്ടായിട്ടുള്ള വിപ്ലവനേതാക്കന്മാരെപ്പോലെ സ്വാർത്ഥത്തിനുവേണ്ടിമാത്രമാണു് പ്രവർത്തിച്ചിട്ടുള്ളതു്. ലൂതർ എത്ര കണ്ടു് അധികാരപ്രമത്തനായിരുന്നുവെന്നു് എല്ലാവർക്കും അറിവുള്ളതാണു്. വിമർശനത്തെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ചിന്താസ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊണ്ടിരുന്ന എന്നു പറയപ്പെടുന്ന ഹെൻറി എട്ടാമൻ, തന്റെ അഭിപ്രായങ്ങളെ ആദരിക്കാതിരുന്നവരെ കഴുകമരത്തിലേക്കാണു് അയച്ചിരുന്നതു്. കാൽവിന്റെ പ്രേരണയനുസരിച്ചാണു് സർവെററ്സിനെ ജനീവയിൽവെച്ചു് ജീവനോടെ ദഹിപ്പിച്ചതു്.

മനുഷ്യർക്കു സ്വാഭാവികമായി അഹങ്കാരത്തിലേക്കു് ചാച്ചിലുണ്ടു്. അതുകൊണ്ടു് 16-ാം നൂററാണ്ടിലെ മതവിപ്ളവക്കാർ മാനവസമുദായത്തിനു് ചിന്താസ്വാതന്ത്ര്യത്തെയാണു് പ്രദാനംചെയ്യുന്നതെന്നു് കൊട്ടിഘോഷിക്കുന്നതു കേൾക്കുമ്പോൾ സാമാന്യജനങ്ങൾ സന്തോഷിക്കുകയും, അതിനു കാരണക്കാരായവരിൽ തല്പരരാവുകയും ചെയ്യും. എന്നാൽ ഈ നേതാക്കൾ യഥാർത്ഥത്തിൽ എന്താണുചെയ്തതു്? ദൈവത്തിൽനിന്നു വന്നിട്ടുള്ള അധികാരത്തെ നശിപ്പിച്ചിട്ടു തൽസ്ഥാനത്തു് അവരുടെ അധികാരപ്രമത്തതയെ സ്ഥാപിക്കുവാനായിരുന്നു അവരുടെ യത്നം. പ്രോട്ടസ്റ്റൻറമതത്തെ ഒന്നാകെ പരിശോധിക്കുമ്പോൾ പരസ്പരവിരുദ്ധങ്ങളും എന്നാൽ ഒരു കാര്യത്തിൽമാത്രം—കത്തോലിക്കാസഭയെ എതിർക്കുന്നതിൽമാത്രം—യോജിപ്പുള്ളവരുമായ അസ്ഥിരപ്രകൃതിയോടുകൂടിയ അനേകം വ ഭാഗങ്ങൾ അടങ്ങിയ ഒരു മതമാണെന്നു കാണാവുന്നതാണു്. മതവിപ്ളവത്തിനു് ഹേതുഭൂതരായ നേതാക്കന്മാരുടെ പേരുകളോടു് അനുബന്ധിച്ചാണു് ഓരോ മതവിഭാഗവും നാം അറിയുന്നതു്. അർമീനിയൻസ്, അനാബാപ്ററിസ്റ്റ്സ്, സൊസീനിയൻസ്, ആംഗ്ലിക്കൻസ്, കാൽവിനസ്ററുകൾ, ലൂതറന്മാർ എന്നിങ്ങനെ ഉദ്ധരിക്കാവുന്ന പേരുകളെല്ലാം പരിമിതമായ ഒരു വൃത്തബന്ധത്തിൽ ചുററിക്കറങ്ങുന്ന ജനവിഭാഗങ്ങളെയാണു് സൂചിപ്പിക്കുന്നതു്.

# വത്തിക്കാൻ കത്തോലിക്കാസഭയുടെ സിരാകേന്ദ്രം

(ഇ. ലൂയിസ്സ് റോച്ച്, പി. എച്ച്. എൽ; ബി. ഡി.)

ആധുനികലോകത്തിൽ വത്തിക്കാൻ സിററിയെ പ്പററി കേട്ടിട്ടില്ലാത്തവർ നന്നേ ചുരുങ്ങും. ശത്രുമിത്ര ഭേദമെന്യേ, സമസ്തജനങ്ങളുടെയും സവിശേഷമായ ശ്രദ്ധയ്ക്കും പഠനത്തിനും വിഷയീഭവിച്ചിരിക്കുകയാണ് ആ കൊച്ചുരാജ്യം—ലോകത്തിലെ ഏററം ചെറിയ പരമാധികാരരാഷ്ട്രം. 109 ഏക്കർ വിസ്താരമുള്ള ഈ പ്രദേശം ഇവ്വിധം അഖില ലോക പ്രശസ്തമായിത്തീരാനുള്ള കാരണങ്ങൾ നിരവധിയാണ്. പ്രഥമതഃ ലോകജനതയിൽ അഞ്ചിലൊരുഭാഗം വരുന്ന കത്തോലിക്കരുടെ സിരാകേന്ദ്രമാണ് വത്തിക്കാനെന്ന വസ്തുത വിസ്മരിച്ചുകൂടാ. കൂടാതെ ഈ കൊച്ചുരാജ്യത്തിന്റെ ഭരണസാരഥിയായ മാർപ്പാപ്പായുടെ ലോകത്തിലെ ഏക വിശ്വപൗരനെന്ന പദവിയും, അന്തർദേശീയത്വവും വത്തിക്കാന്റെ മാററു കൂട്ടുകതന്നെ ചെയ്യുന്നു. ചുരുക്കത്തിൽ സേവനംമാത്രം മതമായി സ്വീകരിച്ചിട്ടുള്ള നെഹ്റുവിനും, നിരീശ്വരനായ ക്രൂഷ്ചേവിനുമറിയണം വത്തിക്കാന്റെ ചെയ്തികൾ ഗതിവിഗതികൾ—കാൽവെയ്പുകൾ.

വത്തിക്കാൻ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ 1929, ഫെബ്റുവരി മാസം 11-ാംതിയതി വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ഒരു കീറാമുട്ടിയായി അവശേഷിച്ചിരുന്ന റോമൻ പ്രശ്നത്തിനൊരു പരിഹാരം കണ്ട സുപ്രധാനദിനം. ലാററൺ സന്ധിക്കു വത്തിക്കാനും ഇററലിയും പരസ്പരം സമ്മതം മൂളിയ സന്ദർഭം—അതോടെ ഉടലെടുക്കുകയുണ്ടായി, നവീന വത്തിക്കാന്റെ സിററിസ്റ്റേററ്, City within a City, ഒരു നഗരത്തിനുള്ളിൽ വേറൊരു നഗരം. എല്ലാ പ്രമുഖ രാഷ്ട്രങ്ങളും വത്തിക്കാന്റെ ഈ പരമാധികാരപദവിയെ അംഗീകരിക്കുന്നു. നയതന്ത്രപ്രതിനിധികളെ വത്തിക്കാനിലേക്കയച്ചു തങ്ങളുടെ അംഗീകാരവും ആദരവും പ്രകടമാക്കുന്നു. ഇന്ന് ഏതാണ്ട് 53 രാജ്യങ്ങളുടെ പ്രതിനിധികൾ പാപ്പായുടെ രാജധാനിയിലുണ്ട്. അക്കൂട്ടത്തിൽ പ്രോട്ടസ്റ്റന്റ്, ബൗദ്ധ, മുസ്ലീം രാഷ്ട്രങ്ങളുടെ പ്രതിനിധികൾപോലും വത്തിക്കാനിലുണ്ടെന്നു കേൾക്കുമ്പോൾ ആരാണതിശയിക്കാതിരിക്കുക. ബ്രിട്ടന്റെ രാജ്ഞി നടത്തിയ വത്തിക്കാൻ സന്ദർശനവും, മാർപ്പാപ്പയുടെ "മാതാവും ഗുരുവും" എന്ന വിശ്വലേഖനത്തെ ആദരിച്ചു ക്രൂഷ്ചേവ് സംസാരിച്ചതുമെല്ലാം പരിശുദ്ധ സിംഹാസനത്തിന്റെ (Holy See) മഹിമാവിനെ ഉച്ചൈസ്തരം ഉൽഘോഷിക്കുവാൻ പര്യാപ്തങ്ങളാകാതെ പോകയോ? ഒററവാക്കിൽ, സാർവ്വദേശീയവും അന്തർദ്ദേശീയവുമായ കാര്യങ്ങളിൽ വത്തിക്കാനുള്ള സ്ഥാനം അദ്വിതീയമാണ്. നൃപസദസ്സിൽ പ്രഥമസ്ഥാനം മാർപ്പാപ്പയ്ക്കാണ്. അതുപോലെ എല്ലാ കത്തോലിക്കാ രാജ്യങ്ങളിലും നയതന്ത്രപ്രതിനിധികളുടെ ഡീൻ സദാപി വത്തിക്കാൻ പ്രതിനിധിയായിരിക്കും ഐക്യരാഷ്ട്രസംഘടനപോലും

---

സാർവലൗകികങ്ങളും മഹത്തരങ്ങളുമായ യാതൊരു തത്വത്തെയും ഈ മതവിഭാഗങ്ങൾ ഒന്നുംതന്നെ ഉൾക്കൊള്ളുന്നില്ലെന്നു തെളിയിക്കാൻ പ്രയാസമില്ല.

ഈ കാരണംകൊണ്ടുതന്നെ മേൽ പറയപ്പെട്ട മതവിഭാഗങ്ങൾ ക്രിസ്തീയമല്ലെന്നു ബോധ്യമാകും. പ്രോട്ടസ്റ്റന്റുമതം പൊതുവായ ഒരു പേരു സ്വീകരിക്കാൻ ശ്രമിക്കാതിരുന്നില്ല. എന്നാൽ അതിൽ അവർ വിജയിച്ചില്ല. ക്രിസ്തുമതത്തിന്റെ ഉത്ഭവം, ജീവൻ, പരമ തത്വങ്ങൾ എന്നിവയെല്ലാം കടകവിരുദ്ധവും തനിനിറം പ്രത്യക്ഷമാക്കുന്നതുമായ ഒരു പേരാണ് അവർ ഒടുവിൽ സ്വീകരിച്ചതു്: പ്രോട്ടസ്റ്റന്റുമതം.

ഈ പേരിൽ എല്ലാ അബദ്ധങ്ങളും എല്ലാ മതവിഭാഗങ്ങളും ഉൾപ്പെടുന്നു. ലൂതറന്മാരോട് ചേർന്നുനിന്നുകൊണ്ട് മനുഷ്യസ്വാതന്ത്ര്യത്തെ അനുവദിക്കാതിരിക്കാം. അർമീനിയൻസിനോടുകൂടി പെലാഗസിന്റെ അബദ്ധപഠനങ്ങളെ നിങ്ങൾക്കു നവീകരിക്കാം. സൊസീനിയരോടുകൂടിനിന്നുകൊണ്ട് യേശുക്രിസ്തുവിന്റെ ദൈവികത്വത്തെ നിങ്ങൾക്കു നിരസിക്കാം. ഏതേതു പഠനങ്ങളെ സ്വീകരിച്ചാലും എല്ലാവരും പ്രോട്ടസ്റ്റന്റുമതവിഭാഗത്തിൽ ഉൾപ്പെട്ടവർതന്നെ. എന്തുകൊണ്ടെന്നാൽ അവർ സഭയുടെ അധികാരത്തെ എതിർക്കുന്നവരാണ്.

സമ്മതിക്കുന്നൊരു വസ്തുതയാണിത്. അകത്തോലിക്കാ രാഷ്ട്രങ്ങളിൽ വത്തിക്കാൻ പ്രതിനിധികൾ ഇതര രാജ്യപ്രതിനിധികൾക്കൊപ്പം നയതന്ത്രാലയങ്ങൾക്കുള്ള സർവ്വവിധ ആനുകൂല്യങ്ങളോടുംകൂടി ബഹുമാനിക്കപ്പെടുന്നു. വത്തിക്കാന്റെ സന്ദേശവുമായി കത്തോലിക്കാ രാജ്യങ്ങളിൽ നയതന്ത്രജോലിയിലേർപ്പെട്ടിരിക്കുന്ന ദൂതന്മാരെ നൺഷ്യോയെന്നും അകത്തോലിക്കാ രാഷ്ട്രങ്ങളിലുള്ളവരെ ഇൻറർ നൺഷ്യോയെന്നും പേർ വിളിയ്ക്കുന്നു. നൺഷ്യോ (Nuntius) എന്ന ലത്തീൻ പദത്തിന്റെ അർത്ഥം സന്ദേശവാഹകനെന്നത്രെ.

വത്തിക്കാന്റെ അധികാരവ്യാപ്തി വളരെ വലുതാണ്. അവതീർണ്ണനായ ദൈവപുത്രനിൽനിന്നും ലഭിച്ചിട്ടുള്ള സർവ്വ അധികാരവും വത്തിക്കാനുണ്ട്. "സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും എനിയ്ക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ ലോകത്തിൽ എല്ലാ ഭാഗത്തുംപോയി എല്ലാ ജാതികളോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ." "വത്തിക്കാൻ" എന്നപദശ്രവണമാത്രയിൽ സ്വാഭാവികമായി ഒരാൾ സ്മരിച്ചുപോകുന്നത് കത്തോലിക്കാസഭ—പാപ്പാധിപത്യം—പരിശുദ്ധ സിംഹാസനം തുടങ്ങിയ സംജ്ഞകളാണ്. പരിശുദ്ധസിംഹാസനം (Holy See). വത്തിക്കാൻ എന്നീ പദങ്ങൾക്കു വേണ്ടത്ര വിവേചനം നൽകാത്തതുകൊണ്ടാണ്, പത്രപ്രവർത്തകരുടെയും എഴുത്തുകാരുടെയും വത്തിക്കാനെ സംബന്ധിച്ചുള്ള പ്രസ്താവനകളിൽ പ്രമാദങ്ങൾകടന്നുകൂടുന്നത്.

Sancta Sedes എന്ന ലത്തീൻ പദത്തിന്റെ മലയാളവിവർത്തനമാണ് പരിശുദ്ധ സിംഹാസനം. കത്തോലിക്കാസഭയുടെ മുഖ്യാചാര്യനായ മാർപ്പാപ്പായുടെ വാസസ്ഥാനത്തെയാണ് (Residence) ഈ പദംകൊണ്ട് വിവക്ഷിക്കുന്നത്. അപ്പസ്തോലിക്ക് സിംഹാസനം, റോമൻക്യൂറിയ (Roman Curia) തുടങ്ങിയവ പരിശുദ്ധസിംഹാസനത്തിന്റെ പര്യായങ്ങളുമത്രെ. നേരെ മറിച്ച്, നിരവധി ചെറുകുന്നുകളുടെ നാടാണ് വത്തിക്കാൻ. ടൈബർ നദിയുടെ വലത്തേക്കരയിൽ പുരാതന റോമാപ്പട്ടണവും എതിർവശത്ത് ദൈവത്തിന്റെ ഈ വിശുദ്ധ നഗരവും സ്ഥിതിചെയ്യുന്നു.

അധികാരവും അധികാരവികേന്ദ്രീകരണവും യാതൊരു ഉരസ്സലുമില്ലാതെ മുന്നേറുകയാണ് വത്തിക്കാനിൽ. തെരഞ്ഞെടുക്കപ്പെടുന്ന ലോകത്തിലെ ഏക രാജാവാണ് മാർപ്പാപ്പാ തിരുമേനിയെങ്കിലും അദ്ദേഹത്തിന്റെ അധികാരം ജനങ്ങളിൽനിന്നോ അതുമല്ലെങ്കിൽ കർദ്ദിനാളന്മാരിൽനിന്നുമോ അല്ലാ; ഈശ്വരദത്തമാണത്. രണ്ടായിരം വർഷങ്ങൾക്കു മുൻപ് ക്രിസ്തുനാഥൻ ഒന്നാമത്തെ മാർപ്പാപ്പയായ പീററിനെ നോക്കി തിരുവായ്മൊഴിഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. "പീററർ നീ പാറയാകുന്നു; ഈ പാറമേൽ ഞാൻ എന്റെ പള്ളിനിർമ്മിക്കും; അതിനെതിരായി നരകകവാടങ്ങൾ പ്രബലമാകുകയില്ല; വിശിഷ്യാ—സ്വർഗ്ഗസാമ്രാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിന്നെ ഏല്പിക്കും. നീ ഭൂമിയിൽ ബന്ധിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും ബന്ധിക്കപ്പെടും. നീ ഭൂമിയിൽ അഴിയ്ക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിയ്ക്കപ്പെടും."

കലയുടെയും കരകൗശലത്തിന്റെയും ഉറവിടമാണ് വത്തിക്കാൻ. അനേകം നൂററാണ്ടുകളിലെ അപൂർവ്വവസ്തുശേഖരശാലയാണ് വത്തിക്കാൻ മ്യൂസിയം. ഭുവനപ്രസിദ്ധമാണതിനും. പഴമയും പുതുമയും തോളുരുമ്മി നിൽക്കുന്ന കലാമന്ദിരം. വിവിധ കാലഘട്ടങ്ങളിലായി ലോകത്തിലെ ഭരണസാരഥികൾ മാർപ്പാപ്പാ തിരുമേനിയ്ക്കു സമ്മാനിച്ചതും ഇന്നും തുടർന്നു സമ്മാനിക്കുന്നതുമായ നിരവധി അസുലഭസാധനങ്ങൾ വത്തിക്കാൻ കാഴ്ചബംഗ്ലാവിന്റെ മാററു കൂട്ടിക്കൊണ്ടുതന്നെയിരിക്കുന്നു.

വാററിക്കാ (Vatica) എന്നതായിരുന്നു വത്തിക്കാന്റെ ആദ്യത്തെ പേർ. ഈ പദത്തിന്റെ വിശേഷണമായ Vaticanum-ൽ നിന്നായിരിക്കണം വത്തിക്കാൻ ശബ്ദത്തിന്റെ ഉത്ഭവം. ടൈബർ നദിയുടെ ഇടതുകരയിൽ പാർത്തിരുന്ന റോമാക്കാർ ആധുനിക വത്തിക്കാൻ സിററി സ്റ്റേററിനെ നദിയുടെ അക്കര (The other side of the Tiber) എന്നർത്ഥം വരുന്ന "Trastevere" എന്ന പദംകൊണ്ട് വിശേഷിപ്പിച്ചുപോന്നു. റോമൻ സാമ്രാജ്യത്തിന്റെ പ്രതാപവേളയിൽ കുറെ തോട്ടങ്ങളും, ഫലവൃക്ഷങ്ങളും ഏതാനും വേനല്ക്കാലവസതികളും മാത്രമായിരുന്നു വത്തിക്കാനിലുണ്ടായിരുന്നത്. ചക്രവർത്തി പണി

തീർത്ത മുസ്സോളിയവും (Mausolium) നീറോയുടെ കളരിയും, circus എന്നറിയപ്പെടുന്ന കുതിരപ്പന്തായമൈതാനവും മാത്രമായിരുന്നു ഈ പ്രദേശത്തെ പൊതുസ്ഥാപനങ്ങൾ. മററേതൊരു ചക്രവത്തിയേക്കാളും ടൈബർനദിയുടെ വലതുഭാഗത്തിലെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധാലുവായിരുന്നു നീറോ. റോമാപ്പട്ടണവുമായി ഈ സ്ഥലത്തെ ബന്ധിപ്പിക്കുവാൻ ഒരു നല്ല പാലം, അനേകം പ്രതിമകൾ, കൃത്രിമതടാകങ്ങൾ, ധാരായന്ത്രങ്ങൾ തുടങ്ങിയവ നിർമ്മിച്ചതും നീറോതന്നെയായിരുന്നു. കളരിയുടെ മദ്ധ്യത്തിൽ നാട്ടിയിരുന്ന ഒരു ചതുരതൂൺ (obelisk) സിക്ടസ് പഞ്ചമൻ മാർപ്പാപ്പായുടെ ആഗ്രഹാനുസരണം 1886-ൽ വി. പത്രോസിൻെറ ദേവാലയാങ്കണത്തിലേയ്ക്കു മാററി സ്ഥാപിക്കപ്പെട്ടു. അപ്പസ്തോല പ്രമുഖവായ സെയിൻറ് പീററിനെ തലകീഴായി ക്രൂശിച്ചതിനുശേഷം അദ്ദേഹത്തിൻെറ അനുയായികൾ തങ്ങളുടെ പ്രിയപ്പെട്ട നേതാവിൻെറ ഭൗതികാവശിഷ്ടങ്ങൾ ഈ കളരിയുടെ അരികത്തെങ്ങാനും കുററിക്കാട്ടുകളുടെയിടയ്ക്കു് സംസ്ക്കരിച്ചിട്ടുണ്ടാവണം. ആ കബറിൻെറ മുകളിൽ അദ്ദേഹത്തിൻെറ നാമത്തിലുള്ള ഏററം വലിയ ദേവാലയം പരിലസിക്കുന്നുവെന്നത്രെ കത്തോലിക്കാസഭയുടെ പാരമ്പര്യം. കൊലക്കളത്തിലെ ആ ശിലാസ്തൂപം പണ്ടത്തേ മാതിരി ഇന്നും നിർവ്വികാരയായി, സഭയുടെ കെട്ടുറപ്പിൻെറ നിദർശനമായി മൃഗയാവിനോദങ്ങളുടെയും, രക്തസാക്ഷിത്വങ്ങളുടെയും മൂകസാക്ഷിയായി നിലകൊള്ളുന്നു. കല്പാന്തകാലംവരെയ്ക്കും, കഥയിതു കേൾപ്പിൻ മാലോകരെ യെന്നും നിശ്ശബ്ദമെങ്കിലും പ്രൗഢഗംഭീരമായ രീതിയിൽ ഉരുവിടുകയാണതു്. "സെയിൻറ് പീററിനെ പാറയോടുപമിച്ച ക്രിസ്തുവിൻെറ വാക്കുകളുടെ ഒരു പ്രതീകംമാത്രമാണു് ഞാൻ—നിങ്ങൾ കാണുന്ന ഈ ശിലാമണ്ഡപം."

A. D. 313-ൽ മഹാനായ കോൺസ്റ്റൻറയിൻ ചക്രവത്തി ക്രിസ്തുമതത്തിനംഗീകാരം നൽകി. അതിൻെറ പ്രവത്തനം നിർബാധം നടത്തിക്കൊള്ളുവാൻ അനുമതിയും കൊടുത്തു; മിലാനിലെ തീട്ടൂരം എന്നാണീ വിളംബരം അറിയപ്പെടുക. (The edict of Milan). ചരിത്രപ്രസിദ്ധമായ ഈ വിജ്ഞാപനത്തോടുകൂടി സഭ വളരുവാൻ തുടങ്ങി. റോമിലും പ്രാന്തപ്രദേശങ്ങളിലുമെന്നുവേണ്ട യൂറോപ്പിൻെറ എതു ഭാഗങ്ങളിലും ആരാധകരും ആരാധനാസ്ഥലങ്ങളും വദ്ധമാനമായി. ഭൂഗർഭാലയങ്ങളിൽനിന്നും പിടഞ്ഞെഴുന്നേററ: ഭൂമിയുടെ മുഖചിത്രംതന്നെയും മാററിവരയ്ക്കേണ്ടിവന്നു. റോമിലെ വലിയ വിശുദ്ധ ദേവാലയം ചെറിയ ദേവാലയങ്ങൾക്കു ജന്മം നൽകി. ആ പുണ്യസങ്കേതം അനേകായിരങ്ങളുടെ മതവികാരങ്ങൾക്കു ചൈതന്യം പകർന്നുകൊണ്ടു് ഇന്നും നിത്യസ്മരണാർഹയായിട്ടു വിരാജിക്കുന്നു. അതിനു ആറു് ഏക്കർ വിസ്താരം. 108 വർഷംകൊണ്ടാണു് ഇതിൻെറ പണി പൂർത്തിയാക്കിയതു് ഒരു ലക്ഷം ഭക്തജനങ്ങൾക്കു് ഒരേ സമയത്തു ആരാധന നടത്താൻ സാധിക്കും അതിൽ.

A. D. 756-ൽ പെപ്പിൻ എന്ന രാജാവു് ക്രിസ്തുവിൻെറ വികാരിക്കു്—റോമിലെ മാർപ്പാപ്പായ്ക്കു്—കുറെ സ്ഥലങ്ങൾ ദാനം ചെയ്തു. Donation of Peppin എന്നാണവ അറിയപ്പെടുക. അതോടുകൂടി മാർപ്പാപ്പാമാർ ഭൗതിക വികാരികളും കൂടിയായി. ഒരു വ്യക്തിയിൽ ഭരിച്ച രണ്ടു് അധികാരങ്ങൾ—ആദ്ധ്യാത്മികം, ലൗകികം—അനശ്വരം, നശ്വരം—"എല്ലാ അധികാരങ്ങളും എനിയ്ക്കു നൽകപ്പെട്ടിരിക്കുന്നു"—എന്ന ക്രിസ്തുനാഥൻെറ വാക്കുകളെ അന്വത്ഥമാക്കിക്കൊണ്ടു്. ഈ പുത്തൻ വ്യവസ്ഥിതി നിമിത്തം യാതൊരു വാട്ടമോ, കോട്ടമോ വത്തിക്കാനുണ്ടായില്ല. വേണമെങ്കിൽ ആദ്ധ്യാത്മിക നേതാവായ മാർപ്പാപ്പായുടെ വാസസ്ഥലം വത്തിക്കാനെന്നും ഭൗതികാധികാരിയായ മാർപ്പാപ്പായുടേതു റോമെന്നും സൗകര്യത്തിനു വേണ്ടി വേർതിരിച്ചുകൊള്ളുക. പുരാതന റോമാസാമ്രാജ്യത്തിൻെറ തലസ്ഥാനമായ പുകഴ്പെററ റോമാ മാർപ്പാപ്പാമാരുടെ വാസസ്ഥാനമായി. ബഹുദേവതാവാദക്കാർ നരബലി നടത്തിയിരുന്ന അതേ യാഗവേദികളിൽ ദൈവകുമാരൻ കാൽവരിയിൽ അർപ്പിച്ച ബലി ആവത്തിക്കപ്പെടുവാൻ തുടങ്ങി. ദാനംകിട്ടിയ സ്ഥലങ്ങൾ വളർച്ച പ്രാപിച്ചു് ഒരു രാജ്യമായിത്തീർന്നു. പേപ്പൽ സ്റ്റേററ്സ് എന്ന ഓമനപ്പേരും അവയ്ക്കുണ്ടായി. പേപ്പൽ പ്രദേശങ്ങളുടെ ഭരണം നിർവ്വഹിച്ച മാർപ്പാപ്പാമാർ രണ്ടു തരക്കാരായിരുന്നു—പരമഭക്തന്മാരും, വൈദികാന്തസ്സിനു കളങ്കം ചാർത്തുന്ന സ്വഭാവത്തോടുകൂടിയവരും എന്നീ രണ്ടു വിഭാഗങ്ങൾ. വത്തിക്കാനിലെ വന്ദ്യവയോവൃദ്ധന്മാരുടെ നേതൃത്വത്തിൽ അഖില ലോകത്തിനുമുണ്ടായിട്ടുള്ള നവോത്ഥാനം അനുപമമത്രെ. കലാപ്രേമികളും, കലാകാര

ന്മാരുമായിരുന്ന വത്തിക്കാൻ രാഷ്ട്രപതികളുടെ വില തീരാത്ത സംഭാവനകളാണ് മിക്ക മനോഹരസൗധങ്ങളും മണിമേടകളുമെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. റോമിനുള്ള ആധുനിക മനോഹരത്വവും പ്രൗഢ്യവും (Charm and Beauty) എല്ലാം കാരണക്കാർ മാർപ്പാപ്പാമാർതന്നെയാണെങ്കിലും എല്ലാ മാർപ്പാപ്പാമാരുടെയും ജീവിതം കളങ്കരഹിതമായിരുന്നുവെന്നതു വസ്തുതകളെ വളച്ചൊടിക്കുന്നതിനു തുല്യമായിരിക്കും. ഒരു പ്രകാരത്തിൽ അവരുടെ ഭൗതികാധികാരം സഭയ്ക്കു ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്തിട്ടുള്ളതു്. ഈ വസ്തുത ആധുനികയുഗത്തിലെ— 1870 മുതൽ രാജ്യാധികാരം നഷ്ടപ്പെട്ട മാർപ്പാപ്പാമാരുടെ ചെയ്തികൾ പരിശോധിക്കുമ്പോൾ അനുഭവവേദ്യമാകാതിരിക്കയില്ല. പക്ഷെ, ഒരു കാര്യം വിസ്മരിച്ചുകൂടാ. പ്രാരംഭകാലങ്ങളിൽ മാർപ്പാപ്പായുടെ ഭൗതികാധികാരം സഭയുടെ ആശയപ്രചരണത്തിനും വത്തിക്കാന്റെ അന്തസ്സിനും അത്യന്താപേക്ഷിതമായിരുന്നു. ആളും അർത്ഥവുമില്ലാതെ മിഷ്യൻ പ്രവർത്തനം സാദ്ധ്യമല്ലെന്നതു പ്രകൃതത്തിൽ സ്മരണീയമാണ്.

1517-ലെ പ്രോട്ടസ്റ്റന്റ് നവീകരണവും 1789-ലെ ഫ്രഞ്ചുവിപ്ലവവും മാർപ്പാപ്പാമാരുടെ ഭൗതികാധികാരത്തിനു വിരാമമിടുവാൻ വളരെയേറെ സഹായിച്ചു. 1880 ആയപ്പോഴേയ്ക്കും അന്തരീക്ഷമാകെ മാറികഴിഞ്ഞിരുന്നു. ഈ വർഷത്തിലാണ് വിക്ടർ ഇമ്മാനുവൽ രാജാവിന്റെ സൈന്യം പേപ്പൽ സ്റ്റേററ്സ് പിടിച്ചടക്കി ഒരു ഏകീകൃത ഇററലിയ്ക്കു രൂപം നൽകുകയുണ്ടായതു്. അന്നു മുതൽ വത്തിക്കാനിൽ സ്വമേധയാ തടവുകാരായി വാണിരുന്ന മാർപ്പാപ്പാമാർ സ്വതന്ത്രരാകുവാനും വർഷങ്ങൾ ഏതാണ്ട് അറുപതു വേണ്ടിവന്നു. ഈ മഹനീയ കർമ്മത്തിൽ രണ്ടു മഹാരഥന്മാരുടെ നാമങ്ങൾ പ്രത്യേകം സ്മരണീയമത്രെ. കാർഡിനൽ ഗസ്പാരി വത്തിക്കാൻ സ്റ്റേററ്സ് സെക്രട്ടറി ഒന്ന്, മറേറതു് ബനീറോ മുസ്സോലിനി, അന്നത്തെ ഇററാലിയൻ പ്രധാനമന്ത്രിയും ഫാസിസ്റ്റ് നേതാവും. ലോകത്തിന്റെ മുഴുവൻ പ്രധാനാചാര്യൻ, അതുല്യനായ ആദ്ധ്യാത്മിക നേതാവ് ഭൗതികാധികാരികളുടെ പ്രജയായിരിക്കുന്നതു അനൗചിത്യമെന്നതായിരുന്നു ലാററൻ വ്യവസ്ഥയിലെ കാതലായ ഭാഗം.

മാർപ്പാപ്പാ തിരുമേനിയ്ക്കു് ആവശ്യമുള്ളിടത്തോളവും അതിൽ കൂടുതലും പ്രദേശങ്ങൾ നൽകുവാൻ ഇററലി സന്നദ്ധയായിരുന്നു. പക്ഷെ, വലിയൊരു ഭൂവിഭാഗം വിട്ടുകിട്ടണമെന്നതായിരുന്നില്ല പിയൂസ് 11-ാമൻ തിരുമേനിയുടെ ആഗ്രഹം. തിരുമനസ്സിലെ സ്വാതന്ത്ര്യം ഹനിക്കാതെ സർവ്വതന്ത്രസ്വതന്ത്രനായി അധിവസിക്കുന്നതിനുള്ള സ്ഥലസൗകര്യം മാത്രമേ ആ സ്നേഹനിധി ആശിച്ചുള്ളൂ. അങ്ങനെ വത്തിക്കാനും, വേനൽക്കാലവസതിയായ കസ്റ്റൽ ഗണ്ടോൾഫോയും, വേറെ ഒന്നു രണ്ടു പ്രദേശങ്ങളും കൊണ്ടു് തിരുമേനി തൃപ്തിപ്പെട്ടു.

മററു രാഷ്ട്രങ്ങളെക്കുറിച്ചു നാം വ്യവഹരിക്കുന്ന രീതിയിൽ പരിശുദ്ധ സിംഹാസനത്തെപ്പററി പറയാൻ പാടില്ലെങ്കിലും അന്തർരാഷ്ട്രീയമണ്ഡലത്തിൽ വിശുദ്ധ റോമാ സിംഹാസനത്തിനുള്ള സ്ഥാനം ഒരു വ്യക്തിയുടേതിനു സമമാണ്. Holy See is a person in international law. വത്തിക്കാന്റെ ഭൂതകാലചരിത്രം പരിശോധിക്കയാണെങ്കിൽ നമുക്കു കാണുവാൻകഴിയും രാഷ്ട്രങ്ങളെല്ലാം പരിശുദ്ധസിംഹാസനത്തെ ഒരുവ്യക്തിയോടൊപ്പമാണ് കരുതിപ്പോരുന്നതെന്ന്. നയതന്ത്രപ്രതിനിധികളുടെ കൈമാററം, സാർവ്വദേശീയ സമ്മേളനങ്ങളിലുള്ള ഭാഗഭാഗിത്വം, സന്ധിവ്യവസ്ഥകളിലുള്ള ഒപ്പുവെയ്ക്കൽ തുടങ്ങിയ എല്ലാ പൊതുചടങ്ങുകളിലും ഏതാണ്ടൊരു സ്വകാര്യ ഭരണാധിപനെന്ന നിലയിലാണ് വത്തിക്കാൻ അനുവർത്തിക്കുന്നതും ഇതര ഭരണകൂടങ്ങൾ കരുതിപ്പോരുന്നതും. കഴിഞ്ഞ കാലങ്ങളിലെ നടപടിക്രമങ്ങളിൽനിന്നും അന്തർദ്ദേശീയമായി വത്തിക്കാൻ മുൻപോട്ടു് പോയിട്ടുള്ളതല്ലാതെ ഒട്ടുംതന്നെ പുറകോട്ടു മാറിയിട്ടില്ല. ഐക്യരാഷ്ട്രസംഘടനയിൽ ഭക്ഷ്യം, കൃഷി, വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം തുടങ്ങിയ തുറകളിലെ വത്തിക്കാന്റെ ഔദ്യോഗിക നിരീക്ഷകന്മാർ മതി ഈ വസ്തുതയൊന്നു തെളിയിക്കാൻ. അഭയാർത്ഥികളെ പുനരധിവാസം ചെയ്യിക്കുന്നതു പ്രമാണിച്ചുള്ള യു. എൻ. കാര്യനിർവ്വാഹകസമിതിയിലെ അതിപ്രധാനമായ ഒരംഗവും വത്തിക്കാൻ പ്രതിനിധിയെന്ന വസ്തുത ചാരിതാർത്ഥ്യജനകമത്രെ.

പരിശുദ്ധ സിംഹാസനത്തിന്റെ നാനാമുഖപരിപാടികൾ നിർവ്വിഘ്നം തുടർന്നു നടത്തുന്നതിനുംകൂടിയാണ് വത്തിക്കാൻ സിററിസ്റ്റേററിന്റെ രൂപീകരണം. സഭയുടെ വിശ്വവ്യാപകമായ ദൗത്യനിർവ്വഹണത്തിന് ഇപ്രകാരമൊരു പരമാധികാരരാഷ്ട്രം

കൂടിയേ തീരുവെന്നതു് അഭിലഷണീയം മാത്രമല്ല, ഒരാവശ്യവും കൂടിയാണു്. വത്തിക്കാൻ സിററിയുടെ ഭരണഭാരം നിക്ഷിപ്തമായിരിക്കുന്നതു് പരിശുദ്ധ സിംഹാസനത്തിൻെറ ചുമലിലത്രെ. അചേതനമെന്നു തോന്നാവുന്ന ഈ സ്ഥാപനത്തിൻെറ ഭരണാധികാരികളാണു് മാർപ്പാപ്പാ തിരുമേനിയും അദ്ദേഹത്തിൻെറ മന്ത്രിമാർക്കു സമന്മാരായ കർദ്ദിനാളന്മാരും. ഈ കർദ്ദിനാളന്മാരിൽ ഒരാൾ വത്തിക്കാൻ സ്റ്റേററു് സെക്രട്ടറിയായിരിക്കും. ഈ രാജ്യത്തിൻെറ എല്ലാ പ്രവർത്തനങ്ങളും പരിശുദ്ധ പിതാവിൻെറ മേൽനോട്ടത്തിൽ സ്റ്റേററു് സെക്രട്ടറിയാണു് നിർവ്വഹിക്കുക. ഒരു വ്യക്തിതന്നെയായിരിക്കും വത്തിക്കാൻ സ്റ്റേററിൻെറയും പരിശുദ്ധ സിംഹാസനത്തിൻെറയും സെക്രട്ടറി. ഇദ്ദേഹത്തിനു മാർപ്പാപ്പായുടെ പ്രധാനമന്ത്രിയുടെയും വിദേശകാര്യമന്ത്രിയുടെയും പദവിയാണുള്ളതു്.

ഒരു ഭൗതിക രാഷ്ട്രത്തിൻെറ എല്ലാവിധ വിശേഷണങ്ങളോടും കൂടിയതാണു് വത്തിക്കാൻ സിററി സംസ്ഥാനം. തെരഞ്ഞെടുക്കപ്പെടുന്ന ഒരു കർദ്ദിനാളാണു് വത്തിക്കാൻ ഭരണസാരഥി. ഒരു പ്രകാരത്തിൽ ജനാധിപത്യവും വൈദികമേധാവിത്വവും ഏകയോഗമായി സമ്മേളിക്കുന്നതു പാപ്പായുടെ തെരഞ്ഞെടുപ്പിലും അതിനെത്തുടർന്നുള്ള പ്രവർത്തനത്തിലുമത്രെ. വത്തിക്കാനിലെ ജനസംഖ്യ 1000–ൽപരം മാത്രമാണു്. വത്തിക്കാനു സ്വന്തമായ പട്ടാളം, പോലീസു്, കോടതി, നാണയങ്ങൾ, സ്റ്റാമ്പുകൾ, കമ്പിത്തപാൽ, റെയിൽവേ, റേഡിയോസ്റ്റേഷൻ എന്നിവയെല്ലാം ഉണ്ടു്.

ഇതര രാജ്യങ്ങളെ കവച്ചുവെയ്ക്കുന്ന അല്ലാ, മററു രാജ്യങ്ങൾക്കില്ലാത്ത പ്രത്യേകതകൾ വത്തിക്കാൻേറതായിട്ടുണ്ടു്. പുരാതന വസ്തുശേഖരകാര്യത്തിൽ വത്തിക്കാൻ മ്യൂസിയം ലോകത്തിൽ ഒന്നാമത്തേതാണു്. ഏതാണ്ടീ നിലതന്നെയാണു് വത്തിക്കാൻ ഗ്രന്ഥശാലയുടേതും. മാർപ്പാപ്പായുടെ ശാസ്ത്രീയ അക്കാഡമി വിശ്വവിശ്രുതമെന്നുവേണം പറയുവാൻ. അതിലെ അംഗങ്ങൾ ജാതിമത പരിഗണനകൾക്കതീതരാണു്. ഭാരതത്തിൻെറ സി. വി. രാമനും ഏതാണ്ടു ഇരുപതോളം പ്രോട്ടസ്റ്റൻറുകാരും ആ വിദ്വൽസദസ്സിൻെറ പ്രേക്ഷകരായുണ്ടു്.

1921, ഏപ്രിൽ 20-ാംതിയതിയിലെ Barcelona declaration അനുസരിച്ചു് വത്തിക്കാനു വേണമെങ്കിൽ അതിൻേറതായ നാവികപ്പട രൂപീകരിക്കാം. കടൽത്തീരമില്ലാത്ത ആസ്ത്രീയാ, സ്വിററു്സർലണ്ടു് തുടങ്ങിയ രാജ്യങ്ങൾ മാതിരി ലാററൻ ഉടമ്പടി മാർപ്പാപ്പയുടെ വിമാനങ്ങൾ ഇററാലിയൻ പ്രദേശങ്ങളിൽകൂടി പറക്കുന്നതിനെ നിരോധിച്ചിട്ടില്ല. അനതിവിദൂരഭാവിയിൽ സഭയുടെ രാജകുമാരന്മാർക്കു വത്തിക്കാനിൽ നേരിട്ടിറങ്ങത്തക്ക രീതിയിലുള്ള വിമാനവും വിമാനത്താവളവുമുണ്ടാകുമെന്നു ന്യായമായിത്തന്നെ പ്രതീക്ഷിക്കാം.

വത്തിക്കാൻ സംസ്ഥാനത്തിൻെറ മുഖ്യഭരണാധികാരി മാർപ്പാപ്പയാണു്. ലോകത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഏക രാജാവും അദ്ദേഹംതന്നെ. കർദ്ദിനാളന്മാരുടെ ഗണം അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നു. മറെറങ്ങും കണ്ടിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതുമായ ചിട്ടയോടും അച്ചടക്കത്തോടുംകൂടി തെരഞ്ഞെടുപ്പുവിവരങ്ങൾ പരമരഹസ്യമായി സൂക്ഷിക്കപ്പെടുന്നു. അതിൻെറ ലംഘനം മതി ഒരു കർദ്ദിനാൾ മഹറോൻ ശിക്ഷയ്ക്കു വിധേയനാകുവാൻ. ഈ തെരഞ്ഞെടുപ്പുമുഖേന രണ്ടു പദവികളാണു് മാർപ്പാപ്പായ്ക്കു ലഭ്യമാകുന്നതു്. റോമൻ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ, വത്തിക്കാൻ സംസ്ഥാനത്തിൻെറ അധിപൻ. അതിൻെറ ആസ്ഥാനം വത്തിക്കാനാണു്. വത്തിക്കാൻെറ നിയമങ്ങൾ രൂപീകരിക്കുന്നതും അവയൊക്കെ നിർവ്വഹണത്തിനു നൽകുന്നതും മാർപ്പാപ്പാ തിരുമേനിതന്നെയാണു്. അഥവാ ആരെങ്കിലും മാർപ്പാപ്പായുടെ അധികാരങ്ങൾ പ്രയോഗിക്കുന്നുണ്ടെങ്കിൽ അവയൊക്കെ തിരുമേനിയുടെ അറിവും സമ്മതവും മൂലം മാത്രമേ ആകാവൂ.

1939-ൽപിയൂസു് 12-ാമൻ തിരുമേനി രൂപം നൽകിയ പൊന്തിഫിക്കൻ കമ്മിഷനാണു് ഇപ്പോൾ വത്തിക്കാൻ ഭരിക്കുന്നതു്. മൂന്നു കർദ്ദിനാളന്മാരും ഒരു സെക്രട്ടറിയും; ഗവർണ്ണറും വേറൊരു ജനറൽ ഉപദേഷ്ടാവും കൂടിയാണു് ഈ കമ്മിഷൻ. കാര്യനിർവ്വാഹകകൃത്യം നിക്ഷിപ്തമായിരിക്കുന്നതു് വത്തിക്കാൻ ഗവർണ്ണറിലത്രെ. 1952-നുശേഷം ആ സ്ഥാനത്തേയ്ക്കു ഇതേവരെ ആരെയും നിയമിച്ചിട്ടില്ല. Marchese Camillo Serafini-യായിരുന്നു വത്തിക്കാൻെറ ആദ്യത്തേതും അവസാനത്തേതുമായ ഗവർണ്ണർ.

The Swiss Guard, the Papal Gendarmes, the Palatine Guard, the Noble Guard

പുതിയ പുസ്തകം

# ഭാരത മഹാലക്ഷ്മി

## (ഖണ്ഡകാവ്യം)

സിസ്റ്റർ മേരി ബനീഞ്ഞാ സി. ഡി. (മേരി ജോൺ തോട്ടം) സെൻറ് തോമസ് പ്രസ്സ്, പാലാ, 1963; വശങ്ങൾ 92, വില ക. 1.25.

ഭാരതചരിത്രത്തിൽനിന്ന് ഇതിവൃത്തം സ്വീകരിച്ചുകൊണ്ട് സുപ്രസിദ്ധ കവിയിത്രിയായ സിസ്റ്റർ മേരി ബനീഞ്ഞാ രചിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യമാണീ പുസ്തകം. ഭാരത സ്വാതന്ത്ര്യാവേശം ആദ്യമായി അണ പൊട്ടിപ്പുറപ്പെട്ടത് നമ്മുടെ മാതൃഭൂമിയുടെ അഭിമാന സ്തംഭമായ ജാൻസിയിലെ ലക്ഷ്മിറാണിയിൽനിന്നാണെന്ന പറയാം. ആ മഹാറാണിയുടെ ജീവിതത്തെയും വീരകൃത്യങ്ങളെയും ആസ്പദമാക്കി രചിച്ചിട്ടുള്ള ഈ കാവ്യം ആ മഹാറാണിയെപ്പോലെ വീരസ്വർഗ്ഗം പ്രാപിക്കുന്നതുവരെ നമ്മുടെ സ്വാതന്ത്ര്യസംരക്ഷണാർത്ഥം സമരം ചെയ്യുന്നതിന് പ്രചോദനം നല്കാതിരിക്കയില്ല.

അനുഗൃഹീതയായ കവിയിത്രിയുടെ തൂലികയ്ക്കു ഇത്തവണ ഖഡ്ഗത്തിൻെറ മൂർച്ചകൂടി ലഭിച്ചിരിക്കുന്നതിനാൽ ഏഴു വൃത്തങ്ങളിലായി എഴുതിയിരിക്കുന്ന കാവ്യത്തിൽ കാവ്യരസംമാത്രമല്ല, വീരരസവും വഴിഞ്ഞൊഴുകുന്ന—സമരാവേശംകൊള്ളിക്കുന്ന—പദ്യങ്ങൾ പലേടത്തും കാണാവുന്നതാണ്.

ഉദാ:

"മരിക്കിൽ വീരമൃത്യുവാണു, ശത്രുവിൻെറമുമ്പിൽഞാ—
നൊരിക്കലും നമിക്കയില്ല ശീർഷ''മെന്നുറച്ചവർ.

.........................................................................

പിടിച്ച വാളുയർത്തിവീശിയാഭടൻെറ നേർക്കു പാ—
ഞ്ഞടുത്തു ധീരതാഴെയിട്ടവൻെറ ശീർഷമക്ഷണം.

കാവ്യപ്രേമികളല്ലാത്തവരെയും പിടിച്ചിരുത്തി വായിക്കുവാൻ നിർബന്ധിക്കുന്ന ഇത്തരം കാവ്യങ്ങൾ സിസ്റ്റർ ബനീഞ്ഞായുടെ തൂലികയിൽനിന്നു ഇനിയും ധാരാളം പ്രവഹിക്കട്ടെ. (E.)

---

എന്നീ സൈനിക സംഘടനകൾ വത്തിക്കാൻെറ ക്രമപരിപാലനത്തിൽ ദത്തശ്രദ്ധരായി വർത്തിക്കുന്നു. മാർപ്പാപ്പാ തിരുമേനിയേയും വത്തിക്കാൻ അരമനയേയും കാത്തു സൂക്ഷിക്കുന്നതിലാണ് സ്വിസ്സ് ഗാർഡിൻെറ ശ്രദ്ധ മുഴുവനും. വത്തിക്കാൻ സിററിയിലെ പോലീസുകാരാണ് ജെൻഡാംസ് എന്ന വിഭാഗക്കാർ. പ്രധാന അതിഥികളെ സ്വീകരിക്കുമ്പോഴും ഇതര ആഘോഷവേളകളിലും ആചാരോപചാരങ്ങൾ (Guard of honour) മുതലായവ നൽകുന്നതിൽ വ്യാപൃതരായി കഴിയുന്നു പാലററയിൻ, നോബിൾ എന്നീ ഗാർഡുകൾ.

സീസ്സറന്മാരുടെ റോം മണ്ണടിഞ്ഞു—നാമാവശേഷമായി—നിലംപരിശായി. പുരാതന റോമിൻെറ മണ്ണിൽ മാതസികനായ ഒരു മനുഷ്യനെ മോമൻ ഭരണാധിപന്മാർ കുഴിച്ചുമൂടി. ഒന്നാമത്തെ മാർപ്പാപ്പാ സെയിൻറ് പീററായിരുന്നു ഈ മാതസികൻ. ബലഹീനതയുടെ പര്യായമായ ആ മനുഷ്യൻെറ ഭൗതികാവശിഷ്ടങ്ങളുടെമേൽ ലോകത്തിലേയ്ക്കുംവെച്ച് ഏററം വലിയ സൗധം ഉടലെടുക്കുവാൻ ജഗദീശ്വരൻ തിരുമനസ്സായി. അനശ്വരമായ വചസ്സുകളും അതിൻെറ മേൽ വർഷിച്ചു. "പീററർ, പീററർ നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും. നരകവാതിലുകൾ അതിനെ അതിജീവിക്കുകയില്ല. ഇതാ എല്ലാ അധികാരവും നിനക്കു ഞാൻ നൽകുന്നു. കെട്ടുവാനും അഴിക്കുവാനുമുള്ള പ്രഗത്ഭത. ഈശ്വരദത്തമായ ഈ അധികാരത്തിൻെറ സാക്ഷാത്ക്കാരമാണ് വത്തിക്കാൻ.

---

താഴെപ്പറയുന്ന മരിച്ച കർമ്മലീത്താ മൂന്നാം സഭാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാറാകണം.

1. പ്രുഡേൻസിയാ ലോപ്പെസ് † 4—3—1963, വലിയതുറ.
2. ചെറിയാൻ കുടക്കച്ചിറ † 11—3—1963, പാലാ.

# ഈ ലക്കത്തിൽ


| | | | വശം |
|---|---|---|---|
| 1. | പത്രാധിപക്കുറിപ്പ്: വൊക്കേഷൻ (ദൈവവിളി) സെമിനാർ | ... | 33 |
| 2. | നിഷ്പാദുക കർമ്മലസഭയും മിഷ്യൻ ചൈതന്യവും (ഫാ. ഫിലിപ്പ് ഒ. സി. ഡി.) | ... | 34 |
| 3. | കത്തോലിക്കാസഭയും പ്രോട്ടസ്റ്റന്റു മതവും (ജെ. സി. പാലക്കി എം. എ.) | ... | 40 |
| 4. | നവീകരണം- (പി. എക്സ് പുല്ലുവിള) ... | ... | 41 |
| 5. | മാതൃകാവിദ്യാർത്ഥി (ചെറുകഥ) (ജോസ് ചാക്കോ കോതവഴിക്കൽ) | ... | 46 |
| 6, | തിരുഹൃദയം സുവിശേഷങ്ങളിൽ (എ. എസ്സ്. തോമസ്സ് മാരാരിക്കുളം) | ... | 48 |
| 7. | തെററിദ്ധരിക്കുന്നു (ബ്ര. പീയൂസ്, സി. എസ്. ററി.) ... | ... | 51 |
| 8. | പാവം പത്രോസ് (കവിത) (സി. മേരി ബനീഞ്ഞാ, സി. ഡി.) | ... | 56 |
| 9. | വത്തിക്കാൻ കത്തോലിക്കാസഭയുടെ സിരാകേന്ദ്രം (ഈ. ലൂയിസ് റോച്ച്, പി. എച്ച്. എൽ., ബി. ഡി, | ... | 58 |
| 10. | പുതിയ പുസ്തകം- ... ... | ... | 63 |



Phone 2286


J. M. J. T.


Carmel Hill Monastery
Trivandrum-14


15-3-1963

## ഏകാന്തധ്യാനം

സ്ഥലത്തെ ഞങ്ങളുടെ ബൻസിഗർ ധ്യാനമന്ദിരത്തിൽ, എല്ലാവർഷവും വലിയ ആഴ്ചയിൽ പതിവായി നടത്താറുള്ള ഏകാന്തധ്യാനം, ഇക്കൊല്ലം താഴെപറയുന്ന ദിവസങ്ങളിൽ നടത്തുന്നതാണ്.

സ്ത്രീകൾക്ക്: ഏപ്രിൽ 6-ാംതിയതി ശനിയാഴ്ച വൈകുന്നേരം 6. 30 മുതൽ, 10-ാം തീയതി ബുധനാഴ്ച കാലത്തുവരെ.

പുരുഷന്മാർക്ക്: ഏപ്രിൽ 10-ാംതിയതി ബുധനാഴ്ച വൈകുന്നേരം 7. 30 മുതൽ, 14-ാംതീയതി ഞായറാഴ്ച കാലത്തുവരെ.

ധ്യാനപ്രസംഗകൻ: റവ. ഫാദർ മാത്യു മൂഴിയിൽ S. J.
"ക്രിസ്തുരാജൻ" പത്രാധിപർ, കോഴിക്കോട്ട്.

ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, നേരത്തെ വിവരം അറിയിക്കുകയും, പ്രത്യേകമുറി ആവശ്യമുള്ളവർ അതു് ബുക്കുചെയ്യുകയും വേണം. എല്ലാവരും ശയ്യോപകരണങ്ങൾ കൊണ്ടുവരണം.

ഭക്ഷണം മുതലായ ചെലവിന് Rs. 12/ മുറിവാടക Rs. 2/

നിങ്ങളുടെ സുഹൃത്തുക്കളെക്കൂടി വിവരം അറിയിച്ച്, ഏകാന്തധ്യാനത്തിൽ പങ്കെടുക്കുവാൻ ക്ഷണിക്കാവുന്നതാണ്.

എന്നു്

ഫാദർ പ്രയർ

**Statement about ownership and other Particulars about newspaper CARMEL to be published in the first issue every year after the last day of February**

**Form IV (See Rule 8)**

| | | | |
|---|---|---|---|
| 1. | Place of Publication | ... | Trivandrum. |
| 2. | Periodicity of its Publication | ... | Quarterly: January, April, July, October |
| 3. | Printer's Name | ... | Rev. Br. Fidelis, O. C. D. |
| | Nationality | ... | Indian |
| | Address | ... | St. Joseph's Press, Trivandrum-14 |
| 4. | Publisher's Name | ... | Rev. Br. Fidelis, O. C. D. |
| | Nationality | ... | Indian |
| | Address | ... | St. Joseph's Press, Trivandrum-14 |
| 5. | Editor's Name | ... | Rev. Fr. Eliseus, O. C. D. |
| | Nationality | ... | Indian |
| | Address | ... | Carmel Hill Monastery, Trivandrum-14 |
| 6. | Name and address of individuals Who own the newspaper and partners or shareholders holding more than one per cent of the total capital. | ... | "Carmel" is owned by a Religious and chariatable Society called The Discalced Carmelite Fathers of the Malabar Province with head quarters at Carmel Hill Monastery, Trivandrum-14 |

I, Br. Fidelis, O. C. D. hereby declare that the particulars given above are true to the best of my knowledge and belief.

Dated: 11-1-1963 *(Sd) Publisher*

---

# കാർമ്മൽ സന്യാസാർത്ഥി മന്ദിരം

## എറണാകുളം

കർമ്മലീത്താ നിഷ്പാദുക സഭയുടെ മലബാർ പ്രോവിൻസിൽ പ്രവേശിച്ച് പ്രാർത്ഥനാപരവും ത്യാഗസംപൂർണ്ണവും മരിയാനപ്രിതവുമായ ഒരാന്തരിക ജീവിതം നയിച്ചുകൊണ്ട് ആത്മാക്കളുടെ രക്ഷയ്ക്കായി ജോലി ചെയ്യാനാഗ്രഹിക്കുന്ന നിയോഗശുദ്ധരും. ഉദാരമതികളും, ഉത്സാഹശീലരും, ആരോഗ്യവാന്മാരുമായ സ്കൂൾഫൈനൽ, കോളേജുവിദ്യാർത്ഥികൾ താഴെ കാണുന്ന മേൽവിലാസത്തിൽ ഉടനെ അപേക്ഷിക്കുവിൻ.

VIII, IX സ്റ്റാൻഡേർഡുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

Rev. Fr. Director, Carmel Mandir,
St. Teresa's Carmelite Monastery,
Banerji Road Ernakulam-8

or

Very Rev. Fr. Provincial,
Carmel Hill Monastery,
Trivandrum-14.

Lic. No. 581 **CARMEL** Telephone No. 2286


## തിരുവുത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവക്കു് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-14.

---

മനോഹരങ്ങളായ ക്രിസ്തുമസ് കാർഡുകൾ, പടങ്ങൾ, കൊന്തകൾ, കലണ്ടറുകൾ, കാശുരൂപങ്ങൾ, ലോക്കററ്സ് മുതലായ ഭക്തസാധനങ്ങൾക്കും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള നല്ലനല്ല പുസ്തകങ്ങൾ (കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ)ക്കും ഞങ്ങളെ സമീപിക്കുക.

പുതിയ പുസ്തകം
നിഷ്പാദുക കർമ്മെലസഭയുടെ നിർമ്മാതാക്കൾ. വില ക. 1. 50
മറിയാനുകരണം-പുതിയ പതിപ്പു് വില 50 ന. പ.
വി. കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതം
രണ്ടാംപതിപ്പു്-വില 3½ കയും. 5 കയും.

വി. അമ്മത്രേസ്യായുടെ Interior Castle മലയാളത്തിൽ തയ്യാറായി വരുന്നു.
കച്ചവടക്കാക്കും മൊത്തമായി വാങ്ങുന്നവക്കും നല്ല കമ്മീഷൻ.

**കാർമ്മൽ ബുക്ക് സ്റ്റാൾ**
തിരുവനന്തപുരം—14.

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ. 50 ന. പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം :

വരിപ്പണം സംബന്ധിച്ചു്:- മാനേജർ, "കാർമ്മൽ", സെൻ്റു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-14
ലേഖനങ്ങൾ സംബന്ധിച്ചു്:—പത്രാധിപർ, "കാർമ്മൽ", കാർമ്മൽഹിൽ, തിരുവനന്തപുരം-14

---


*Imprimi potest:*
V. Rev. Fr. Thaddaeus, O. C. D.
Vice Provincial.

*Nihil obstat:*
Censors: Rev. Fr. Pius, O. C. D.
,, Rev. Fr. Vincent, O. C. D.

Edited by Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, for the Proprietors: Discalced Carmelite Fathers of the Province of Malabar.